# പതിനഞ്ചാം കേരള നിയമസഭ

# ആറാം സമ്മേളനം

2022 ആഗസ്റ്റ് 24, ബുധൻ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--378]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| ധനകാര്യ വകുപ്പ് മന്ത്രി | : 412 മുതൽ 574 വരെ |
| നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി | : 575 മുതൽ 651 വരെ |
| വൈദ്യുതി വകുപ്പ് മന്ത്രി | : 652 മുതൽ 718 വരെ |
| സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി | : 719 മുതൽ 789 വരെ |

## ജി.എസ്.ടി. നഷ്ടപരിഹാരം

412 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. പി.വി.അൻവർ**
**ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ജി.എസ്.ടി. നടപ്പാക്കുമ്പോൾ സംസ്ഥാനങ്ങൾക്ക് ഉണ്ടാകുന്ന വരുമാന നഷ്ടം പരിഹരിക്കാൻ കേന്ദ്ര സർക്കാർ നഷ്ടപരിഹാരം നൽകണമെന്ന വ്യവസ്ഥയുണ്ടായിരുന്നോ; നിലവിൽ നഷ്ടപരിഹാരം നൽകുന്നത് നിർത്തലാക്കിയിട്ടുണ്ടോ;

(ബി) ഇത് കേരളത്തിന്റെ സാമ്പത്തിക ഘടനയിൽ എത്രത്തോളം ആഘാതം സൃഷ്ടിക്കുമെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ;

(സി) സംസ്ഥാനത്തിന്റെ കടമെടുക്കാനുള്ള പരിധിയിൽ കേന്ദ്ര സർക്കാർ കൂടുതൽ വ്യവസ്ഥകളും നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഫെഡറൽ സംവിധാനത്തിൽ സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരത്തിലേക്കുള്ള കടന്നുകയറ്റമായി ഇതിനെ കാണാൻ കഴിയുമോ; ഇത് സംസ്ഥാന വികസനത്തെ ഏതെല്ലാം രീതിയിൽ ബാധിക്കുമെന്ന് വിശദമാക്കാമോ;

(ഡി) ഫെഡറൽ സംവിധാനത്തിൽ സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരത്തിലേക്കുള്ള കടന്നുകയറ്റമായി ഇതിനെ വിലയിരുത്തുന്നുണ്ടോ; വിശദമാക്കാമോ?

## ആഭ്യന്തര ഉല്പാദനത്തിലെ വളർച്ച

413 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ എത്ര ശതമാനം വളർച്ച ഉണ്ടായിട്ടുണ്ടെന്ന് സാമ്പത്തികവർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) 2016-17 മുതൽ നാളിതുവരെ സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യതയിൽ എത്ര ശതമാനം വളർച്ച ഉണ്ടായിട്ടുണ്ടെന്ന് സാമ്പത്തികവർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## ധനകാര്യവകുപ്പ്പരിശോധനാ വിഭാഗത്തിന്റെ അന്വേഷണം

414 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് കോവിഡ് കാലയളവിൽ വിപണി വിലയേക്കാൾ കൂടിയ വിലയ്ക്ക് പി.പി.ഇ. കിറ്റുകൾ,സ്കാനർ, ഗ്ലൗസ് എന്നിവ വാങ്ങിയതിലെ ക്രമക്കേട് സംബന്ധിച്ച് ധനകാര്യവകുപ്പ്പരിശോധനാ വിഭാഗം നടത്തിയ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അന്വേഷണം നടത്താനുണ്ടായ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത അന്വേഷണം ഏത് ഘട്ടത്തിലാണെന്നും ആയതിന്റെ പുരോഗതിയും വ്യക്തമാക്കാമോ;

(ഡി) അന്വേഷണം അനന്തമായി നീളുന്നത് അഴിമതി നടത്തിയവരെ സംരക്ഷിക്കുന്നതിനാണെന്ന തരത്തിലുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## സാമൂഹ്യ സുരക്ഷ പെൻഷൻ കമ്പനി

415 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിനായുള്ള പ്രത്യേക കമ്പനിക്ക് നാളിതുവരെ എത്ര കോടി രൂപ നൽകി എന്ന വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കമ്പനിക്ക് എത്ര തുക ഇനി നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിനായുള്ള പ്രത്യേക കമ്പനിക്ക് നാളിതുവരെ എത്ര കോടി രൂപ ലഭിച്ചു എന്നും എത്ര കോടി രൂപ ചെലവഴിച്ചു എന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിനായുള്ള പ്രത്യേക കമ്പനി നാളിതുവരെ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും എത്ര കോടി രൂപ വായ്പയായി സ്വീകരിച്ചു എന്നും ഇതിൽ ഓരോ സ്ഥാപനവും നൽകിയ വായ്പയുടെയും പലിശയുടെയും വിശദാംശങ്ങൾ നൽകാമോ?

## ഫണ്ട് വക മാറ്റി ചെലവഴിച്ച മുൻ ഡി.ജി.പി.-യുടെ നടപടി സാധൂകരിക്കൽ

416 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ ക്വാർട്ടേഴ്സ് നിർമ്മിക്കാൻ അനുവദിച്ച ഫണ്ട് വക മാറ്റി ചെലവഴിച്ച മുൻ ഡി.ജി.പി. -യുടെ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ചുള്ള ഫയൽ ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഫയലിൽ രേഖപ്പെടുത്തിയ ധനകാര്യവകുപ്പിന്റെ അഭിപ്രായം എന്താണെന്ന് വിശദമാക്കുമോ;

(സി) ഫയലിൽ രേഖപ്പെടുത്തിയ പ്രസ്തുത അഭിപ്രായത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## <u>പൊലീസ് ഉദ്യോഗസ്ഥർക്കായുള്ള ക്വാർട്ടേഴ്സ്</u>

417 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊലീസ് ഉദ്യോഗസ്ഥർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കാൻ അനുവദിച്ച നാലു കോടി മുപ്പത്തിമൂന്ന് ലക്ഷം രൂപ വകമാറ്റി പകരം ഡി.ജി.പി.യുടെ ഔദ്യോഗിക വസതിയും ഐ.പി.എസ്. ഉദ്യോഗസ്ഥർക്ക് വില്ലയും നിർമ്മിച്ച നടപടി മന്ത്രിസഭ സാധൂകരിക്കുന്നതിന് മുൻപ് ധനവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നോ; വകുപ്പിന്റെ അനുമതി തേടിയിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച് ധനവകുപ്പിന്റെ അഭിപ്രായം വിശദമാക്കാമോ; പ്രസ്തുത നടപടിയിൽ ധനവകുപ്പ് സ്വീകരിച്ച നിലപാട് വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടിയിൽ ഫണ്ട് വകമാറ്റം ക്രമവിരുദ്ധമാണെന്നും വകമാറ്റിയത് കേന്ദ്രഫണ്ടായതിനാൽ വരുംനാളുകളിൽ കേന്ദ്രത്തിൽ നിന്ന് കൂടുതൽ ധനസഹായം ലഭിക്കുന്നതിൽ തടസ്സമാകുമെന്നും ഫണ്ട് വകമാറ്റിയതിനെതിരെ കർശന നടപടി വേണമെന്നുമുള്ള കുറിപ്പ് ധനവകുപ്പ് രേഖപ്പെടുത്തിയിരുന്നോ; വ്യക്തമാക്കാമോ?

## <u>കരാറുകാർക്ക് നൽകാനുള്ള തുക</u>

418 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ആറ് വർഷക്കാലം അനുവദിച്ച തുക എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടോയെന്നും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) പൂർത്തീകരിച്ച പ്രവൃത്തികളുടെ കരാറുകാർക്ക് തുക നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ഏതെല്ലാം കരാറുകാരുടെ ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര രൂപ വീതം നൽകാനുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

**അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി തുക**

419 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വൻകിട അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത തുക ഏതൊക്കെ ശീർഷകത്തിലാണ് അനുവദിച്ചതെന്നും ഓരോ ശീർഷകത്തിൽ നിന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

**കോവിഡ് പ്രതിരോധത്തിനും വാക്സിനേഷനുമായി ചെലവാക്കിയ തുക**

420 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് പ്രതിരോധത്തിനും വാക്സിനേഷനുമായി ഓരോ സാമ്പത്തിക വർഷവും ചെലവാക്കിയ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) കോവിഡ് മൂലം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നിലവിൽ നൽകിവരുന്ന സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കോവിഡ് പ്രതിരോധത്തിനും വാക്സിനേഷനും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സഹായം നൽകുന്നതിനും കേന്ദ്ര സർക്കാരിന്റെ ധനസഹായമോ മറ്റിതര സഹായങ്ങളോ ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**വാഹനങ്ങൾ വാങ്ങുന്നതിന് അനുവദിച്ച തുക**

421 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും സഞ്ചരിക്കുന്നതിനും അവരുടെ സുരക്ഷാക്രമീകരണങ്ങൾക്കുമായി വാഹനങ്ങൾ വാങ്ങുന്നതിന് അനുവദിച്ചിട്ടുള്ള തുകയും വാങ്ങിയ ഓരോ വാഹനങ്ങളുടെ വിലയും എത്രയാണെന്ന് ഓരോരുത്തരുടെയും പ്രത്യേകം വ്യക്തമാക്കുമോ?

**മുഖ്യമന്ത്രിയുടെ സുരക്ഷാക്രമീകരണങ്ങൾ**

422 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മുഖ്യമന്ത്രിയുടെ സുരക്ഷാക്രമീകരണങ്ങൾക്കായി സംസ്ഥാന ഖജനാവിൽ നിന്നും ആകെ അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്തൽ**

423 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഗുരുതരാവസ്ഥയിലേക്ക് നീങ്ങുന്നതായി റിസർവ് ബാങ്ക് റിപ്പോർട്ട് ചെയ്തത് സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ട് സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെ സംബന്ധിച്ച മുന്നറിയിപ്പായി കരുതിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ നടപടികൾ സ്വീകരിക്കാൻ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത റിപ്പോർട്ട് പുറപ്പെടുവിച്ചതിനുശേഷം ചെലവു ചുരുക്കലുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് പുതിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥർക്ക് വേണ്ടി പെൻഷൻ സ്കീം

424 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥർക്ക് വേണ്ടി റിട്ടയേർമെന്റിന് ശേഷമുള്ള സങ്കല്പ് എന്ന പെൻഷൻ സ്കീം സംസ്ഥാനത്ത് നടപ്പിലാ ക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കീമിന്റെ നോഡൽ ഓഫീസർ ആരാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥനെ നിയോഗിച്ച് കൊണ്ടുള്ള ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## ഇടുക്കി പാക്കേജ്

425 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ സമഗ്രവികസനം ലക്ഷ്യമിട്ട് പ്രഖ്യാപിച്ചിട്ടുള്ള ഇടുക്കി പാക്കേജ് സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ജില്ലയിൽ ആകെ എത്ര കോടി രൂപയുടെ പാക്കേജാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) എത്ര വർഷത്തിനുള്ളിൽ പ്രസ്തുത പാക്കേജ് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) 2022-23 ലെ സംസ്ഥാന ബഡ്ജറ്റിൽ ഇടുക്കി പാക്കേജിനായി വകയിരുത്തിയ തുക എത്രയാണെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത തുക ഏതൊക്കെ മേഖലകളിലാണ് ചെലവഴിക്കുകയെന്നും ഈ തുക പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

## മെഡിസെപ്പ് പദ്ധതി

426 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും, പെൻഷൻകാർക്കുമുള്ള "മെഡിസെപ്പ്" ഇൻഷുറൻസ് പദ്ധതിയിൽ മെച്ചപ്പെട്ട ആശുപത്രികൾ കുറവാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിലെ ആശുപത്രികളുടെ പട്ടികയിൽ ജില്ലയിലെ പ്രധാനപ്പെട്ട ആശുപശത്രികൾ ഇല്ലെന്നും നേത്രരോഗ ആശുപത്രികളുടെ എണ്ണം കൂടുതലാണ് എന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സാഹചര്യം സംജാതമായതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) അവിവാഹിതരായവർക്കും, നിയമപരമായി വിവാഹമോചനം നേടിയവർക്കും അവരുടെ മാതാപിതാക്കളെ മെഡിസെപ്പിൽ ഗുണഭോക്താവായി ഉൾപ്പെടുത്തുവാൻ കഴിയുമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) ഭാവിയിൽ മാതാപിതാക്കളെ ഗുണഭോക്താവായി ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

## പൊതുശ്മശാനങ്ങൾ നിർമ്മിക്കാനുള്ള പദ്ധതി

427 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുശ്മശാനങ്ങൾ നിർമ്മിക്കാനുള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി വഴി ശ്മശാനങ്ങൾ നിർമ്മിക്കുന്നതെന്നും ഓരോന്നിനും നീക്കിവച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഇവ ഓരോന്നിന്റെയും നിലവിലുള്ള സ്ഥിതി വിശദമാക്കാമോ?

## കേരള ധന ഉത്തരവാദിത്വ നിയമം 2003

428 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ധന ഉത്തരവാദിത്ത നിയമം 2003 ഉം അതിന്റെ ഭേദഗതികളും അനുസരിച്ച് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ എത്ര ശതമാനമാണ് പരമാവധി പൊതു കടത്തിന്റെ പരിധിയായി നിശ്ചയിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നശേഷം ഏതൊക്കെ സാമ്പത്തിക വർഷങ്ങളിൽ ഇപ്രകാരം പൊതുകടം നിശ്ചിത പരിധിക്കുള്ളിൽ നിലനിർത്തുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലായെങ്കിൽ മേൽപ്പറഞ്ഞ നിയമത്തിലെ ബന്ധപ്പെട്ട വ്യവസ്ഥകളുടെ ലംഘനമല്ലേ; ഇക്കാര്യത്തിൽ സർക്കാരിന്റെ അഭിപ്രായം സഹിതം വിശദാംശങ്ങൾ

നൽകാമോ?

**വായ്പകൾക്കുള്ള ഗ്യാരണ്ടി**

429 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നിലവിൽ ആകെ എത്ര തുകയുടെ വായ്പയ്ക്ക് ഗ്യാരണ്ടി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഇത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വായ്പകൾക്കുള്ള ഗ്യാരണ്ടി കമ്മീഷൻ ഇനത്തിൽ സംസ്ഥാനം നാളിതുവരെ എത്ര തുക പിരിച്ചെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ ഗ്യാരണ്ടി കമ്മീഷൻ തുക ഏത് രീതിയിലാണ് വിനിയോഗിച്ചത് എന്ന് അറിയിക്കുമോ?

**സംസ്ഥാന പൊതുകടം-പലിശയിനത്തിനുള്ള തിരിച്ചടവ്**

430 **ശ്രീമതി.ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതു കടം നിലവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ; ഇത് വാർഷിക ആഭ്യന്തര ഉൽപാദനത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(ബി) 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ കാലിക വരവിന്റെ എത്ര ശതമാനം പലിശയിനത്തിനുള്ള തിരിച്ചടവിനായി മാറ്റിവെച്ചിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ കാലിക വരവിന്റെ എത്ര ശതമാനം പലിശയിനത്തിനുള്ള തിരിച്ചടവിനായി ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

**റിസർവ് ബാങ്ക് വായ്പ പലിശ നിരക്ക് വർദ്ധിപ്പിച്ചത് മൂലമുള്ള അധിക ബാധ്യത**

431 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്ക് വായ്പ നിരക്കിൽ അടിക്കടി വർദ്ധനവ് വരുത്തുന്നത് മൂലം സംസ്ഥാനത്തെ പദ്ധതി നിർവഹണത്തിലും ജനങ്ങളുടെ ജീവിത നിലവാരത്തിലുമുണ്ടാകുന്ന ദുരിതപൂർണമായ മാറ്റങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഈ വർഷം മൂന്ന് പ്രാവശ്യം പലിശ നിരക്കിൽ വർദ്ധനവ് വരുത്തിയത് മൂലം ഉൽപ്പന്നങ്ങളുടെ വിലയിലും, കാർഷിക വ്യവസായിക വാണിജ്യ ഗാർഹിക ആവശ്യങ്ങൾക്കായി വ്യക്തികൾ എടുത്ത വായ്പയിലും ഏതെല്ലാം തരത്തിൽ പ്രതികൂല മാറ്റങ്ങൾ ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) സാധാരണ ജനങ്ങൾക്ക് ഇത് മൂലം ഉണ്ടാകുന്ന അധിക ബാധ്യതയിൽ നിന്നും അവരെ സഹായിക്കുവാൻ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

## <u>കടമെടുപ്പ് പരിധി</u>

432 **ശ്രീ . സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ കടമെടുപ്പ് പരിധി നടപ്പ് സാമ്പത്തിക വർഷം എത്രയാണ്; നാളിതുവരെ ഈ സാമ്പത്തിക വർഷം എത്ര രൂപ കടം എടുത്തിട്ടുണ്ട്;

(ബി) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും കേരളം കടമെടുത്ത തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

## <u>പൊതു കടം</u>

433 **ശ്രീ സി ആർ മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആഭ്യന്തര കടം നിലവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും ഇനത്തിൽ എത്ര രൂപയാണ് കടം ആയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ ആകെ പൊതു കടം എത്രയാണെന്ന് വ്യക്തമാക്കുമോ?

## <u>പൊതു കടം</u>

434 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ആകെ പൊതു കടം എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ സംസ്ഥാനത്തിന്റെ പൊതു കടം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും പൊതു കടത്തിൽ ഉണ്ടായ വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

## <u>വായ്പ പരിധി</u>

435 **ശ്രീമതി.ഉമ തോമസ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ വായ്പ പരിധി ജി.എസ്.ഡി.പി. യുടെ എത്ര ശതമാനമായാണ് ഉയർത്തിയത്;

(ബി) എന്തൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഇപ്രകാരം വായ്പ പരിധി ഉയർത്തി നൽകിയത്;

(സി) ഈ ഇനത്തിൽ പ്രസ്തുത സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ അധിക വായ്പ സമാഹരിക്കാൻ സാധിച്ചു;

(ഡി) മേൽപ്പറഞ്ഞ വ്യവസ്ഥകളിൽ ഏതൊക്കെ കാര്യങ്ങൾ സംസ്ഥാന സർക്കാർ പാലിച്ചിട്ടുണ്ട് വിശദാംശം നൽകുമോ?

## സർക്കാർ ഗ്യാരണ്ടിയിൽ എടുത്തിട്ടുള്ള കടം

436 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി, പൊതുമേഖല സ്ഥാപനങ്ങൾ തുടങ്ങിയവ സർക്കാർ ഗ്യാരണ്ടിയിൽ എടുത്തിട്ടുള്ള നിലവിലുള്ള കടം എത്ര രൂപയാണ്; ഇത് സംസ്ഥാനത്തിന്റെ പൊതുകടമായി കണക്കാക്കുന്നുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഇപ്രകാരം സർക്കാർ ഗ്യാരണ്ടിയിൽ എടുത്തിട്ടുള്ള കടം സംസ്ഥാനത്തിന്റെ പൊതു കടമായി കണക്കാക്കണമെന്ന് അക്കൗണ്ടന്റ് ജനറലോ കേന്ദ്രസർക്കാരോ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; വിശദവിവരങ്ങൾ നൽകാമോ;

(സി) സംസ്ഥാനത്തിന്റെ പൊതു കടവും കിഫ്ബി, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവ സർക്കാർ ഗ്യാരണ്ടിയിൽ എടുത്ത കടവും ചേർത്ത് എത്ര രൂപയാണ് ആകെ കടം എന്നറിയിക്കാമോ; വിശദവിവരങ്ങൾ നൽകാമോ?

## സംസ്ഥാനം ഗ്യാരന്റി നൽകിയിട്ടുള്ള വായ്പകൾ

437 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനം ആകെ എത്ര തുകയുടെ വായ്പയ്ക്ക് ഗ്യാരന്റി നൽകിയിരുന്നുവെന്ന് അറിയിക്കാമോ;

(ബി) പിന്നീടുള്ള ഓരോ സാമ്പത്തിക വർഷവും ഗ്യാരന്റി ഇനത്തിൽ ഉണ്ടായ വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കുമോ; നിലവിൽ എത്ര തുകയുടെ വായ്പയ്ക്ക് ഗ്യാരന്റി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വായ്പകളുടെ തിരിച്ചടവ് മുടങ്ങിയാൽ വായ്പാ തിരിച്ചടവിന്റെ ഉത്തരവാദിത്വം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണോ; വിശദാംശം നൽകുമോ?

## ആളോഹരി കടബാധ്യത

438 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ ഒന്നിന് സംസ്ഥാനത്തെ ആളോഹരി കടബാധ്യത എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ആളോഹരി കടബാധ്യത എത്രയാണ്; അറിയിക്കുമോ;

(സി) 2016 മുതൽ 2022 വരെയുള്ള കാലയളവിൽ ഓരോ സാമ്പത്തിക വർഷവും ആളോഹരി കടബാധ്യതയിലുണ്ടായ വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

## എഡിബി വായ്പ

439 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000 ജൂലൈ 24ന് കേരളം സന്ദർശിച്ച എ.ഡി.ബി ഉദ്യോഗസ്ഥർ സർക്കാരുമായി നടത്തിയ ചർച്ചയിൽ പബ്ലിക് റിസോഴ്സസ് മാനേജ്മെന്റിന് ധനസഹായം

നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിരുന്നോ;വിശദാംശം നൽകുമോ;

(ബി) 2000 ഓഗസ്റ്റ് 12 ന് ചേർന്ന മന്ത്രിസഭായോഗം എ.ഡി.ബി വായ്പ സംബന്ധിച്ച വ്യവസ്ഥകൾ അംഗീകരിച്ചിരുന്നോ;എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത വായ്പ സംബന്ധിച്ച് സർക്കാർ തത്വത്തിൽ അംഗീകരിച്ച വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## <u>സാമ്പത്തിക ബാധ്യതകൾ നിറവേറ്റുന്നതിന് നടപടി</u>

440 **ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജൂലായ് 31 വരെയുള്ള സംസ്ഥാനത്തിന്റെ കടബാധ്യത എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഫിസ്കൽ റെസ്പോൺസിബിലിറ്റി ആന്റ് ബഡ്ജറ്റ് മാനേജ്മെന്റ് ആക്ട് പ്രകാരം കടം വാങ്ങുന്നതിനുള്ള പരിധി സംസ്ഥാനത്തിന്റെ ആഭ്യന്തര മൊത്ത വരുമാനത്തിന്റെ മൂന്ന് ശതമാനം എന്ന നിരക്കിൽ നിലനിർത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ജി.എസ്.ടി. വരുമാനത്തിന്റെ പങ്കുവെയ്ക്കൽ അവസാനിച്ച സാഹചര്യത്തിൽ നിലവിലുള്ളതും പുതിയതുമായ സാമ്പത്തിക ബാധ്യതകൾ നിറവേറ്റുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ഡി) അവശ്യ സാധനങ്ങളുടെ മേൽ ചുമത്തിയ അഞ്ച് ശതമാനം ജി.എസ്.ടി. നികുതി പൂർണമായി പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

## <u>സംസ്ഥാനത്തിന്റെ കടബാധ്യതയുടെ തിരിച്ചടവ്</u>

441 **ശ്രീ . സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ കടബാധ്യതയുടെ തിരിച്ചടവ് ഇനത്തിൽ ആവശ്യമായിരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) 2022-23 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ കടബാധ്യതയുടെ തിരിച്ചടവിനത്തിൽ ആവശ്യമുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ; തിരിച്ചടവ് ബാധ്യതകൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

## <u>കേരളത്തിന്റെ പൊതു കടം</u>

442 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1956 നവംബർ ഒന്നിന് കേരളത്തിന്റെ ആകെ പൊതു കടം എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) 2016 ജൂൺ ഒന്നിന് കേരളത്തിന്റെ പൊതു കടം എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) 2022 ആഗസ്റ്റ് ഒന്നിന് കേരളത്തിന്റെ പൊതു കടം എത്രയാണെന്ന് വ്യക്തമാക്കുമോ?

## വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി

443 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃവില സൂചിക അടിസ്ഥാനമാക്കിയുള്ള സംസ്ഥാനത്തെ വിലക്കയറ്റ തോത് ഇപ്പോൾ എത്രയാണെന്ന് അറിയിക്കാമോ;

(ബി) നഗര ഗ്രാമീണ വ്യത്യാസമില്ലാതെ ജനങ്ങളെ ബാധിക്കുന്ന അനിയന്ത്രിതമായ വിലക്കയറ്റം നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഭക്ഷ്യവിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഭക്ഷ്യപൊതുവിതരണ വകുപ്പിന് പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## പനച്ചമൂട് മത്സ്യ മാർക്കറ്റ് നവീകരണം

444 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല നിയോജകമണ്ഡലത്തിലെ വെള്ളറട ഗ്രാമപഞ്ചായത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ തീരദേശ വികസന കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായിട്ടുള്ള പനച്ചമൂട് മത്സ്യ മാർക്കറ്റ് നവീകരണ പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാര്യകാരണ സഹിതമുള്ള വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുമ്പോൾ പദ്ധതി അടങ്കൽ തുക തിരിച്ചടവ് എന്ന നിബന്ധന ഇല്ലായിരുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തീരുമാനപ്രകാരം നിലവിൽ ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിച്ചിട്ടുള്ള പദ്ധതി അടങ്കൽ തുക തിരിച്ചടവ് പൂർണ്ണമായും ഒഴിവാക്കി നൽകി എത്രയും വേഗം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

## കോഴിക്കോട് ജില്ലയിലെ കിഫ്ബി മുഖേനയുള്ള റോഡ് നിർമ്മാണം

445 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പ്രധാന റോഡായ പി.യു.കെ.സി. റോഡിന്റെ രണ്ടാം ഘട്ട പ്രവൃത്തിയുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഉള്ളിയേരി മുതൽ കുറ്റ്യാടി വരെയുള്ള രണ്ടാം ഘട്ട പ്രവൃത്തിക്ക് എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് ഭരണ വകുപ്പ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതെന്നും ഇതിൽ ഭൂമി ഏറ്റെടുക്കുന്നതിനായി എത്ര തുക ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വിശദാംശം ലഭ്യമാക്കാമോ?

## പിഴല-കടമക്കുടി പാലത്തിന് കിഫ്ബി അംഗീകാരം

446 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കടമക്കുടി ഗ്രാമപഞ്ചായത്തിലെ നാൽപ്പത് കോടി രൂപയ്ക്ക് ഭരണാനുമതി ലഭ്യമായിട്ടുള്ള പിഴല-കടമക്കുടി പാലത്തിന് കിഫ്ബി അംഗീകാരം ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കിഫ്ബി അംഗീകാരം എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## <u>കിഫ്ബി മുഖേന സമാഹരിച്ച തുക</u>

447 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളിതുവരെ കിഫ്ബി മുഖേന സമാഹരിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര തുക പരസ്യത്തിനായി ചെലവഴിച്ചിട്ടുണ്ട്;

(സി) എത്ര തുക വരുമാനം വർധിപ്പിക്കാൻ സഹായകമാകുന്ന ഉൽപാദനക്ഷമമായ പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ട്;

(ഡി) എത്ര തുക കിഫ്ബിയുടെ ഭരണനിർവഹണത്തിനായി ചെലവഴിച്ചിട്ടുണ്ട്;

(ഇ) എത്ര തുക അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്;അറിയിക്കാമോ?

## <u>പാലക്കാട്-പൊള്ളാച്ചി റോഡ് നവീകരണം</u>

448 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്ന പാലക്കാട്-പാറ-പൊള്ളാച്ചി റോഡിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; പ്രസ്തുത റോഡ് എത്ര മീറ്റർ വീതിയിലാണ് നവീകരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടി ക്രമങ്ങളാണ് ഇനി പൂർത്തീകരിക്കേണ്ടത്; വ്യക്തമാക്കാമോ;

(സി) എത്ര കോടി രൂപ വിനിയോഗിച്ചാണ് പ്രസ്തുത റോഡ് നവീകരണ പ്രവൃത്തി നടത്തുവാൻ നിശ്ചയിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ?

## <u>കിഫ്ബി ധനസഹായം</u>

449 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി ധനസഹായമായി സംസ്ഥാനത്ത് എത്ര തുകയുടെ വികസന

പ്രവർത്തനങ്ങൾക്കാണ് ഈ സർക്കാർ കാലയളവിൽ തുടക്കമിട്ടതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഓരോ ജില്ലയിലുമായി എത്ര തുകയുടെ പ്രവർത്തനങ്ങൾക്ക് ലക്ഷ്യമിട്ടു എന്നും ആയതിൽ ധനകാര്യ അനുമതി എത്ര തുകയ്ക്ക് നാളിതുവരെ ലഭ്യമായി എന്നും ഉദ്യോഗസ്ഥ വീഴ്ച മൂലം ധനകാര്യ അനുമതി ലഭ്യമാകാത്തത് എത്ര തുകയുടെ എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത വികസന പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കുവാനായി ധനകാര്യ അനുമതിയ്ക്കായി കുറ്റമറ്റ രീതിയിൽ അപേക്ഷകൾ സ്വീകരിയ്ക്കുന്നതിനായി ധനകാര്യ വകുപ്പ് സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

## നാദാപുരം മണ്ഡലത്തിലെ കിഫ്ബി പ്രവർത്തികൾ

450 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖാന്തിരം ഏറ്റെടുത്ത കായപ്പനച്ചി-കുന്നംചിറ-പുതിയങ്ങാടി(എടച്ചേരി), കരിങ്ങാട്-കൈവലി റോഡുകൾക്ക് ഭരണാനുമതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കൊടുവള്ളി സിറാജ് ഫ്ലൈഓവറിന്റെയും തുരങ്കപാതയുടെയും നിർമ്മാണം

451 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന കൊടുവള്ളി നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ചിട്ടുള്ള സിറാജ് ഫ്ലൈഓവറിന്റെയും തുരങ്കപാതയുടെയും നിർമ്മാണ പദ്ധതിക്ക് എത്ര തുകയാണ് ഭരണാനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദീകരിക്കുമോ;

(സി) ഈ പദ്ധതിക്ക് ബദലായി ഏതെങ്കിലും പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; ഇതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

## പൂഞ്ഞാർ മണ്ഡലത്തിലെ ചിറ്റാറ്റിൻകര പാലം നിർമ്മാണം

452 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ അരുവിത്തുറ-ഭരണങ്ങാനം റോഡിലെ ചിറ്റാറ്റിൻകര പാലത്തിന് കാലപ്പഴക്കവും വെള്ളപ്പൊക്കവും മൂലം ബലക്ഷയം സംഭവിച്ചതിനാൽ പ്രസ്തുത പാലത്തിന്റെ പുനർ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## സ്കൂളുകൾക്ക് അനുവദിച്ച കിഫ്ബി ഫണ്ട്

453 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതും പ്രായോഗികമല്ലാത്തതിനാൽ ഫണ്ട് മറ്റ് സ്കൂളുകൾക്ക് നൽകിയതുമായ എത്ര പ്രവൃത്തികളാണ് കോഴിക്കോട് ജില്ലയിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) മാവൂർ പഞ്ചായത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി മണക്കാട് ഗവൺമെന്റ് യു.പി. സ്കൂളിന് അനുവദിച്ച ഒരു കോടി രൂപയുടെ പ്രവൃത്തി സാങ്കേതിക കാരണം കൊണ്ട് ആരംഭിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടോ;

(സി) എങ്കിൽ നിലവിൽ അഞ്ഞൂറിനടുത്ത് കുട്ടികൾ പഠിക്കുന്ന പൊതുവയൽ പഞ്ചായത്തിലെ വെള്ളിപറമ്പ ഗവ. എൽ.പി. സ്കൂളിന് കെട്ടിടം നിർമ്മിക്കാൻ പ്രസ്തുത തുക മാറ്റി നൽകുന്ന കാര്യം പരിഗണിക്കുമോ?

## റാന്നിയിലെ കിഫ്ബി പദ്ധതികൾ

454 **ശ്രീ പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന റാന്നി നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച് നടപ്പാക്കിവരുന്ന പൂർത്തിയായതും പ്രാരംഭഘട്ടത്തിലുള്ളതും തുടങ്ങാനിരിക്കുന്നതുമായ വിവിധ പദ്ധതികളുടെ സംക്ഷിപ്ത വിവരണം പട്ടികരൂപത്തിൽ വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി പട്ടികരൂപത്തിൽ വിശദീകരിക്കാമോ;

(സി) സ്ഥലമേറ്റെടുക്കൽ ആവശ്യമായി വരുന്ന പദ്ധതികൾ ഏതൊക്കെയാണ്; നിലവിലെ സ്ഥിതി വിശദമാക്കാമോ?

## കിഫ്ബി വായ്പകളുടെ തിരിച്ചടവ്

455 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഗ്യാരണ്ടിയിൽ വൻതോതിൽ വായ്പ എടുത്തിട്ടുള്ള കിഫ്ബി, ഉൽപാദനക്ഷമമായ പദ്ധതികളിലൂടെ വായ്പ തിരിച്ചടവിനുള്ള വരുമാനമാർഗങ്ങൾ സ്വന്തമായി കണ്ടെത്തും എന്ന വ്യവസ്ഥയിലാണോ രൂപീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) വായ്പയിലൂടെ എത്ര തുക നാളിതുവരെ കിഫ്ബി സമാഹരിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര തുക മേൽപ്പറഞ്ഞ ഉൽപാദനക്ഷമമായ പദ്ധതികൾക്കായി നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) കിഫ്ബി വായ്പകളുടെ തിരിച്ചടവ് ബാധ്യത സംസ്ഥാനത്തിന്റെ പൊതു കടത്തിന്റെ ഭാഗമായി കണക്കാക്കിയിരിക്കുന്ന സാഹചര്യത്തിൽ, കിഫ്ബി മുഖേന ചെലവഴിക്കുന്ന തുകയുടെ നിശ്ചിത ശതമാനം വരുമാനം ഉറപ്പാക്കുന്ന ഉത്പാദനക്ഷമമായ പദ്ധതികൾക്കായി വിനിയോഗിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനും വായ്പ തുക ഉപയോഗിച്ച് പരസ്യങ്ങൾ നൽകുന്നത്

ഉൾപ്പെടെയുള്ള ചെലവുകൾ ഒഴിവാക്കുന്നതിനും എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

## പടന്നക്കാട് മേൽപ്പാലം -വെള്ളരിക്കുണ്ട് റോഡ് കിഫ്ബി പദ്ധതി

456 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പടന്നക്കാട് മേൽപ്പാലം -വെള്ളരിക്കുണ്ട് റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പദ്ധതിക്ക് കിഫ്ബി അനുമതി നൽകിയോ എന്ന് അറിയിക്കുമോ;

(ബി) അനുമതി നൽകുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് എന്നത്തേക്കു അനുമതി നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ?

## ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

457 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി പ്രകാരം ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ വക്കം-മങ്കുഴി മാർക്കറ്റ്, നിലയ്ക്കാമുക്ക് മാർക്കറ്റ്, കിളിമാനൂർ പുതിയകാവ് മാർക്കറ്റ് എന്നിവയുടെ നവീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## ചെട്ടികാട് ആശുപത്രിയുടെ നിർമ്മാണം

458 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന ചെട്ടികാട് ആശുപത്രി നിർമ്മാണത്തിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കിഫ്ബി പദ്ധതികളുടെ ഗുണനിലവാരം

459 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന ധനസഹായം ലഭ്യമാക്കുന്ന പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ചീഫ് പ്രോജക്റ്റ് എക്സാമിനറുടെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അതോറിറ്റിയിൽ ഏതു വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥരെയാണ് നിയമിച്ചിട്ടുള്ളത് എന്നതിന്റെ വിശദവിവരം നൽകുമോ;

(ബി) ധനകാര്യ വകുപ്പിന്റെ സാങ്കേതിക പരിശോധനാ സംവിധാനമായ സി.റ്റി.ഇ.(ചീഫ് ടെക്നിക്കൽ എക്സാമിനർ)യെ ഒഴിവാക്കി ഇൻസ്പെക്ഷൻ അതോറിറ്റി രൂപീകരിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണെന്നത് വിശദമാക്കുമോ;

(സി) കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്ത നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത കരാറുകാർ സമർപ്പിച്ച ബില്ലിന്മേൽ കുടിശ്ശിക ഉണ്ടോയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

## കിഫ്ബി അംഗീകരിച്ച പദ്ധതികൾ

460 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പ്രവർത്തനം ആരംഭിച്ചത് മുതൽ നാളിതുവരെ അംഗീകരിച്ച പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അതിനായി ചെലവഴിച്ച തുകയും വിശദമാക്കാമോ;

(ബി) അംഗീകാരം നൽകി രണ്ടുവർഷം കഴിഞ്ഞിട്ടും ആരംഭിക്കാത്ത പദ്ധതികൾ എത്രയെന്നും അവ തുടങ്ങാത്തതിന് കാരണം എന്താണെന്നും വെളിപ്പെടുത്തുമോ;

(സി) നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികൾ എത്രയെന്നും അവ പൂർത്തികരിക്കുന്നതിനുള്ള തടസ്സമെന്തെന്നും വിശദമാക്കാമോ;

(ഡി) പ്രവൃത്തി തുടങ്ങി കഴിഞ്ഞശേഷം കരാറുകാരൻ ഉപേക്ഷിച്ചുപോയ പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) ഒരു പദ്ധതിക്ക് ഭരണാനുമതി നൽകുന്നത് മുതൽ അന്തിമ ബിൽ നൽകുന്നത് വരെയുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും പദ്ധതി നടത്തിപ്പിൽ കിഫ്ബിയുടെ ഭാഗത്തുനിന്നും എന്തെല്ലാം ഇടപെടലുകൾ നടത്തുന്നുണ്ടെന്നും അത് പ്രവൃത്തിയെ ബാധിക്കാറുണ്ടോയെന്നും വെളിപ്പെടുത്തുമോ;

(എഫ്) കിഫ്ബി എസ്. പി. വി. കൾക്കായി പി. എം. സി. യെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് അടിസ്ഥാനത്തിലാണ് പി. എം. സി. കളെ നിയമിച്ചിരിക്കുന്നതെന്നും പി. എം. സി. ക്കു നൽകുന്ന ഫീസ് എന്തു മാനദണ്ഡത്തിലാണ് നിശ്ചയിച്ചിരിക്കുന്നതെന്നും ഫീസ് എത്രയാണെന്നും അറിയിക്കുമോ; പ്രസ്തുത ഫീസ് ഇനത്തിൽ നാളിതുവരെ എത്ര തുക നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ജി) നിലവിൽ കിഫ്ബിയുടെ പ്രവൃത്തികൾ ചെയ്യുന്ന എസ്. പി. വി. കൾ ഏതെല്ലാമാണെന്നും ഇവയിൽ ഏതെല്ലാം എസ്. പി. വി. കളാണ് കിഫ്ബി പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളതെന്നും അറിയിക്കാമോ?

## കിഫ്ബി മുഖാന്തരം തുക അനുവദിച്ച സ്കൂളുകൾ

461 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി ബന്ധപ്പെട്ട് ആലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം തുക അനുവദിച്ച സ്കൂളുകളുടെ പേര്, അനുവദിച്ച തുക, നിർവ്വഹണ ഏജൻസി എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) മണ്ഡലത്തിലെ മേൽപ്പറഞ്ഞ വിദ്യാലയങ്ങളിലെ പ്രവൃത്തികളുടെ നിലവിലെ

സ്ഥിതി വിശദീകരിക്കാമോ?

**കിഫ് കോൺ കൺസൾട്ടൻസി കമ്പനി**

462 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ**
**ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിക്ക് കീഴിൽ കൺസൾട്ടൻസി കമ്പനിയായി കിഫ് കോൺ എന്ന കമ്പനി സ്ഥാപിക്കാൻ മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കമ്പനി സ്ഥാപിക്കുന്നതിലേക്കാവശ്യമായ തുക ഏത് രീതിയിൽ കണ്ടെത്തുന്നതിനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) ആയതിന് സർക്കാർ ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് അക്കൗണ്ട് ശീർഷകത്തിൽ നിന്നാണ് തുക നൽകുന്നത്; വിശദമാക്കാമോ;

(ഇ) പ്രസ്തുത കമ്പനിയുടെ പ്രവർത്തനം ഏത് രീതിയിലാണെന്ന് വിശദീകരിക്കാമോ?

**കിഫ്ബി മുഖേനയുള്ള പദ്ധതികൾ**

463 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നാളിതുവരെ എത്ര തുകയുടെ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്; ഇതിൽ എത്ര തുകയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; എത്ര തുകയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; ഇവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കുവേണ്ടി നാളിതുവരെ സമാഹരിച്ചിട്ടുള്ള വായ്പകളുടെയും ധനസഹായങ്ങളുടേയും ഇനം തിരിച്ചുള്ള വിശദാംശങ്ങളും വായ്പാ തിരിച്ചടവ് കാലാവധിയും നാളിതുവരെ തിരിച്ചടച്ചിട്ടുള്ള തുകയുടെ വിശദവിവരങ്ങളും നൽകാമോ;

(സി) നാളിതുവരെ എത്ര കോടി രൂപ പലിശ ഇനത്തിൽ നൽകി എന്ന വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ?

**കിഫ്ബി വികസന പ്രവർത്തനം**

464 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ കാലയളവിൽ കിഫ്ബി വഴി നടപ്പാക്കിവരുന്ന വികസന പ്രവൃത്തികൾ എന്തെല്ലാമാണെന്നും അവ എത്ര തുകയ്ക്കുള്ളതാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ തടസ്സപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാരും കേന്ദ്രഏജൻസികളും ശ്രമിക്കുന്നതിന്റെ ഭാഗമായി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്

സംസ്ഥാനത്തു നടത്തി വരുന്ന പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത തടസ്സപ്രവർത്തനങ്ങൾ മറികടന്ന് വികസന പ്രവർത്തനങ്ങൾ കിഫ്ബി വഴി സമയബന്ധിതമായി നടപ്പാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

## ആദിവാസി വിഭാഗങ്ങൾക്കായുള്ള കിഫ്ബി പദ്ധതികൾ

465 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങൾക്കായി കിഫ്ബി മുഖേന നടപ്പാക്കുന്നതിനായി നാളിതുവരെ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കുമോ;

(ബി) എത്ര രൂപയുടെ പദ്ധതികളാണ് ഈ ഇനത്തിൽ ആകെ പ്രഖ്യാപിച്ചിട്ടുള്ളത്; പദ്ധതി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇതിൽ വിവിധ പദ്ധതികൾക്കായി എത്ര രൂപ ചെലവാക്കുന്നതിനാണ് നാളിതുവരെ അനുമതി നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) അനുമതി നൽകിയിട്ടുള്ള പദ്ധതികളിൽ ഇതിനോടകം എത്ര രൂപയാണ് ചെലവാക്കിയിട്ടുള്ളത്; ജില്ലയും വർഷവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## കിഫ്ബിയിൽ ഉൾപ്പെടുത്തിയ വൻകിട പദ്ധതികൾ

466 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ വൻകിട പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാന ബഡ്ജറ്റിന് പുറത്ത് നിന്നും കിഫ്ബി സമാഹരിക്കുന്ന ഫണ്ട് ഇല്ലാതാക്കാൻ എൻഫോഴ്സ്മെന്റ് ഡയറക്ടേറ്റും, കംപ്ട്രോളർ ആന്റ് ഓഡിറ്റ് ജനറലും, ആദായ നികുതി വകുപ്പും സംയുക്തമായി നടത്തിവരുന്ന നീക്കങ്ങൾ വികസന മുന്നേറ്റത്തെ ദോഷകരമായി ബാധിക്കുന്നുണ്ടോ;

(സി) വൻകിട വികസന പദ്ധതികളെ തടസ്സപ്പെടുത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ ഭാവിയിൽ സംസ്ഥാനത്തിന്റെ വികസനത്തെ ദോഷകരമായി ബാധിക്കാനിടയുണ്ടെന്ന വസ്തുത തുറന്നുകാട്ടപ്പെടേണ്ടതുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

## പിറവം നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികൾ

467 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണ്; ഏതെല്ലാം പദ്ധതികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നും പൂർത്തിയാക്കാൻ എന്തെല്ലാം നടപടിക്രമങ്ങൾ ബാക്കിയുണ്ട്; പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

468 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിയും നിലവിൽ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) കിഫ്ബിയുടെ ധനാനുമതി ലഭിക്കാൻ ബാക്കിയുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇതിന് പകരമായി പുതിയ പദ്ധതി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## നിലമ്പൂർ റവന്യൂ ടവർ നിർമ്മാണം

469 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച മലപ്പുറം ജില്ലയിലെ നിലമ്പൂർ റവന്യൂ ടവർ നിർമ്മാണത്തിനായി വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത രൂപരേഖ തയ്യാറാക്കിയിരിക്കുന്നതെന്ന് അറിയിക്കാമോ; നിലമ്പൂർ റവന്യൂ ടവർ നിർമ്മാണത്തിനായി സർക്കാർ പുറപ്പെടുവിച്ച ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത റവന്യൂ ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് കാര്യാലയത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത ഫയലിൽ അടിയന്തരമായി തീർപ്പുണ്ടാക്കി റവന്യൂ ടവർ കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; വിശദമാക്കാമോ; പ്രസ്തുത പദ്ധതിയ്ക്ക് എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അറിയിക്കാമോ?

## കിഫ്ബി വഴി അംഗീകാരം നൽകിയ പദ്ധതികൾ

470 **ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ . സണ്ണി ജോസഫ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി അംഗീകാരം നൽകിയിരിക്കുന്ന എഴുപത്തിമൂവായിരം കോടിയിലേറെ തുകയ്ക്കുള്ള പദ്ധതികൾ നടപ്പാക്കാൻ നിലവിൽ ലഭ്യമാക്കിയിട്ടുള്ള തുക

പര്യാപ്തമാണോ എന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ;

(ബി) അംഗീകാരം നൽകിയ പദ്ധതികൾ നടപ്പാക്കാനുള്ള വിഭവ സമാഹരണം നടത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കിഫ്ബി വഴി സമാഹരിച്ച വായ്പകളുടെ തിരിച്ചടവ് ഏത് വർഷം മുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ;

(ഡി) സർക്കാരിന്റെ നിലവിലെ സാമ്പത്തികാവസ്ഥയിൽ കിഫ്ബി വായ്പകളുടെ സമയബന്ധിതമായ തിരിച്ചടവ് സാധ്യമാകുമോ എന്ന് വ്യക്തമാക്കാമോ;

(ഇ) കിഫ്ബി മസാല ബോണ്ടിന്റെ തിരിച്ചടവ് എന്ന് മുതൽ ആരംഭിക്കുമെന്നും എന്ന് അവസാനിക്കുമെന്നും വ്യക്തമാക്കാമോ?

## കിഫ്ബി പദ്ധതികൾ

471 **ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയുടെ കീഴിൽ ഈ സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കിഫ്ബി പദ്ധതികൾക്കായി സംസ്ഥാന സർക്കാർ വാങ്ങുന്ന കടം സംസ്ഥാനത്തിന്റെ പൊതുകട ബാധ്യതയുടെ ഭാഗമാണ് എന്ന കേന്ദ്രസർക്കാർ/ ആർ.ബി.ഐ./സി.എ.ജി. നിലപാട് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിയമപരമായ നിലപാട് വിശദമാക്കാമോ;

(സി) കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുവാൻ സാധിക്കാത്തതുമൂലം പ്രസ്തുത പദ്ധതിയിൽ ഏറ്റെടുത്ത പല റോഡ് വികസന പ്രവർത്തനങ്ങളും മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മുടങ്ങിക്കിടക്കുന്ന പദ്ധതികളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ, അവയുടെ കാരണങ്ങൾ വ്യക്തമാക്കാമോ;

(ഡി) മുടങ്ങിക്കിടക്കുന്ന പദ്ധതികളുടെ നിർമാണം പൂർത്തിയാക്കി പൊതുജനങ്ങളുടെ ബുദ്ധിമുട്ടുകൾ ദൂരീകരിക്കാൻ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## മലപ്പുറം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

472 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന മലപ്പുറം നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന ഓരോ പദ്ധതിയുടെയും പുരോഗതി വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും സമയബന്ധിതമായി പൂർത്തീകരിക്കുവാനും ഗുണനിലവാരം ഉറപ്പുവരുത്തുവാനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(സി) കാലതാമസം ഒഴിവാക്കി പദ്ധതികൾ എത്രയും വേഗം പൂർത്തീകരിക്കുവാൻ അടിയന്തര നിർദ്ദേശങ്ങൾ നൽകുമോ?

## തൃശ്ശൂർ മോഡൽ ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ നിർമ്മാണ പ്രവർത്തനങ്ങൾ

473 **ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നിർമ്മാണം നടന്നുവരുന്ന തൃശ്ശൂർ മോഡൽ ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികളുടെ ജീവന് തന്നെ ഭീഷണിയാകുന്ന വിധത്തിൽ സ്കൂളിൽ പലയിടത്തായി കൂട്ടിയിട്ടിരിക്കുന്ന നിർമ്മാണ സാമഗ്രികൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) നിരവധി തവണ ആവശ്യപ്പെട്ടിട്ടും നിർമ്മാണ പ്രവൃത്തിയിൽ അലംഭാവം കാണിക്കുന്ന കരാർ കമ്പനിയുടെയും ഉദ്യോഗസ്ഥരുടെയും പ്രവൃത്തിയിൽ അടിയന്തരമായി നടപടി സ്വീകരിക്കാമോ?

## കിഫ്ബി എടുത്ത കടം

474 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനമാണ് ഒരു വർഷം സംസ്ഥാനത്തിന് കടമെടുക്കാൻ കഴിയുക എന്ന് വ്യക്തമാക്കാമോ; ഇത് ശരാശരി എത്ര കോടി രൂപയാണ്;

(ബി) സർക്കാരിന്റെ ചെലവുകൾക്കാവശ്യമായ വരുമാനം ഇല്ലാത്തതിനാൽ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് കടമെടുക്കാനാണ് കിഫ്ബി എന്ന സ്ഥാപനം കൊണ്ടുവന്നത് എന്നത് ശരിയാണോ; വ്യക്തമാക്കാമോ;

(സി) എത്ര ശതമാനത്തിന് പുറത്ത് അധിക തുക കടമെടുക്കാനാണ് കിഫ്ബി സ്ഥാപിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) കിഫ്ബി എടുത്ത കടം കൂടി സർക്കാർ കണക്കിൽ ഉൾപ്പെടുത്താൻ കേന്ദ്രം തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ സർക്കാരിന്റെ വരുമാനത്തെ ഇത് എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) ജി.എസ്.ടി നഷ്ടപരിഹാരം നിർത്തലാക്കിയത് വഴിയുള്ള വരുമാനക്കുറവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഒന്നരലക്ഷം കോടിയോളം രൂപ വരുമാനം പ്രതീക്ഷിക്കുന്ന നടപ്പ് വർഷത്തെ ബജറ്റിൽ ഗണ്യമായ തുക നഷ്ടമായാൽ അതുമൂലമുണ്ടാകുന്ന സാമ്പത്തിക ആഘാതം എന്തായിരിക്കുമെന്ന് വ്യക്തമാക്കാമോ?

## കിഫ്ബി

475 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ മസാല ബോണ്ടുമായി ബന്ധപ്പെട്ട് കേന്ദ്ര അന്വേഷണ ഏജൻസിയായ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് എത്ര തവണ സമൻസ് അയയ്ക്കുകയും കിഫ്ബി ഉന്നത ഉദ്യോഗസ്ഥരെ വിളിച്ച് വരുത്തി ചോദ്യം ചെയ്യുകയും ചെയ്തിട്ടുണ്ട്; ഏതെങ്കിലും കേസ് ഇതനുസരിച്ച് എടുത്തിട്ടുണ്ടോ;

(ബി) സംസ്ഥാന സർക്കാരിന്റെ അധികാരമുപയോഗിച്ച് രൂപീകരിച്ച കിഫ്ബിയ്ക്കെതിരെ ഇത്തരത്തിൽ നിരന്തരമായി നീക്കം നടത്തുന്നതിനെതിരെ കിഫ്ബി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) റിസർവ് ബാങ്കിന്റെ അനുമതിയോടെ കിഫ്ബി സ്വീകരിച്ച മസാല ബോണ്ട് സംബന്ധിച്ച് പരിശോധന നടത്താൻ നിയമപരമായി അധികാരമുള്ളത് ഏത് ഏജൻസിക്കാണ്; ഇക്കാര്യത്തിൽ റിസർവ് ബാങ്ക് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

## <u>കിഫ്ബി വായ്പയുടെ തിരിച്ചടവ്</u>

476 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വായ്പയുടെ തിരിച്ചടവ് ഇനത്തിൽ സംസ്ഥാന ഖജനാവിൽ നിന്നും നാളിതുവരെ ചെലവഴിച്ചിട്ടുള്ള തുക സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ഏത് ബജറ്റ് ശീർഷകത്തിൽ നിന്നാണ് ചെലവഴിക്കുന്നതെന്നും ഏത് ഇനത്തിൽ ലഭിക്കുന്ന നികുതി/സെസ്സ് വരുമാനമാണ് തിരിച്ചടവിനായി മാറ്റിവെച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

## <u>കോഴിക്കോട് എൻ.ജി.ഒ. ക്വാർട്ടേഴ്സ് സ്കൂളിന്റെ കെട്ടിട നിർമ്മാണം</u>

477 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന എൻ.ജി.ഒ. ക്വാർട്ടേഴ്സ് സ്കൂളിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കെട്ടിടത്തിന്റെ ഡ്രായിംഗിൽ ചില മാറ്റങ്ങൾ വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിന് ടെക്നിക്കൽ അനുമതി എപ്പോൾ ലഭിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രോജക്ട് പൂർത്തിയാക്കുന്നതിന് ആവശ്യമായ ബാക്കി തുക കൂടി ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>തലശ്ശേരി ഹെറിട്ടേജ് പ്രോജക്ട്</u>

478 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിക്കോട് മണ്ഡലത്തിലെ തലശ്ശേരി ഹെറിട്ടേജ് പ്രോജക്ടിന്റെ ഭാഗമായി കിഫ്ബി നടപ്പിലാക്കുന്ന കാക്കുളങ്ങരപ്പള്ളിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദാംശം

ലഭ്യമാക്കാമോ?

**കിഫ്ബിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പദ്ധതികളുടെ വിശദ വിവരം**

479 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളിതുവരെ കിഫ്ബിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പദ്ധതികളുടെ വിശദവിവരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾ പൂർത്തിയായിട്ടുണ്ടെന്നും പൂർത്തിയായ പദ്ധതികൾക്കായും നടന്നു വരുന്ന പ്രവൃത്തികൾക്കായും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമൊ;

(സി) ഇനിയും ആരംഭിക്കാത്ത പ്രവൃത്തികൾ നടപ്പാക്കാനായി എത്ര തുക വേണ്ടിവരുമെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ;

(ഡി) കിഫ്ബിയിൽ നീക്കിയിരിപ്പ് തുക എത്രയാണെന്നും ഏതെല്ലാം ബാങ്കുകളിൽ എത്ര തുക വീതം നീക്കിയിരിപ്പുണ്ടെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ?

**കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

480 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി ഇനം തിരിച്ച് വിശദമാക്കാമോ;

(സി) പൂർത്തിയാക്കുവാൻ കാലതാമസം നേരിടുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**പാലക്കാട് ചല്ലിപ്പറമ്പ്-കല്ലേരി പാലം**

481 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ എം.എൽ.എ.യുടെ 2021-22 വർഷത്തെ ആസ്തി വികസന ഫണ്ടിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുകയിൽ നിന്നും ചെലവാകാതെ മിച്ചം വന്ന തുക ഉപയോഗിച്ച് ചല്ലിപ്പറമ്പ്-കല്ലേരി പാലം നിർമ്മിക്കുന്നതിന് പ്രത്യേക അനുമതി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 21.02.2022 ലെ 03/Fin/MLA Tarur/2021 നമ്പർ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആവശ്യം അനുവദിച്ചുകൊണ്ട് ഉത്തരവിറക്കുന്നത് അടിയന്തരമായി പരിഗണിക്കുമോ?

**എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട്**

482 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തലശ്ശേരി നിയോജകമണ്ഡലത്തിൽ 2020-21, 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ നടത്തിയ മുഴുവൻ പ്രവൃത്തികളുടെയും നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കാനുള്ളവ ഏതൊക്കെയാണെന്നും ആയതിന്റെ കാരണം എന്താണെന്നും ഇവ പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്നും വ്യക്തമാക്കാമോ?

## മലമ്പുഴ മണ്ഡലം -ആസ്തി വികസന ഫണ്ട്

483 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ 2016-21 കാലയളവിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ടെണ്ടർ ചെയ്യുതുമായി ബന്ധപ്പെട്ട് ആകെയുള്ള ടെണ്ടർ സേവിങ്ങ്സ് സംബന്ധിച്ച വിശദവിവരം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ?

## നടുവിൽക്കരയിൽ കളിസ്ഥല നിർമ്മാണം

484 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ നടുവിൽക്കരയിൽ ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനായി 2020-21-ലെ നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നാൽപ്പത് ലക്ഷം രൂപയുടെ ഭരണാനുമതിയ്ക്കായി സമർപ്പിച്ചെങ്കിലും പ്രസ്തുത പ്രവൃത്തിക്ക് 50 ശതമാനം ഫണ്ട് മാത്രമേ ആസ്തി വികസന പദ്ധതി പ്രകാരം വിനിയോഗിക്കാനാകൂ എന്നും 50 ശതമാനം മറ്റ് ഫണ്ടുകൾ കൂടി ചേർത്തുമാത്രമേ നടപ്പാക്കാനാകൂ എന്നും നിർദ്ദേശിച്ച് പ്രവൃത്തിയുടെ അനുമതി റദ്ദ് ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാമീണ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് സർക്കാർ പ്രോൽസാഹനം നൽകുന്ന സാഹചര്യത്തിൽ, മറ്റ് ഫണ്ടുകൾ ലഭ്യമല്ലാത്തപക്ഷം ആസ്തി വികസന ഫണ്ടിൽ നിന്നും 100 ശതമാനം വിനിയോഗിക്കുന്നതിന് നിലവിലുള്ള നിബന്ധനയിൽ ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ?

## ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ

485 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ, ആസ്തിവികസന ഫണ്ടിൽ അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക, ടെണ്ടർ ഉറപ്പിച്ച തുക, ടെണ്ടർ സേവിംഗ്സ്, നിർവഹണ ഏജൻസി എന്ന അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കുമോ?

## ആസ്തിവികസന ഫണ്ട് വിനിയോഗിച്ച പദ്ധതികൾ

486 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം ആരോഗ്യമേഖലക്കായി എം.എൽ.എ. മാരുടെ നിയോജക മണ്ഡല ആസ്തിവികസന ഫണ്ട് വിനിയോഗിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) തിരുവമ്പാടി നിയോജക മണ്ഡലത്തിൽ ഇതു പ്രകാരം നിർദ്ദേശിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ?

## ആസ്തി വികസനഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ ടെൻഡർ സേവിങ്സ്

487 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസനഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ടെൻഡർ ചെയ്തതുമായി ബന്ധപ്പെട്ട് ആകെയുണ്ടായിട്ടുള്ള ടെൻഡർ സേവിങ്സ് എത്ര രൂപയാണ്; ഓരോ സാമ്പത്തിക വർഷത്തിലുമുണ്ടായ ടെൻഡർ സേവിങ്സ് സംബന്ധിച്ച വിശദാംശം നൽകാമോ:;

(ബി) ടെൻഡർ സേവിങ്സ് ഇനത്തിൽ ലഭിച്ച തുക വിനിയോഗം ചെയ്യുന്നതിന് പ്രത്യേക മാർഗരേഖ പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി

488 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി 2016-17 ഉപയോഗിച്ച് പണി കഴിപ്പിച്ച പനച്ചിക്കാട് ഗ്രാമ പഞ്ചായത്തിലെ പ്രകാശ് ലൈബ്രറിയ്ക്ക് " വായനശാല നിർമ്മാണം"എന്ന പ്രവൃത്തിയ്ക്ക് ഫൈനൽ ബിൽ സമർപ്പിച്ചിട്ടും തുക അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിട നിർമ്മാണം

489 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 2016-17 എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് ഒരു കോടി രൂപയുടെ ഭരണാനുമതി സ.ഉ(ആർ.ടി) No.74/2016/Tran. dtd 16.02.2016) ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത തുക വിനിയോഗിച്ച് കെ.എസ്.ആർ.ടി.സി. ഡിപ്പോ കോൺക്രീറ്റും ഇന്റർലോക്കും

ചെയ്യുന്നതിനുള്ള ഭരണാനുമതിക്കാവശ്യമായ നടപടി സ്വീകരിക്കാമോ; വിശദമാക്കുമോ?

**<u>മങ്കട നിയോജകമണ്ഡലത്തിലെ എം. എൽ.എ.എസ്.ഡി.എഫ്. പദ്ധതി</u>**

490 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലത്ത് എം.എൽ.എ. എസ്.ഡി.എഫ്. പദ്ധതി പ്രകാരം മങ്കട നിയോജകമണ്ഡലത്തിൽ നിർദ്ദേശിക്കപ്പെട്ട ഓരോ പ്രവൃത്തിയുടെയും നിലവിലത്തെ സ്ഥിതി വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ നാളിതുവരെ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും ഭരണാനുമതി നൽകുന്നതിന്റെ കാലതാമസത്തിനുള്ള കാരണം എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>എം.എൽ.എ.പ്രത്യേക വികസന പദ്ധതി</u>**

491 **ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ എം.എൽ.എ. പ്രത്യേക വികസന പദ്ധതി പ്രകാരം എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) ഭരണാനുമതി നല്കിയിട്ടുള്ളതിൽ പൂർത്തിയാക്കാത്ത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർക്കു നിർദ്ദേശം നൽകാമോ?

**<u>ആസ്തി വികസന പദ്ധതി</u>**

492 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ 2021-22 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരം നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ അതിന്റെ കാരണവും, ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ;

(സി) ആലത്തൂർ മണ്ഡലത്തിലെ 2021-22 സാമ്പത്തിക വർഷത്തെ എം.എൽ.എ. എസ്.ഡി.എഫ്. (സ്പെഷ്യൽ ഡവലപ്മെന്റ് ഫണ്ട്) പദ്ധതി പ്രകാരം നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ആയതിന്റെ കാരണവും, പരിഹരിക്കാൻ സ്വീകരിച്ച നടപടികളും

വ്യക്തമാക്കുമോ?

**കുന്നത്തുനാട് മണ്ഡലത്തിലെ എസ്.ഡി.എഫ്, എ.ഡി.എസ് പദ്ധതികൾ**

493 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ എം.എൽ.എ.യുടെ പ്രാദേശിക വികസന പദ്ധതി, ആസ്തി വികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പദ്ധതികളിൽ പ്രവൃത്തി പൂർത്തിയാകാത്തവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓരോ പദ്ധതിയും നിലവിൽ ഏത് ഘട്ടത്തിലാണെന്നും, പ്രവൃത്തികൾ പൂർത്തിയാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

**അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം**

494 **ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ. മാരുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികൾക്കായി അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കാമോ;

(ബി) എം. എൽ. എ. നിർദ്ദേശിക്കുന്ന പദ്ധതിക്ക് ഒരു ബിഡ്ഡിംഗ് നടപടിയിലൂടെ ഏജൻസികളെ കണ്ടെത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(സി) ഓരോ പ്രവൃത്തിക്കും പ്രസ്തുത ബിഡ്ഡിംഗ് പ്രോസസ് മുഴുവൻ ചെയ്യേണ്ടത് ആരെന്ന് വ്യക്തമാക്കുന്ന ഉത്തരവോ സർക്കുലറോ നിലവിലുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുന്നതുൾപ്പടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഓരോ പ്രവൃത്തിക്കുമുള്ള ബിഡ്ഡിംഗ് പ്രോസസ് ചെയ്യുമ്പോൾ ടെണ്ടർ ചെലവുകൾ ആരാണ് കണ്ടെത്തേണ്ടതെന്ന് വ്യക്തമാക്കാമോ;

(ഇ) പല ജില്ലകളിലും പലവിധത്തിൽ പ്രസ്തുത നടപടികൾ പൂർത്തിയാക്കുന്ന സാഹചര്യത്തിൽ ഏകീകൃത മാനദണ്ഡപ്രകാരം അവ നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ സർക്കുലർ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കാമോ?

**കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന് എത്ര കോടി രൂപ ഓരോ വർഷവും ലഭിച്ചു എന്ന വിവരം**

495 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016, 2016-2021 കാലയളവുകളിൽ സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിൽ നിന്നും എത്ര കോടി രൂപ ഓരോ വർഷവും ലഭിച്ചു എന്ന വിവരം ലഭ്യമാക്കാമോ;

(ബി) 2021 മുതൽ നാളിതുവരെ സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിൽ നിന്നും എത്ര കോടി രൂപ ഓരോ വർഷവും ലഭിച്ചു എന്ന വിവരം ലഭ്യമാക്കാമോ?

## പായ്ക്ക് ചെയ്ത ഭക്ഷ്യ വസ്തുക്കൾക്ക് ജി.എസ്.ടി. ഏർപ്പെടുത്തൽ

496 **ശ്രീ എ. സി. മൊയ്തീൻ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഭക്ഷണസാധനങ്ങളുടെ വിലക്കയറ്റം മെയ് മാസത്തിൽ 12.4 ശതമാനവും ജൂൺ മാസത്തിൽ 16.9 ശതമാനവുമായിരിക്കുന്ന സാഹചര്യത്തിൽ പൊതികളിലാക്കി വിൽക്കുന്ന ഭക്ഷ്യ വസ്തുക്കൾക്ക് പുതുതായി അഞ്ച് ശതമാനം ജി.എസ്.ടി. ഏർപ്പെടുത്തിയ തീരുമാനം വിലക്കയറ്റം രൂക്ഷമാക്കുമെന്നതിനാൽ അത് പിൻവലിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇരുപത്തിയഞ്ച് കിലോയ്ക്ക് മുകളിലുള്ള ബ്രാന്റഡ് ഉല്പന്നങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന നികുതി ഒഴിവാക്കി സപ്ലൈകോ, കുടുംബശ്രീ പോലെയുള്ള സ്ഥാപനങ്ങൾ പായ്ക്ക് ചെയ്ത് വിൽക്കുന്ന സാധനങ്ങൾക്ക് നികുതി ചുമത്തിയത് സാധാരണക്കാരെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ;

(സി) കേന്ദ്രസർക്കാർ വൻകിട കുത്തക കമ്പനികളുടെ താല്പര്യം സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കുന്ന പശ്ചാത്തലത്തിൽ ജി.എസ്.ടി. കൗൺസിൽ തീരുമാനം സംസ്ഥാനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാനാകില്ലെന്ന സുപ്രീം കോടതി വിധിയുടെ ആനുകൂല്യം പ്രാവർത്തികമാക്കുന്ന കാര്യം പരിശോധിക്കുമോ?

## കേന്ദ്ര ഏജൻസികളുടെ കടന്നു കയറ്റം

497 **ശ്രീ. എ.എൻ.ഷംസീർ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രം ഭരിക്കുന്ന മുന്നണി അധികാരത്തിലില്ലാത്ത സംസ്ഥാനങ്ങളെ കേന്ദ്ര ഏജൻസികളെ ദുരുപയോഗപ്പെടുത്തി അസ്ഥിരപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ഇത്തരം ഏജൻസികൾ നടത്തിയിട്ടുള്ള കടന്നു കയറ്റം സംബന്ധിച്ച് വിശദീകരിക്കാമോ;

(ബി) സംസ്ഥാനത്തിന്റെ ആഭ്യന്തര സാമ്പത്തിക ഇടപാടുകൾ പ്രതിഫലിക്കുന്ന പബ്ലിക് അക്കൗണ്ടിൽ ബാക്കിയുള്ള തുക കൂടി ഉൾപ്പെടുത്തി കടമെടുപ്പ് പരിധി നിശ്ചയിക്കുന്ന രീതി കേന്ദ്ര ധനമന്ത്രാലയം പിൻതുടർന്നു വരുന്നുണ്ടോ; വിശദമാക്കുമോ;

(സി) കേന്ദ്ര ഏജൻസികളെ ദുരുപയോഗം ചെയ്ത് യുക്തിസഹമല്ലാത്ത പരാമർശങ്ങൾ നടത്തിയും വ്യാജ മാധ്യമ വാർത്തകൾ നൽകിയും കിഫ്ബി, സംസ്ഥാന സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി എന്നിവയുടെ ബ്രാൻഡിംഗ് തകർക്കുന്നതിനും

അതിലൂടെ വികസന പ്രവർത്തനങ്ങൾക്കും സാമൂഹ്യ സുരക്ഷാ പ്രവർത്തനങ്ങൾക്കും ധനസമാഹരണം നടത്തുന്നതിന് ഭരണഘടനാപരമായി സംസ്ഥാനത്തിനുള്ള അവകാശങ്ങളെ ഹനിക്കുന്നതിനും നടന്നു വരുന്ന ഇടപെടലുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>ഇന്ധനം/പാചകവാതകം എന്നിവയുടെ വിലവർദ്ധനവ്</u>**

498 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ധനം, പാചകവാതകം എന്നീ നിത്യോപയോഗ സാധനങ്ങൾക്ക് ഈ സർക്കാർ കാലയളവിൽ കേന്ദ്ര സർക്കാർ എത്ര പ്രാവശ്യം വിലവർദ്ധിപ്പിച്ചെന്നും അതുമൂലമുണ്ടായ വിലവർദ്ധനവ് എത്ര എന്നും വ്യക്തമാക്കുമോ;

(ബി) ഇത്തരം വിലവർദ്ധനവ് വഴി കേന്ദ്ര സർക്കാരിന് ലഭ്യമാകുന്ന നികുതി എത്രയെന്നും അന്താരാഷ്ട്ര മാർക്കറ്റിൽ വില കുറയുമ്പോൾ കേന്ദ്രം വിലകുറയ്ക്കാത്തതു വഴി അവർ നേടിയെടുക്കുന്ന അധിക വരുമാനം എത്ര എന്നും പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**<u>റവന്യൂ കമ്മി ഗ്രാന്റ്</u>**

499 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ചാമത് ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം സംസ്ഥാനത്തിന് റവന്യൂ കമ്മി ഗ്രാന്റ് ഇനത്തിൽ വകയിരുത്തിയതും നാളിതുവരെ ലഭ്യമായതുമായ തുകയെത്രയെന്ന് അറിയിക്കാമോ;

(ബി) പതിനഞ്ചാമത് ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം മറ്റു സംസ്ഥാനങ്ങൾക്ക് വകയിരുത്തിയ റവന്യൂ കമ്മി ഗ്രാന്റിന്റെ വിവരം ലഭ്യമാണോ; എങ്കിൽ നൽകുമോ;

(സി) പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം സംസ്ഥാന സർക്കാരിന് റവന്യൂ കമ്മി ഗ്രാന്റ് ഇനത്തിൽ വകയിരുത്തിയതും ലഭിച്ചതുമായ തുകയെത്രയെന്ന് അറിയിക്കാമോ?

**<u>പായ്ക്ക് ചെയ്ത ഉല്പന്നങ്ങൾക്കുള്ള ജി.എസ്.ടി.</u>**

500 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പായ്ക്ക് ചെയ്ത ഉല്പന്നങ്ങൾക്ക് ജി.എസ്.ടി. ബാധകമാക്കിക്കൊണ്ടുള്ള കേന്ദ്ര സർക്കാർ തീരുമാനം സംസ്ഥാനത്തെ ചെറുകിട ഉല്പാദകർ, വ്യാപാരികൾ, പൊതുജനങ്ങൾ എന്നിവരെ എപ്രകാരം ബാധിക്കുമെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വ്യാപാര മേഖല കോർപ്പറേറ്റ് കുത്തകകൾക്ക് പൂർണമായി നൽകാനുള്ള ശ്രമമാണ് കേന്ദ്ര സർക്കാർ നടത്തുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നിത്യോപയോഗ വസ്തുക്കൾക്ക് വില വർദ്ധിക്കാനിടയാകുന്ന സാഹചര്യം ഒഴിവാക്കണമെന്നും വിശദമായ പഠനത്തിനുശേഷം മാത്രമേ ഏത് നടപടിയും സ്വീകരിക്കാവൂ എന്നും സംസ്ഥാനം ജി.എസ്.ടി. കൗൺസിൽ യോഗങ്ങളിൽ വ്യക്തമാക്കിയിരുന്നുവോ; വിശദമാക്കാമോ;

(ഡി) ചെറുകിട കച്ചവടക്കാരും കുടുംബശ്രീ അടക്കമുള്ള ചെറുകിട ഉല്പാദകരും പായ്ക്ക് ചെയ്ത് വിൽക്കുന്ന അരിക്കും പയറുല്പന്നങ്ങൾക്കുമടക്കം ജി.എസ്.ടി. വർദ്ധിപ്പിച്ച കേന്ദ്ര സർക്കാർ തീരുമാനം സംസ്ഥാനത്ത് നടപ്പാക്കില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കാസർകോട് ജില്ലയിലെ നബാർഡ് പദ്ധതികൾ

501 **ശ്രീ എ കെ എം അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 - 22 വർഷം കാസർകോട് ജില്ലയിലെ ഏതൊക്കെ പദ്ധതികളാണ് നബാർഡ് ആർ.ഐ.ഡി.എഫ്. (റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ഫണ്ട്) - ൽ ഉൾപ്പെടുത്തുന്നതിന് നബാർഡിന് സമർപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ നബാർഡിന്റെ അംഗീകാരം ലഭിച്ച പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത വർഷം നബാർഡിന്റെ അംഗീകാരം ലഭിക്കാത്ത കാസർകോട് ജില്ലയിലെ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) നടപ്പ് സാമ്പത്തിക വർഷം കാസർകോട് ജില്ലയിലെ ഏതൊക്കെ പദ്ധതികളാണ് നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ ?

## പങ്കാളിത്ത പെൻഷൻ പദ്ധതി

502 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(ബി) പദ്ധതി പിൻവലിക്കുന്ന വിഷയത്തിൽ സർക്കാർ തീരുമാനം വൈകുന്നതിനാൽ ജീവനക്കാർക്ക് അർഹതപ്പെട്ട ഉയർന്ന സർക്കാർ വിഹിതം നൽകാനാകുന്നില്ല എന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര സർക്കാർ, 2019 മുതൽ സർക്കാരിന്റെ പെൻഷൻ വിഹിതം 14% ആക്കി ഉയർത്തിയിട്ടുണ്ടെങ്കിലും കേരളത്തിൽ ജീവനക്കാർക്ക് ഇപ്പോഴും കുറഞ്ഞ സർക്കാർ വിഹിതം തന്നെ ആണ് അനുവദിക്കുന്നത് എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ഡി) പദ്ധതി പിൻവലിക്കുന്നതിനായി അനുകൂല റിപ്പോർട്ട് ഉണ്ടായിട്ടും തീരുമാനം വൈകുന്ന സാഹചര്യത്തിൽ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക്, പദ്ധതി പിൻവലിച്ച ഉത്തരവ് ഇറങ്ങുന്നത് വരെ 14% സർക്കാർ വിഹിതം

ഉറപ്പാക്കുന്നതിനും ,കേന്ദ്രം പങ്കാളിത്ത പെൻഷൻകാർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ഉറപ്പ് വരുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഇ) പെൻഷൻ റിവിഷൻ ,ഫാമിലി പെൻഷൻ, ഡി.സി.ആർ.ജി.,കമ്മ്യൂട്ടേഷൻ ,പെൻഷൻ ഡി. ആർ . ആശ്രിത നിയമനം ,ഇൻവാലിട് പെൻഷൻ ,എക്സ്ഗ്രേഷ്യ പെൻഷൻ ,ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങളിൽ ഏതെല്ലാം സംസ്ഥാനത്തെ പങ്കാളിത്ത പെൻഷൻകാർക്ക് ലഭിക്കുമെന്ന് അറിയിക്കുമോ ;

(എഫ്) സ്റ്റാട്യൂട്ടറി പെൻഷനും ,പങ്കാളിത്ത പെൻഷനും തമ്മിൽ ആനുകൂല്യങ്ങളിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

## <u>മെഡിസെപ് പദ്ധതി</u>

503 **ശ്രീ എ കെ എം അഷ്‌റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയിൽ ജീവനക്കാർക്കും പെൻഷൻകാർക്കും ലഭിക്കുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ കാസർകോട് ജില്ലയിലെ ഏതൊക്കെ ആശുപത്രികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) കാസർകോട് ജില്ലയിലേയും തൊട്ടടുത്ത കർണാടക സംസ്ഥാനത്തെ മംഗലാപുരത്തെയും കൂടുതൽ ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>മെഡിസെപ്പിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികൾ</u>

504 **ശ്രീ എം വിൻസെൻറ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പ്രകാരം ഓരോ ജില്ലയിലും ഉൾപ്പെടുത്തിയിട്ടുള്ള സ്വകാര്യ ആശുപത്രികൾ എത്രയാണ്; ഏതൊക്കെയാണ്; പേരുകൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ മുഴുവൻ സർക്കാർ ആശുപത്രികളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉൾപ്പെടുത്താത്തവ ഏതെല്ലാം;

(സി) കേരളത്തിലെ മികച്ച ആശുപത്രികളായ റീജിയണൽ ക്യാൻസർ സെന്റർ, ശ്രീ ചിത്തിര തിരുനാൾ, ഇന്ത്യൻ ഡയബറ്റിക്ക് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ; അറിയിക്കുമോ?

## <u>കെ.സി.ആർ.ഐ.പി. ജീവനക്കാർക്ക് സ്പാർക്ക് സംവിധാനം</u>

505 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരപാതാ വികസന (കെ.സി.ആർ.ഐ.പി.) ഓഫീസ് ജീവനക്കാർക്ക് സ്പാർക്ക് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് നിലവിലുള്ള ധനകാര്യ (ധനവിനിയോഗ (എ)) വകുപ്പിലെ

ബി3/261/2022 നമ്പർ ഫയലിലെ അവസ്ഥ അറിയിക്കാമോ;

(സി) ഇതു സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ സ്പാർക്ക് എപ്പോൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) സ്പാർക്ക് സംവിധാനം ഇല്ലാത്തത് കാരണം പ്രസ്തുത ജീവനക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## മെഡിസെപ്പിലെ പരാതികൾ

506 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജൂലൈ മാസം മുതൽ സംസ്ഥാനത്ത് നിലവിൽ വന്ന മെഡിസെപ് ആരോഗ്യ ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ഇതുവരെ എത്ര പേർക്ക് ലഭിച്ചിട്ടുണ്ടെന്നും, എത്ര രൂപ ഈ പദ്ധതി വഴി ഇൻഷുറൻസ് കമ്പനി ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ജില്ല തിരിച്ച് വിശദാംശങ്ങൾ നൽകാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ഇതുവരെ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) പരാതികൾ അറിയിക്കേണ്ടത് എവിടെയാണെന്നും വിശദമാക്കാമോ?

## കുന്നത്തങ്ങാടി-വിളക്കുമാടം-വെളുത്തൂർ റോഡിന്റെ ശോച്യാവസ്ഥ

507 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ ടോക്കൺ തുക വകയിരുത്തിയ മണലൂർ മണ്ഡലത്തിൽ ഉൾപ്പെട്ട അരിമ്പൂർ പഞ്ചായത്തിലെ കുന്നത്തങ്ങാടി-വിളക്കുമാടം-വെളുത്തൂർ റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി പൊളിച്ചതിനെ തുടർന്ന് അതീവ ശോച്യാവസ്ഥയിലായതിനാൽ പ്രസ്തുത റോഡ് മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത റോഡിന്റെ പുനരുദ്ധാരണത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

## സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക

508 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷ കാലയളവിൽ ഇടുക്കി പാക്കേജ്, വയനാട് പാക്കേജ്, കുട്ടനാട് പാക്കേജ്, തീരദേശ പാക്കേജ് എന്നിവയ്ക്കായി സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുകയും ഓരോ സാമ്പത്തിക വർഷവും ചെലവഴിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ?

## പത്രപ്രവർത്തകർക്ക് പ്രഖ്യാപിച്ച പെൻഷൻ

509 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ പത്രപ്രവർത്തകർക്ക് പ്രഖ്യാപിച്ച പെൻഷൻ പൂർണമായും ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**ആലത്തൂർ നിയോജകമണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ് പ്രൊപ്പോസൽ**

510 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗം സംബന്ധിച്ച് 2016-17, 2017-18 വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് തുക കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ടെണ്ടർ സേവിംഗ്സ് വരുന്ന മുറയ്ക്ക് പുതിയ പ്രൊപ്പോസൽ നിർദ്ദേശിക്കാൻ കഴിയുമോ ; ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാമോ?

**തെയ്യം കലാ അക്കാഡമിയുടെ അടിസ്ഥാന വികസനം**

511 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ തലശ്ശേരി നിയോജക മണ്ഡലത്തിലെ തെയ്യം കലാ അക്കാഡമിയുടെ അടിസ്ഥാന സൗകര്യവികസനത്തിന് ഫണ്ട് അനുവദിച്ചെങ്കിലും തുക പരാമർശിച്ചിട്ടില്ല;പ്രസ്തുത തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; (ഫയൽ നമ്പർ - E-2135344) ബജറ്റിൽ പ്രഖ്യാപിച്ച തുക അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**കോട്ടായി ഐ.എച്ച്.ആർ.ഡി. കോളേജ് കെട്ടിടനിർമ്മാണം**

512 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് കോട്ടായി ഐ.എച്ച്.ആർ.ഡി. കോളേജ് കെട്ടിട നിർമ്മാണത്തിനായി 2021-22 വർഷത്തെ ബജറ്റിൽ അനുവദിച്ച അഞ്ച് കോടി രൂപ പൊതുമരാമത്ത് വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ നൽകുന്നതിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യം ഉന്നയിച്ചുകൊണ്ട് 30.06.2022 തീയതിയായി 03/Fin/MLA Tarur/2022/TVM നമ്പർ കത്തിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ?

**ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ**

513 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ 2011-12 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെ ഓരോ വർഷവും ബജറ്റ് എസ്റ്റിമേറ്റ് - അനുബന്ധം II മരാമത്ത് പണികളിൽ 20 % തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; ഓരോ വർഷത്തെയും ലിസ്റ്റ് പ്രത്യേകം ലഭ്യമാക്കാമോ?

**കായംകുളം മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പുരോഗതി**

514 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-2023 ബഡ്ജറ്റിൽ കായംകുളം മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി പ്രഖ്യാപിച്ച പത്തു കോടി രൂപയുടെ പദ്ധതികളുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

**ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെവികസനപ്രവർത്തനങ്ങൾ**

515 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റിൽ ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ ഏതെല്ലാം വികസന പ്രവ്യത്തികൾക്കാണ് 20% തുക ടോക്കൺ പ്രൊവിഷൻ ലഭിച്ചിട്ടുള്ളത്; സാമ്പത്തിക വർഷം തിരിച്ച് വിശദാംശം നൽmeaningകാമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവ്യത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(സി) ഇവയിൽ ഭരണാനുമതി ലഭിക്കാത്ത വികസന പ്രവൃത്തികൾ ഏതൊക്കെയാണ്;

(ഡി) ഭരണാനുമതി ലഭിക്കുന്നത് വൈകാൻ ഇടയാക്കുന്ന സാഹചര്യം വിശദമാക്കാമോ?

**ദേവികുളം മണ്ഡലത്തിലെ പ്രവൃത്തികൾ**

516 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2022-23 വരെയുള്ള വർഷത്തെ ബഡ്ജറ്റിൽ 20% ബഡ്ജറ്റ് പ്രൊവിഷൻ ലഭിച്ച ദേവികുളം മണ്ഡലത്തിലെ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നും അതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ?

**ആനാവൂർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയം നവീകരണം**

517 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ

ഉൾപ്പെടുത്തിയ, ആനാവൂർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയം നവീകരണം എന്ന പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാര്യകാരണ സഹിതമുള്ള വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശം അറിയിക്കാമോ?

**ക്ഷേമ പെൻഷനും മസ്റ്ററിംഗും**

518 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അറിവില്ലായ്മകൊണ്ടും സാങ്കേതിക തകരാറ് മൂലവും മസ്റ്ററിംഗ് നടത്താത്തവരുടെ ക്ഷേമപെൻഷൻ വീണ്ടും മസ്റ്ററിംഗ് നടത്തി അർഹരായവർക്ക് നൽകുന്നതിന് എന്താണ് തടസ്സമെന്ന് അറിയിക്കാമോ;

(ബി) യഥാസമയം മസ്റ്ററിംഗ് നടത്താത്ത കാലയളവിൽ അർഹരായ എത്രപേർക്കാണ് പെൻഷൻ നൽകാനുള്ളത്; ഇത് സംബന്ധിച്ച എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

**വിധവാ പെൻഷൻ മാനദണ്ഡം പരിഷ്കരിക്കുന്നത്**

519 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ (എസ്.എഫ്.സി. സെൽ-ബി) വകുപ്പിന്റെ 31.03.2020-ലെ 17/2020/ധന. സർക്കുലർ പരിഷ്കരിച്ച് വിധവാ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡത്തിൽ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട് ഏഴ് വർഷം കഴിഞ്ഞ മറ്റ് ആശ്രയങ്ങൾ ഒന്നുമില്ലാതെ ജീവിക്കുന്നവരും സാമ്പത്തിക പരാധീനതകൾ ഉള്ളവരുമായ 50 വയസ്സിൽ കുറവ് പ്രായമുള്ള സ്ത്രീകളെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**ആർട്ടിസാൻസ് വിഭാഗത്തിനുള്ള ക്ഷേമപെൻഷൻ**

520 **ശ്രീ സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കൈത്തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആർട്ടിസാൻസ് വിഭാഗത്തിന് ക്ഷേമപെൻഷനുകൾ സമയബന്ധിതമായി ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഇനത്തിൽ കുടിശ്ശിക നൽകാനുണ്ടോ; എങ്കിൽ കുടിശ്ശിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**മൾട്ടിലെവൽ മാർക്കറ്റിംഗ്**

521 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൾട്ടിലെവൽ മാർക്കറ്റിംഗ്/ ഡയറക്ട് സെല്ലിംഗ് മുഖേന സംസ്ഥാനത്ത് നികുതി

വരുമാനം ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ രംഗത്ത് വ്യാപാരം നടത്തുന്നതിനായി സർക്കാർ പ്രത്യേക മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന ഈ മേഖലയിലെ സെല്ലർമാർക്ക് ക്ഷേമനിധി സംവിധാനം ഏർപ്പെടുത്തുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

## മുളന്തുരുത്തി റെയിൽ ഓവർബ്രിഡ്ജിന്റെ നിർമ്മാണം

522 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളന്തുരുത്തി റെയിൽ ഓവർബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ പരിഗണനയിലുള്ള ഫയലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട ടെൻഡർ നടപടികൾ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി അംഗീകാരം നൽകുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശങ്ങൾ വകുപ്പ് അനന്തമായി നീട്ടികൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത ടെണ്ടർ നടപടികൾക്ക് എന്നത്തേക്ക് അംഗീകാരം ലഭ്യമാക്കാൻ സാധിക്കുമെന്നറിയിക്കാമോ?

## മെഡിസെപ് പദ്ധതി

523 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് ഇൻഷൂറൻസ് പദ്ധതി പ്രകാരം 2022 ആഗസ്റ്റ് 15 വരെ പദ്ധതിയിലെ ഗുണഭോക്താക്കളായ അംഗങ്ങളുടെ ചികിത്സാ ബില്ലിലേക്ക് ഇൻഷൂറൻസ് കമ്പനി എത്ര രൂപ ആശുപത്രികൾക്ക് കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആശുപത്രികൾക്ക് പണം ലഭിക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവയിൽ സ്വീകരിച്ച നടപടി വിശദീകരിക്കുമോ;

(സി) ഇൻഷൂറൻസ് കമ്പനിയുമായുള്ള കരാർ പ്രകാരം ഒരു രോഗിയെ ഡിസ്ചാർജ് ചെയ്തു എത്ര ദിവസം പൂർത്തിയായാൽ ചികിത്സാ ബിൽ തുക ആശുപത്രിക്ക് കൈമാറാം എന്നാണ് വ്യവസ്ഥ ചെയ്തതെന്ന് വ്യക്തമാക്കുമോ; സർക്കാർ ഇവയുടെ മേൽനോട്ടത്തിന് ഏത് സ്വകാര്യ ഏജൻസിയെയാണ് ഏർപ്പാടാക്കിയതെണ് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ഒരോ ചികിത്സക്കും ഇൻഷൂറൻസ് കമ്പനി, തുകക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ? എങ്കിൽ സാധാരണ പ്രസവം, സിസേറിയൻ, ആൻജിയോ പ്ലാസ്റ്റി, ജനറൽ മെഡിസിൻ എന്നിവക്ക് നിശ്ചയിച്ച പരിധി എത്രയെന്ന് വ്യക്തമാക്കുമോ;

(ഇ) രോഗി ഡിസ്ചാർജ് ചെയ്തു എത്ര ദിവസം കഴിഞ്ഞതിനു ശേഷമാണ് ഫൈനൽ

അപ്രൂവൽ തുക അറിയാൻ സാധിക്കുക എന്നത് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത പോളിസിയിൽ ഒരാൾക്ക് പ്രീമിയം ഇനത്തിൽ ഇൻഷ്വറൻസ് കമ്പനിക്ക് എത്ര രൂപയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

## പരപ്പനങ്ങാടി ന്യൂക്കട്ട് പാലം

524 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരപ്പനങ്ങാടി ന്യൂക്കട്ട് പാലത്തിന്റെ നിർമ്മാണത്തിനായി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മുൻപ് ഭരണാനുമതി ലഭ്യമാക്കിയ പ്രസ്തുത പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിന് ധനകാര്യ വകുപ്പിന്റെ തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

## സർക്കാരിന്റെ ധനസ്ഥിതി

525 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്ന, സർക്കാരിന്റെ നിയന്ത്രണങ്ങൾക്ക് അതീതമായ, ഘടകങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് രീതിയിൽ ഇതിനെ മറികടക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും വിശദീകരിക്കാമോ?

## സാമൂഹ്യക്ഷേമ വകുപ്പിലെ കരാർ ജീവനക്കാരുടെ വേതനം

526 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിലെ കരാർ ജീവനക്കാരുടെ വേതനവുമായി ബന്ധപ്പെട്ട (ടെക്നിക്കൽ അസിസ്റ്റന്റ്) കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട SJD.C2/111/2022/SJD നമ്പർ ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) ആയത് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

## ജി സ്പാർക്ക്

527 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ പൊതുസർവ്വീസിലെ ഏകദേശം മുപ്പത്തിഅയ്യായിരം വരുന്ന ജീവനക്കാരുടെ സേവന വേതന കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും ശമ്പള വിതരണത്തിനുമായി സ്പാർക്ക് മാതൃകയിൽ ഒരു ഏകീകൃത സോഫ്റ്റ്‌വെയർ ആവിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടർ നൽകിയ ശിപാർശയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ശിപാർശയിന്മേൽ ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ

എന്തെല്ലാമാണ് വ്യക്തമാക്കാമോ?

**<u>ഹജ്ജ് കമ്മിറ്റിക്കും വഖഫ് ബോർഡിനുമുള്ള ധനസഹായം</u>**

528 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹജ്ജ് കമ്മിറ്റിക്കും വഖഫ് ബോർഡിനും കഴിഞ്ഞ 5 വർഷം അനുവദിച്ച ഗ്രാന്റ് എത്ര വീതമെന്നതിന്റെ കണക്ക് ലഭ്യമാക്കുമോ;

(ബി) ഹജ്ജ് കമ്മിറ്റിക്കുള്ള സ്ഥിരം ഗ്രാന്റും വഖഫ് ബോർഡിനുള്ള ധനസഹായവും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം</u>**

529 **ശ്രീ സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ബ്ലെയ്ഡ് കമ്പനികൾ, സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ കേരള സംസ്ഥാനത്ത് സമാന്തര സാമ്പത്തിക സ്വാധീനം ഉണ്ടാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :;

(ബി) ഇത്തരം സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ളവർ പിന്നീട് ഭൂരഹിത ഭവനരഹിതരായി മാറിയിരിക്കുന്നതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇത്തരം പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും ഗ്രാമപ്രദേശങ്ങളിൽ നിന്നും ഒഴിവാക്കുന്നതിനും ഇത്തരം സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ളവരെ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നട<u>ത്തു</u>ന്നത് പരിഗണനയിലുണ്ടോ?

**<u>ധനകാര്യ വകുപ്പ് മന്ത്രിയുടെ പോസ്റ്റ് ഫാക്റ്റോ സാങ്ഷൻ</u>**

530 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് സാൻ ഫാർമാ എന്ന സ്ഥാപനത്തിൽ നിന്നും ഉയർന്ന നിരക്കിൽ പി.പി.ഇ. കിറ്റ് (നം. /31/2020/health) വാങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് അന്നത്തെ ധനകാര്യ വകുപ്പ് മന്ത്രിയുടെ പോസ്റ്റ് ഫാക്റ്റോ സാങ്ഷൻ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കാനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സമർപ്പിച്ച നോട്ട് ഫയലിൽ പി.പി.ഇ. കിറ്റിന്റെ വിലയിൽ വലിയ വ്യത്യാസം ഉണ്ടായിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഇല്ലയെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

**<u>പെൻഷൻകാരുടെ ചികിത്സാ ചെലവ്</u>**

531 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-2011 വർഷം സർവീസ് പെൻഷൻകാർക്ക് ചികിത്സ ചെലവ് അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് അന്നത്തെ മുഖ്യമന്ത്രി പെൻഷൻ സംഘടനകളുമായി ചർച്ച നടത്തിയിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ വൈകിയതിന്റെ കാരണം വ്യക്തമാക്കാമോ?

## സർക്കാർ തിരിച്ചു പിടിച്ച തുക സ്കൂളിന് ലഭ്യമാക്കുന്നതിന് നടപടി

532 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗവ: വി.എച്ച്.എസ്.എസ്. ഹൈടെക്ക് ആക്കുന്നതിന്റെ ഭാഗമായി ടോയ്‌ലറ്റ് നിർമ്മാണത്തിന് മലപ്പുറം ജില്ലാ പഞ്ചായത്ത് അനുവദിച്ച ഇരുപത് ലക്ഷം രൂപ സർക്കാർ തിരിച്ചു പിടിച്ചത് സ്കൂളിന് തിരികെ ലഭിക്കുന്നതിനായി സ്കൂൾ ഹെഡ്മാസ്റ്ററിന്റെ അപേക്ഷയിൻമേൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ധനകാര്യ വകുപ്പിന് അയച്ച കത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ടോയ്‌ലറ്റ് നിർമ്മാണം പൂർത്തിയാക്കിയ സർക്കാർ ഏജൻസിക്ക് പണം നൽകാൻ കഴിയാതെ സ്കൂൾ അധികൃതർ നേരിടുന്ന ബുദ്ധിമുട്ട് പരിശോധിക്കുമോ; സർക്കാർ തിരിച്ചെടുത്ത തുക സ്കൂളിന് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## ചെറുപുഴ ട്രഷറിയ്ക്ക് പുതിയ കെട്ടിടം നിർമ്മാണം

533 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വകുപ്പിന്റെ കീഴിൽ സ്ഥലമില്ലാത്തതിനാൽ ജനകീയ പങ്കാളിത്തത്തോടെ സ്വകാര്യ വ്യക്തിയിൽ നിന്ന് 5 സെന്റ് സ്ഥലം വാങ്ങി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയ സാഹചര്യത്തിൽ പ്രസ്തുത കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ;

(ബി) ഈ സാമ്പത്തിക വർഷം തന്നെ പുതിയ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകാൻ കഴിയുമോ; വ്യക്തമാക്കാമോ?

## ധനകാര്യ പരിശോധന വിഭാഗം നടത്തിയ പരിശോധനകൾ

534 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ പരിശോധന വിഭാഗം 2021 വർഷത്തിൽ സംസ്ഥാനത്തെ വിവിധ ഓഫീസുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നടത്തിയ പരിശോധനകളുടെ വിശദാംശം വ്യക്തമാക്കുമോ; പരിശോധനാ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പരിശോധനകളിൽ ഗുരുതരമായ ക്രമക്കേടുകൾ എന്തെങ്കിലും

കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; ആയതിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

## <u>സ്പാർക്ക് സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി</u>

535 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്ക് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കൂടുതൽ സ്റ്റാഫിന്റെ സേവനം ലഭ്യമാക്കി നവീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## <u>സംസ്ഥാനത്തുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി</u>

536 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സാമ്പത്തിക നയങ്ങളുടെ ഭാഗമായി ജി.എസ്.ടി. നടപ്പാക്കിയും പായ്ക്കു ചെയ്തു വിൽക്കുന്നതും അല്ലാത്തതുമായ എല്ലാ ഉല്പന്നങ്ങളെയും അടിക്കടി ജി.എസ്.ടി. പരിധിയിലാക്കിയും അതുമൂലം സംസ്ഥാനത്തുണ്ടാകുന്ന സമ്പദ്‌വ്യവസ്ഥയിലെ പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇത്തരം കേന്ദ്ര സർക്കാർ നടപടിമൂലം സംസ്ഥാനത്തുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധിയും പൊതുജനങ്ങൾക്കുണ്ടാകുന്ന വിലകയറ്റവും, ദുരിതങ്ങളും എത്രത്തോളമെന്നുള്ളതും സർക്കാർ പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേന്ദ്ര സർക്കാർ നയങ്ങളിൽ മാറ്റം വരുത്തുവാനും ഒപ്പം വിലക്കയറ്റം തടയുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്നും വ്യക്തമാക്കുമോ?

## <u>കായംകുളം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികളുടെ പുരോഗതി</u>

537 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന കായംകുളം മണ്ഡലത്തിൽ നടന്നുവരുന്ന ഓരോ പദ്ധതികളുടേയും പുരോഗതി വിശദമാക്കാമോ?

## <u>കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>

538 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ആകെയുള്ള കിഫ്ബി പദ്ധതികൾ എത്രയാണെന്നും, അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) നിലവിൽ എത്ര കിഫ്ബി പദ്ധതികൾ കോതമംഗലം മണ്ഡലത്തിൽ പൂർത്തീകരിച്ചെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ;

(ഡി) കോതമംഗലം മണ്ഡലത്തിലെ പൂർത്തീകരിക്കാത്ത കിഫ്ബി പദ്ധതികളുടെ

നിലവിലെ സ്ഥിതിയും അവ എന്നത്തേക്ക് പൂർത്തികരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(ഇ) മണ്ഡലത്തിലെ മുഴുവൻ കിഫ്ബി പദ്ധതികളും വേഗത്തിൽ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഷൊർണ്ണൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

539 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ കിഫ്ബി സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ; ഓരോ പ്രവൃത്തിയുടെയും പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന വിവരം നൽകാമോ?

## ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

540 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പറക്കുന്നം പാലം, കണ്ണാടി-പന്നിക്കോട് റോഡ് എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ?

## കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണം

541 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണം സംബന്ധിച്ച് എസ്.പി.വി. (സ്പെഷ്യൽ പ്രോജക്റ്റ് വെഹിക്കിൾ) ആയ ഹൗസിംഗ് ബോർഡ്, സ്ട്രക്ച്ചറൽ ഡിസൈനും ഡ്രോയിംഗും പുതുക്കിയ എസ്റ്റിമേറ്റും കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി അനന്തമായി നീളുന്നതിന്റെ കാരണം വിശദീകരിക്കാമോ; കഴിഞ്ഞ അഞ്ച് വർഷമായി പദ്ധതി അനന്തമായി നീണ്ടുപോകുന്നത് പരിഹരിക്കാൻ നടപടി സ്വകരിക്കുമോ;

(സി) എസ്.പി.വി(സ്പെഷ്യൽ പ്രോജക്റ്റ് വെഹിക്കിൾ) ആയ ഹൗസിംഗ് ബോർഡ് തയ്യാറാക്കിയ ഏതൊക്കെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട് എന്നറിയിക്കാമോ; എത്രയെണ്ണത്തിന് ഇനി അംഗീകാരം നൽകാനുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിന് ഇനിയുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

## സ്റ്റോർ പർച്ചേസ് മാന്വൽ വ്യവസ്ഥകൾ

542 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന്റെ പർച്ചേസുകൾക്ക് സ്റ്റോർ പർച്ചേസ് മാന്വൽ വ്യവസ്ഥകൾ നിഷ്കർഷിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) സ്റ്റോർ പർച്ചേസ് മാന്വലിന്റെ അനുബന്ധം ഒന്നിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ നടത്തുന്ന പർച്ചേസുകൾ മാന്വൽ വ്യവസ്ഥകൾക്ക് വിധേയമായിരിക്കേണ്ടതല്ലേ; വ്യക്തമാക്കാമോ;

(സി) സ്റ്റോർ പർച്ചേസ് മാന്വലിന്റെ അനുബന്ധം ഒന്നിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടെ വിശദവിവരം നൽകാമോ;

(ഡി) കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അടിയന്തര പർച്ചേസുകൾക്ക് 04.04.2020 തീയതിയിൽ സ്റ്റോർ പർച്ചേസ് മാന്വൽ വ്യവസ്ഥകൾക്ക് ഇളവ് നൽകുന്നതിന് മുൻപ് 30.03.2020-ന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടത്തിയ പർച്ചേസുകൾക്ക് സ്റ്റോർ പർച്ചേസ് മാന്വൽ വ്യവസ്ഥകൾ ബാധകമല്ലേ; വ്യക്തമാക്കാമോ?

## സ്റ്റോർ പർച്ചെയ്സ് മാന്വൽ വ്യവസ്ഥകൾക്ക് ഇളവ്

543 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അടിയന്തിര പർച്ചെയ്സുകൾക്ക് 04.04.2020 തീയതിയിൽ സ്റ്റോർ പർച്ചെയ്സ് മാന്വൽ വ്യവസ്ഥകൾക്ക് ഇളവ് നൽകുന്നതിന് മുൻപ് സാൻ ഫർമാ എന്ന സ്ഥാപനത്തിൽ നിന്നും 30.03.2020 തീയതിയിൽ ഉയർന്ന വിലയിൽ പി.പി.ഇ. കിറ്റ് വാങ്ങിയ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടപടിക്ക് സ്റ്റോർ പർച്ചയ്സ് മാന്വൽ വ്യവസ്ഥകളിൽ നൽകിയ ഇളവ് ബാധകമാണോ എന്ന് വ്യക്തമാക്കാമോ?

## ജി.എസ്.ടി. ഒഴിവാക്കിയതു മൂലമുള്ള നഷ്ടം

544 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന പാക്കുചെയ്ത നിത്യോപയോഗ സാധനങ്ങളെ ജി.എസ്.ടി. ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതുമൂലം സംസ്ഥാന ഖജനാവിന് പ്രതിവർഷം ഉണ്ടാകുന്ന വരുമാന നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ?

## ജി.എസ്.ടി. വരുമാനത്തിലുണ്ടായ നഷ്ടം

545 **ശ്രീ സി ആർ മഹേഷ്**
**ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിലവിൽവന്നത് മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും

സംസ്ഥാന സർക്കാരിന് കേന്ദ്രസർക്കാരിൽ നിന്നും നഷ്ടപരിഹാര ഇനത്തിൽ ലഭിച്ച വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി. നടപ്പാക്കിയതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ; എങ്കിൽ മുൻപ് ഉണ്ടായിരുന്ന നികുതി ഘടനയുമായി താരതമ്യം ചെയ്യുമ്പോൾ ഓരോ സാമ്പത്തിക വർഷവും നികുതി വരുമാനത്തിൽ എത്ര ശതമാനം നഷ്ടമുണ്ടായതായാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നഷ്ടം പരിഹരിക്കുന്നതിന് പര്യാപ്തമായ തുക കേന്ദ്രസർക്കാരിൽ നിന്നും നഷ്ടപരിഹാര ഇനത്തിൽ ലഭ്യമായിട്ടുണ്ടോ വ്യക്തമാക്കുമോ;

(ഡി) ഉപഭോക്തൃ സംസ്ഥാനമായിട്ടും അവസാന പോയിന്റിൽ നികുതി ഈടാക്കുന്ന ജി.എസ്.ടി. സംവിധാനത്തിൽ സംസ്ഥാന സർക്കാരിന്റെ നികുതി വരുമാനം വർദ്ധിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

**<u>നിത്യോപയോഗ സാധനങ്ങൾക്ക് ഏർപ്പെടുത്തിയ ജി.എസ്.ടി.</u>**

546 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ സി ആർ മഹേഷ്**
**ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില്ലറ വിൽപ്പന നടത്തുന്ന നിത്യോപയോഗ സാധനങ്ങൾക്ക് അഞ്ച് ശതമാനം ജി.എസ്.ടി. ഏർപ്പെടുത്തിയ ജി.എസ്.ടി. കൗൺസിൽ തീരുമാനം നടപ്പാക്കില്ലെന്ന നിലപാട് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നികുതി പിരിവ് നടപ്പാക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) സപ്ലൈകോ ഔട്ട്‌ലെറ്റുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ വർദ്ധിപ്പിച്ച നികുതി ഈടാക്കി വിൽപ്പന നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇപ്രകാരം അധിക നികുതി ഈടാക്കിയ ഇനത്തിൽ സർക്കാരിന് ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ നിലപാടിന് വിരുദ്ധമായി ജി.എസ്.ടി. വകുപ്പ് അധിക നികുതി ഈടാക്കിയത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന് ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**<u>കിഫ്ബി വായ്പകളുടെ തിരിച്ചടവ്</u>**

547 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വായ്പകളുടെ തിരിച്ചടവ് നിലവിൽ നടത്തുന്നത് സംസ്ഥാനത്തിന്റെ നികുതി/സെസ്സ് വരുമാനത്തിൽ നിന്നാണോ; വിശദാംശം നൽകാമോ;

(ബി) ജനങ്ങളിൽ നിന്നും പിരിക്കുന്ന നികുതി/സെസ്സ് വരുമാനത്തിൽ നിന്നും വായ്പ

തിരിച്ചടവ് നടത്തേണ്ട കിഫ്ബി സംവിധാനം പരസ്യയിനത്തിൽ കോടികളുടെ ചെലവ് നടത്തുന്നത് അവസാനിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## നികുതി ഭരണത്തിൽ സമയബന്ധിതമായ പരിഷ്കരണം

548 **ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ . ഷാഫി പറമ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ സംസ്ഥാനമായിട്ടും അവസാന പോയിന്റിൽ നികുതി ഈടാക്കുന്ന ജി.എസ്.ടി. സംവിധാനത്തിൽ സംസ്ഥാന സർക്കാരിന്റെ നികുതി വരുമാനം വർദ്ധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ജി.എസ്.ടി. എന്ന് മുതലാണ് നടപ്പിലാക്കിയത്; മാറിയ നികുതി ഘടനയ്ക്ക് അനുസൃതമായി നികുതി വകുപ്പിനെ പുനഃസംഘടിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവ് എന്നാണ് പുറത്തിറക്കിയത്; ഉത്തരവിലെ പ്രസക്തമായ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) മാറിയ നികുതി ഘടനയ്ക്ക് അനുസൃതമായി നികുതി ഭരണത്തിൽ സമയബന്ധിതമായി പരിഷ്കരണം വരുത്തുവാൻ സാധിക്കാതിരുന്നതിന്റെ ഫലമായി വലിയ തോതിൽ നികുതി നഷ്ടം ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നഷ്ടം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ജി.എസ്.ടി. വരുമാനത്തിലെ വളർച്ച

549 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാനം ഓരോ സാമ്പത്തിക വർഷ അടിസ്ഥാനത്തിൽ എത്രയാണെന്ന് വ്യക്തമാക്കുമോ; സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാനത്തിൽ ക്രമാനുഗതമായ വളർച്ച രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ജി.എസ്.ടി. നഷ്ടപരിഹാരത്തിന്റെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത സഹായം ഇല്ലാതെ മുന്നോട്ട് പോകാൻ കഴിയുന്ന രീതിയിൽ സംസ്ഥാനത്തെ ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

## ജി.എസ്.ടി. കൗൺസിൽ

550 **ശ്രീ എം വിൻസെൻറ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ പാക്ക്ഡ്, പ്രീ ലേബൽഡ് ആയിട്ടുള്ള അരിയും ധാന്യങ്ങളും പാൽ ഉല്പന്നങ്ങളും

ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾക്കുള്ള നികുതിയിളവ് ഒഴിവാക്കി പകരം അഞ്ച് ശതമാനം നികുതി ഈടാക്കുവാൻ തീരുമാനമെടുത്ത ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ സംസ്ഥാന ധനകാര്യ മന്ത്രി പങ്കെടുത്തിരുന്നോ;

(ബി) പ്രസ്തുത തീരുമാനത്തോട് സംസ്ഥാനം വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ;

(സി) പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**നിത്യോപയോഗ സാധനങ്ങൾക്ക് 5% ജി.എസ്.ടി.**

551 **ശ്രീ. എ . പി . അനിൽ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിയും ധാന്യങ്ങളും പാലുൽപന്നങ്ങളും ഉൾപ്പെടെ ചില്ലറ വില്പന നടത്തുന്ന നിത്യോപയോഗ സാധനങ്ങൾക്ക് 5 ശതമാനം ജി.എസ്.ടി. ഏർപ്പെടുത്തിയ ജി.എസ്.ടി. കൗൺസിൽ തീരുമാനം സംസ്ഥാനത്ത് നടപ്പാക്കില്ല എന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം നികുതി പിരിക്കുന്നത് ഒഴിവാക്കുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**ജി.എസ്.ടി. വർദ്ധനവ്**

552 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിരക്കിലുണ്ടായ വർദ്ധനവ് മൂലം പൊതുപ്രവൃത്തികൾ നടത്തുന്നതിന് കൂടുതൽ തുക ആവശ്യമായിവരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) ഇതിനകം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് ഈ നികുതി വർദ്ധന ബാധകമാണോ; എങ്കിൽ അധിക തുക എപ്രകാരം കണ്ടെത്തുമെന്ന് അറിയിക്കാമോ?

**നിത്യോപയോഗ സാധനങ്ങളുടെ നികുതി വർദ്ധന**

553 **ശ്രീ. ടി.സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 40 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ചെറുകിട കച്ചവടക്കാർ ജി.എസ്.ടി. നിയമത്തിന്റെ പരിധിയിൽ വരുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ചെറുകിട കച്ചവടക്കാരെയും കുടുംബശ്രീക്കാരെയും ജി.എസ്.ടി. കൗൺസിൽ നിർദ്ദേശിച്ച നിത്യോപയോഗ സാധനങ്ങളുടെ അഞ്ച് ശതമാനം നികുതി വർദ്ധനയിൽ നിന്നും ഒഴിവാക്കിയതായി സംസ്ഥാന ധനകാര്യ മന്ത്രി പ്രസ്താവന നടത്തിയതിന്റെ അടിസ്ഥാനം എന്താണെന്ന് വ്യക്തമാക്കുമോ?

**നിർമ്മാണ പ്രവൃത്തികളുടെ ജി.എസ്.ടി. വർദ്ധനവ്**

554 **ശ്രീ . ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ നിർമ്മാണ പ്രവൃത്തികളുടെ ജി.എസ്.ടി. നിരക്കിൽ വർദ്ധനവ് വരുത്തിയത് കാരണം നിലവിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് പോലും അധികം തുക കണ്ടെത്തുകയോ അല്ലെങ്കിൽ പദ്ധതി വെട്ടിച്ചുരുക്കുകയോ ചെയ്യേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ വകുപ്പുകളുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് ജി.എസ്.ടി. വർദ്ധനവ് കാരണം അധികം വേണ്ട തുക അതാത് വകുപ്പുകൾക്ക് പ്രത്യേകമായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾക്ക് ജി.എസ്.ടി. നിരക്ക് ഒഴിവാക്കിക്കൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## നിത്യോപയോഗ സാധനങ്ങൾക്ക് ഏർപ്പെടുത്തിയ ജി.എസ്.ടി.

555 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ . സണ്ണി ജോസഫ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ പി സി വിഷ്ണുനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനങ്ങൾക്ക് ശിപാർശയുടെ സ്വഭാവമേ ഉള്ളൂ എന്നും അത് നിർബന്ധമായും നടപ്പാക്കാൻ സംസ്ഥാനങ്ങൾക്ക് ബാധ്യതയില്ല എന്നുമുള്ള സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിധിയിലെ പ്രസക്തഭാഗങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിധി പ്രകാരം ജി.എസ്.ടി. കൗൺസിൽ നിർണയിക്കുന്ന നികുതി നിർദ്ദേശത്തിന്മേൽ എതിർപ്പുള്ള പക്ഷം സംസ്ഥാനങ്ങൾക്ക് സ്വന്തം നിലയിൽ തീരുമാനങ്ങൾ എടുക്കുവാൻ സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) അരിയും ധാന്യങ്ങളും പാലുല്പന്നങ്ങളും ഉൾപ്പെടെ ചില്ലറ വില്പന നടത്തുന്ന നിത്യോപയോഗ സാധനങ്ങൾക്ക് ജി.എസ്.ടി. കൗൺസിൽ ഏർപ്പെടുത്തിയ 5 ശതമാനം ജി.എസ്.ടി. ഈടാക്കാതിരിക്കാൻ പ്രസ്തുത കോടതി ഉത്തരവ് പ്രകാരം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## ജി.എസ്.ടി. നികുതി നിർണയം

556 **ശ്രീ . എൻ . ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോൾസെയിൽ വ്യാപാരികൾ റീട്ടെയിൽ വ്യാപാരികളിൽ നിന്ന് പിരിച്ച വില്പന നികുതിയുടെ ബില്ലുകൾ ജി.എസ്.ടി.യുടെ സൈറ്റിൽ ലഭ്യമല്ല എന്ന കാരണത്താൽ ഇൻപുട്ട് നിരസിക്കുകയും ഇതുമായി ബന്ധപ്പെട്ട് വിവരാവകാശ നിയമപ്രകാരം വ്യാപാരികൾ ആവശ്യപ്പെടുന്ന വിശദാംശങ്ങൾക്ക് അവ്യക്തമായ മറുപടി നൽകുകയും അവർക്ക് സമൻസ് നൽകി ജി.എസ്.ടി. ഉദ്യോഗസ്ഥർ വ്യാപാരികളെ പീഡിപ്പിക്കുകയും ചെയ്യുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ജി.എസ്.ടി. നികുതി നിർണയ ഉത്തരവുകളിൽ വ്യാപാരികളുടെ വാദം കൃത്യമായി

പരാമർശിക്കാതെയും മറുപടികൾ സ്വീകാര്യമല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാതെയും നികുതി നിർണയം നടത്തുന്നത് വ്യാപാരികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് പരിശോധിക്കുമോ; ഇതുസംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ജി.എസ്.ടി. വകുപ്പിന് നൽകുമോ; വ്യക്തമാക്കുമോ ;

(സി) ജി.എസ്.ടി. നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ച് വകുപ്പിലെ നികുതി നിർണയ അധികാരികൾക്ക് എന്തെങ്കിലും പരിശീലനങ്ങളും പരീക്ഷയും നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരീക്ഷയിൽ പരാജയപ്പെട്ടവർ ഏതെങ്കിലും അസസ്മെന്റ് സർക്കിൾ ഓഫീസുകളിൽ ജോലിചെയ്യുന്നുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ?

## ചിറ്റാർ ട്രഷറിയുടെ പ്രവർത്തനം

557 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിലെ നിർമ്മാണം പൂർത്തീകരിച്ച ചിറ്റാർ ട്രഷറിയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## ട്രഷറി നവീകരണം

558 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം ട്രഷറികളുടെ നവീകരണത്തിനാണ് തുക അനുവദിച്ചതെന്ന് വിശദമാക്കുമോ;

(ബി) ഓരോ ട്രഷറിക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## കോട്ടക്കൽ മണ്ഡലത്തിലെ സബ് ട്രഷറി കെട്ടിട നിർമ്മാണം

559 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി, കോട്ടക്കൽ സബ് ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ; പ്രസ്തുത പ്രോപ്പസലുകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ട്രഷറികളുടെ കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ടോ; വളാഞ്ചേരി സബ് ട്രഷറി കെട്ടിടത്തിന് സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(സി) സബ് ട്രഷറികളുടെ നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

## ട്രഷറികളിൽ എ.ടി.എം. സൗകര്യം

560 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി ഇടപാടുകൾ കൂടുതൽ സൗകര്യപ്രദമാക്കുന്നതിനായി ട്രഷറികളിൽ എ.ടി.എം. സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

**ലോട്ടറി വ്യാപാരം**

561 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി വ്യാപാരം നല്ല നിലയിൽ നടക്കുന്ന സംസ്ഥാനത്ത്, കാസർഗോഡ് ജില്ലയിലെ ലോട്ടറി ഏജന്റുമാർക്ക് അവരുടെ ആവശ്യത്തിനനുസരിച്ച് ലോട്ടറി ലഭ്യമാക്കാൻ കഴിയാതെ വന്നിട്ടുണ്ടോ; ഏജന്റുമാരുടെ ആവശ്യാനുസരണം ലോട്ടറി ലഭ്യമാക്കുന്നതിന് എന്തു തടസ്സമാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

**കോഴിക്കോട് പേൾ ഹിൽ ബിൽഡേഴ്സ് കെട്ടിട നിർമ്മാണ വായ്പ**

562 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മൊഫ്യൂസിൽ ബസ് സ്റ്റാൻഡിന് സമീപത്തുള്ള പേൾ ഹിൽ ബിൽഡേഴ്സ് കെട്ടിട നിർമ്മാണത്തിനായി കെ.എസ്.എഫ്.ഇ.-യിൽ നിന്നും എടുത്ത വായ്പ കുടിശ്ശിക ആയതിനെ തുടർന്ന് ലേലത്തിൽ വിൽക്കുകയുണ്ടായോ; വ്യക്തമാക്കാമോ;

(ബി) 40.06 സെൻറ് സ്ഥലത്ത് നാല്പത്തി എട്ടായിരത്തി തൊണ്ണൂറ്റി ഏഴ് ചതുരശ്ര അടിയിൽ നിർമ്മിച്ച നാൽപ്പത് കോടി രൂപ മൂല്യമുള്ള പ്രസ്തുത കെട്ടിടം 9.18 കോടി രൂപയ്ക്ക് ലേലത്തിൽ വിറ്റതായി ബിൽഡേഴ്സ് ആൻഡ് ഡയറക്ടർ പരാതി നൽകിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 4.89 കോടി രൂപയുടെ ലോണിന്റെ തിരിച്ചടവ് മുടങ്ങിയത് കാരണമാണോ സെന്റിന് എഴുപത്തിയഞ്ച് ലക്ഷം രൂപ വിലവരുന്ന സ്ഥലത്ത് നിൽക്കുന്ന പ്രസ്തുത കെട്ടിടം ലേലത്തിൽ വച്ചതെന്ന് വ്യക്തമാക്കാമോ, പ്രസ്തുത സ്ഥലത്തിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള വില എത്രയാണെന്ന് വ്യക്താമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് അന്നത്തെ മാനേജിങ് ഡയറക്ടർ ഉൾപ്പെടെയുള്ളവർക്കെതിരെ വിജിലൻസ് അന്വേഷണം നടത്തുകയുണ്ടായോ; വിശദമാക്കാമോ;

(ഇ) എങ്കിൽ അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാകുമോ?

**കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് പെൻഷൻ**

563 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് പെൻഷൻ നടപ്പാക്കുന്നത് സംബന്ധിച്ച് മാനേജ്മെന്റും സർക്കാരും എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ;

(ബി) കെ.എസ്.എഫ്.ഇ. യിൽ പെൻഷൻ നടപ്പിലാക്കുന്നതിന് ഏതെങ്കിലും

ഏജൻസിയെ തിരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**വിദ്യാകിരണം പദ്ധതി**

564 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിന് ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിനായി കെ.എസ്.എഫ്. ഇ. -യും കുടുംബശ്രീയും ചേർന്ന് 2020-ൽ സംയുക്തമായി നടപ്പിലാക്കിയ വിദ്യാകിരണം പദ്ധതി പ്രകാരം വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിരുന്ന ലാപ്ടോപ്പുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ലാപ്ടോപ്പുകൾ ലഭിക്കുന്നതിനായി പ്രസ്തുത പദ്ധതിയിൽ ചേർന്നിട്ടുള്ള ആളുകളുടെ എണ്ണം, ഇപ്രകാരം ലാപ്ടോപ്പുകൾ ലഭിച്ചിട്ടുള്ളവരുടെ എണ്ണം എന്നിവ വ്യക്തമാക്കുമോ;

(സി) ലാപ്ടോപ്പുകൾ യഥാസമയം ലഭിക്കാത്തതിനാൽ ചിട്ടിയിൽ ചേർന്ന ഭൂരിഭാഗം ആളുകളും ആയത് നിരാകരിക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

(ഡി) പദ്ധതിയുടെ ആദ്യഘട്ടത്തിൽ കൊക്കോണിക്സ് എന്ന കമ്പനി വിതരണം ചെയ്ത ലാപ്ടോപ്പുകളുടെ കേടുപാട് പദ്ധതിയുടെ സ്വീകാര്യതയെ ബാധിക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

(ഇ) ചിട്ടിയിൽ ചേർന്ന അംഗങ്ങൾ ഇപ്രകാരം നിരാകരിച്ച എത്ര ലാപ്ടോപ്പുകൾ കെ.എസ്.എഫ്.ഇ. -യുടെ പക്കൽ അവശേഷിക്കുന്നുണ്ട്; വിശദമാക്കാമോ;

(എഫ്) കെഎസ്എഫ്.ഇ. -യുടെ കൈവശമുള്ള ഇത്തരം ലാപ്ടോപ്പുകൾ ഓഫീസ് ആവശ്യത്തിന് ഉപയോഗിക്കുന്നതിനോ ജീവനക്കാർക്ക് വിൽക്കുന്നതിനോ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ജി) പ്രസ്തുത പദ്ധതിക്കായി വാ ങ്ങിയ ലാപ്ടോപ്പുകളുടെ എണ്ണം, നിരക്ക്, എന്നിവ വ്യക്തമാക്കാമോ; ഇവ ജീവനക്കാർക്ക് വിൽക്കാൻ തീരുമാനിച്ചിട്ടുള്ള നിരക്ക് എത്രയെന്ന് വിശദമാക്കാമോ ?

**സി-ആപ്റ്റിലെ സാലറി സർട്ടിഫിക്കറ്റ്**

565 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിങ് (സി-ആപ്റ്റ്)ൽ നിന്നും നൽകുന്ന സാലറി സർട്ടിഫിക്കറ്റ് കെ.എസ്.എഫ്.ഇ. -ലെ ജാമ്യവ്യവസ്ഥയ്ക്ക് സ്വീകാര്യമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ സാലറി സർട്ടിഫിക്കറ്റ് മറ്റ് ധനകാര്യസ്ഥാപനങ്ങളെപ്പോലെ കെ.എസ്.എഫ്.ഇ.-ലും സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**മെഡിസെപ്പിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്താൻ നടപടി**

566 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏർപ്പെടുത്തിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ്പിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) ഒ. പി. ചികിത്സ കൂടി മെഡിസെപ്പിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

## മെഡിസെപ് പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ആശുപത്രി ബിൽ

567 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതി പ്രകാരം ചികിത്സ തേടുന്ന സർക്കാർ ജീവനക്കാർക്ക് സ്വകാര്യ ആശുപത്രികൾ ബില്ലിന്റെ പകർപ്പ് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെഡിസെപ് പദ്ധതിയുടെ ആനുകല്യം ലഭിക്കുന്ന ജീവനക്കാർക്ക് ചികിത്സാ ബില്ലും മറ്റ് രേഖകളും ലഭിക്കാൻ അർഹതയുണ്ടോ; ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് പുറപ്പെടുവിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(സി) മെഡിസെപ് പദ്ധതിയിൽ ഉൾപ്പെട്ട സ്വകാര്യ ആശുപത്രികൾ ചികിത്സ സംബന്ധിച്ചുള്ള ബിൽ പകർപ്പ് നൽകാതിരിക്കുന്നത് മൂലമുള്ള സാമ്പത്തിക തട്ടിപ്പ്, രോഗിക്ക് ലഭ്യമാക്കാത്ത ചികിത്സയ്ക്ക് പണം ഈടാക്കുന്ന അവസ്ഥ എന്നിവ ഒഴിവാക്കുന്നതിന് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ബില്ലിന്റെ പകർപ്പ് നൽകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## മെഡിസെപ് പദ്ധതി

568 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിക്കു വേണ്ടി എത്ര പേരിൽ നിന്നും എത്ര തുക മാസം തോറും പ്രീമിയമായി ഈടാക്കുന്നുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജൂലൈ 1 മുതൽ ആഗസ്റ്റ് 10 തീയതി വരെ എത്ര ക്ലെയിമുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ക്ലെയിം ചെയ്ത ആകെ തുക എത്രയാണ്;

(സി) പ്രസ്തുത പദ്ധതിക്കു വേണ്ടി പൊതുവായ ഒരു സോഫ്റ്റ്‌വെയർ നിലവിലുണ്ടോ; പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ എല്ലാവർക്കും പരിശോധിക്കാൻ കഴിയുന്ന തരത്തിൽ സർക്കാർ സൈറ്റുകളിൽ ലഭ്യമാക്കാമോ?

## മെഡിസെപ്പ് പദ്ധതി

569 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയിൽ അംഗമാകാൻ താല്പര്യമില്ലാത്തവർക്ക് പദ്ധതിയിൽ നിന്ന് ഒഴിവാകാൻ സാധിക്കുമോ; അവരുടെ പ്രീമിയം പിടിച്ചെടുക്കുന്ന നടപടിയിൽ മാറ്റം വരുത്തുമോ;

(ബി) ജീവനക്കാരും ഇൻഷുറൻസ് കമ്പനിയും തമ്മിലുള്ള കരാർ പ്രകാരം ഓരോ ജീവനക്കാർ/പെൻഷൻകാരിൽ നിന്നും ഈടാക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) മേല്പറഞ്ഞ പ്രകാരം ലഭിക്കുന്ന തുക ഇൻഷ്വറൻസ് കമ്പനിക്ക് നൽകി മെച്ചപ്പെട്ട സൗകര്യങ്ങളുള്ള ആശുപത്രികളെക്കൂടി ഉൾപ്പെടുത്തുവാൻ ശ്രമിക്കുമോ; വ്യക്തമാക്കുമോ?

**<u>മെഡിസെപ് പദ്ധതിയിൽ കൂടുതൽ ആശുപത്രികൾ</u>**

570 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതി പ്രകാരം ഏതെല്ലാം ആശുപത്രികളിൽ എന്തെല്ലാം ചികിത്സകൾക്ക് സഹായം ലഭിക്കുമെന്ന് വ്യക്തമാക്കാമോ; ആശുപത്രികളുടെ ജില്ല തിരിച്ചുള്ള വിവരം വെളിപ്പെടുത്തുമോ;

(ബി) തലശ്ശേരിയിലെയും കൂത്തുപറമ്പിലെയും പ്രധാനപ്പെട്ട സഹകരണ ആശുപത്രികളും സ്വകാര്യ ആശുപത്രികളും പ്രസ്തുത ലിസ്റ്റിൽ ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നിലവിലുള്ള ലിസ്റ്റിൽ ഉൾപ്പെടാത്ത പ്രധാനപ്പെട്ട സഹകരണ ആശുപത്രികളെയും സ്വകാര്യ ആശുപത്രികളെയും ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

**<u>മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികൾ</u>**

571 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികൾ ഏതൊക്കെയാണെന്നും പ്രസ്തുത ആശുപത്രികളിലെ ഏതൊക്കെ ചികിത്സകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നതെന്നും അറിയിക്കാമോ?

**<u>മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>**

572 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ശ്രീചിത്ര, ആർ.സി.സി. ഉൾപ്പെടെയുള്ള മറ്റു ക്യാൻസർ സെന്ററുകൾ എന്നിവയെക്കൂടി പ്രസ്തുത പദ്ധതിയുടെ ഭാഗമാക്കാൻ നടപടി സ്വീകരിക്കുമോ?

**<u>മെഡിസെപ് ക്ലെയിം നിരസിച്ച സംഭവങ്ങൾ</u>**

573 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള പല ആശുപത്രികളും പോളിസി ഉടമകളായ ഉദ്യോഗസ്ഥരോടും പെൻഷൻകാരോടും ആശാസ്യകരമായ രീതിയിലല്ല പെരുമാറുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രോഗികളെ അഡ്മിറ്റ് ചെയ്യുന്നതിന് വിമുഖത കാണിക്കുന്ന സംഭവങ്ങളും ചികിത്സാചെലവ് മുൻകൂട്ടി അടയ്ക്കുവാൻ ആവശ്യപ്പെടുന്നതുൾപ്പെടെയുള്ള സംഭവങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ പദ്ധതിയിലെ മാനദണ്ഡങ്ങൾ ലംഘിച്ച ഏതെല്ലാം ആശുപത്രികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ഇൻഷുറൻസ് ക്ലെയിം നിഷേധിച്ചത് സംബന്ധിച്ച് ഏതെല്ലാം ആശുപത്രികൾക്കെതിരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഇതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ തസ്തികകളിലെ നിയമനങ്ങൾ

574 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 19/12/2014 മുതൽ31/05/2022 വരെയുള്ള കാലയളവിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ അസിസ്റ്റന്റ് മാനേജർ, ഡെപ്യൂട്ടി മാനേജർ, മാനേജർ, അസിസ്റ്റന്റ് ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ജനറൽ മാനേജർ എന്നീ തസ്തികകളിൽ നിന്നും വിരമിച്ച ജനറൽ വിഭാഗത്തിലെ ജീവനക്കാരുടെ എണ്ണം,വിരമിച്ച തീയതി, തസ്തികകളുടെ പേര് എന്നിവ തരംതിരിച്ച് നൽകാമോ;

(ബി) പ്രസ്തുത തസ്തികകളിൽ മേൽ വിവരിച്ച കാലയളവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ നികത്തിയിട്ടുണ്ടോ; എങ്കിൽ പ്രൊമോഷൻ/നേരിട്ടുള്ള നിയമനം വഴി നടത്തിയ നിയമനങ്ങൾ തസ്തിക തിരിച്ച് നിയമന തീയതി ഉൾപ്പടെ വ്യക്തമാക്കാമോ; ഓരോ തസ്തികയിലും നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ നൽകാമോ;

(സി) പ്രസ്തുത കാലയളവിൽ പരാമർശിച്ച തസ്തികകളിൽ ആകെ തസ്തികകളുടെ എണ്ണത്തിൽ വ്യത്യാസം വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ആകെ തസ്തികകളുടെ എണ്ണം മാറ്റം വരുത്തിയ തീയതി ഉൾപ്പടെ വിശദമാക്കാമോ?

## ഭരണഘടനാ സാക്ഷരത

575 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ഭരണഘടനയെ സംബന്ധിച്ച അറിവ് നൽകുന്നതിന് നിയമ വകുപ്പിന് പദ്ധതികളുണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കാമോ;

(ബി) സിലബസുകളിൽ ഭരണഘടന സംബന്ധിച്ച വിഷയങ്ങൾ ഉൾപ്പെടുത്തുന്നതിന് നിയമ വകുപ്പ് മുൻകൈ എടുക്കാമോ;

(സി) സംസ്ഥാനത്തെ ആരോഗ്യ, എഞ്ചിനീയറിംഗ് പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഭരണഘടനാപഠനം ഉറപ്പുവരുത്താൻ നിയമ വകുപ്പ് മുൻകൈ എടുക്കുമോ; വ്യക്തമാക്കാമോ?

## കാസർകോട് കെ.എസ്.ഐ.ഡി.സി.

576 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം,

കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കീഴിലുള്ള 1.99 ഏക്കർ സ്ഥലത്ത് പുതുതായി വ്യവസായം ആരംഭിക്കുന്നതിന് കഴിഞ്ഞ ബജറ്റിൽ അനുവദിച്ച 2.5 കോടി രൂപ വിനിയോഗിച്ച് ഏത് രീതിയിലുള്ള വ്യവസായം തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനാവശ്യമായ എസ്റ്റിമേറ്റും പ്ലാനും തയ്യാറായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണെന്ന് വ്യക്തമാക്കാമോ; എസ്റ്റിമേറ്റിന്റെയും പ്ലാനിന്റെയും പകർപ്പ് ലഭ്യമാക്കാമോ;

(ഡി) എത്ര പേർക്ക് തൊഴിൽ ലഭിക്കുന്ന വ്യവസായമായിരിക്കുമിതെന്ന് വ്യക്തമാക്കാമോ?

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം

577 **ശ്രീ . എൻ . ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനത്തിലെയും ജീവനക്കാരുടെ പെൻഷൻ പ്രായം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം വ്യസ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരുടെ പെൻഷൻ പ്രായം ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## പൊതുമേഖലാസ്ഥാപനങ്ങളിലെ വ്യവസായങ്ങൾ

578 **ശ്രീമതി ശാന്തകുമാരി കെ.** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാസ്ഥാപനങ്ങളിലെ വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനും ലാഭകരമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുമേഖലാസ്ഥാപനങ്ങളിലെ വ്യവസായങ്ങൾ ആധുനികവൽക്കരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ആലപ്പുഴയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ

579 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും, അവ നടത്തുന്ന ഉൽപാദനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ ;

(ബി) ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്ഥലസൗകര്യം ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ആവശ്യമായ സ്ഥലത്തിന് പുറമെയുള്ള സ്ഥലങ്ങളിൽ മറ്റ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കേന്ദ്ര സർക്കാർ പൂട്ടാൻ തീരുമാനിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ

580 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് പൂട്ടാൻ തീരുമാനിച്ചിട്ടുള്ളത്;

(ബി) അത്തരം സ്ഥാപനങ്ങളെ ഏറ്റെടുക്കുന്നതിന് എന്തെങ്കിലും പാക്കേജ് നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## പൊതുമേഖലാ സ്ഥാപങ്ങളുടെ പ്രവർത്തനം

581 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്നുവെന്നും അവയുടെ പ്രവർത്തന ലാഭം എത്ര വീതമെന്നും വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ അധികാരമേൽക്കുമ്പോൾ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും, കൂടുതൽ വ്യവസായങ്ങൾ കൊണ്ടുവരുന്നതിനും സ്വീകരിച്ച നടപടിമൂലം സംസ്ഥാനത്ത് പുതുതായി എത്തിയ വ്യവസായ സംരംഭകർ ആരൊക്കെ; എത്ര കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് ഇതിലൂടെ ഉണ്ടായി; എത്ര പേർക്ക് ഇതിലൂടെ തൊഴിൽ ലഭിച്ചു; വിശദമാക്കാമോ?

## വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ട കണക്ക്

582 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വ്യവസായ വകുപ്പിന് കീഴിലുള്ള പല പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തന നഷ്ടം കുറച്ചു കാണിക്കാനായി നിയമസഭയ്ക്കും റിയാബിനും (പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡ്) സർക്കാരിനും തെറ്റായ കണക്കുകൾ പല പൊതുമേഖല സ്ഥാപനങ്ങളും സമർപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) വ്യവസായ വകുപ്പിന് കീഴിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനവും 2016 -17 മുതൽ 2020 -21 വരെയുള്ള കാലയളവിൽ റിയാബിനും സർക്കാരിനും നിയമസഭയ്ക്കും സമർപ്പിച്ച കണക്കുകൾ പ്രകാരം ഓരോ വർഷത്തെയും പ്രവർത്തന ലാഭവും/ പ്രവർത്തന നഷ്ടവും എത്രയെന്നും പ്രസ്തുത കാലയളവിലെ ടി സ്ഥാപനങ്ങളുടെ ഓഡിറ്റ് പൂർത്തിയായ ശേഷമുള്ള പ്രവർത്തന ലാഭവും/പ്രവർത്തന നഷ്ടവും എത്രയെന്നും വ്യക്തമാക്കുമോ;

(സി) വ്യവസായ വകുപ്പിന് കീഴിലുള്ള പല സ്ഥാപനങ്ങളിലും 2016-17 മുതൽ 2020-21

വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് പൂർത്തിയായ ശേഷമുള്ള കണക്കുകൾ പ്രകാരം അൻപത് ലക്ഷത്തിലധികം രൂപയുടെ പ്രവർത്തന നഷ്ടം കൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അൻപത് ലക്ഷത്തിലധികം രൂപയുടെ പ്രവർത്തന നഷ്ടം കൂടിയിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും ഓരോ സ്ഥാപനത്തിലും എത്ര ലക്ഷം രൂപയുടെ വർദ്ധനവ് ഉണ്ടായെന്നും എന്തുകൊണ്ടാണ് ഈ കണക്കുകളിൽ ഇത്രയധികം വ്യത്യാസമുണ്ടായതെന്നും വിശദമാക്കുമോ?

## കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം

583 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിന്റെ ഭാഗമായി ഓഹരികൾ വിൽക്കുന്ന ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് (ഹിന്ദുസ്ഥാൻ ലൈഫ് കെയർ) ഏറ്റെടുക്കാനുള്ള സംസ്ഥാന സർക്കാരിന്റെ നീക്കത്തിന് കേന്ദ്ര സർക്കാർ വിലക്കേർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ എച്ച്.എൽ.എൽ. സ്ഥാപനങ്ങളുടെ ഓഹരി ലേലത്തിൽ പങ്കെടുക്കാനും ആസ്തികൾ ഏറ്റെടുക്കാനും സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നോ;

(സി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ മേഖലയ്ക്ക് വിറ്റഴിക്കുന്ന കേന്ദ്ര നയത്തിന്റെ ഭാഗമായി ഓഹരികൾ സംസ്ഥാന സർക്കാർ സ്വീകരിക്കാൻ പാടില്ല എന്ന കേന്ദ്ര സർക്കാർ നയം തിരുത്തിക്കാൻ സർക്കാർ തലത്തിൽ പ്രത്യേകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; കേന്ദ്ര സർക്കാരിന്റെ ഈ വിറ്റഴിക്കൽ നയം സംസ്ഥാനത്തിന്റെ വ്യാവസായിക, തൊഴിൽ മേഖലകളെ എങ്ങനെയെല്ലാം ബാധിക്കുമെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ;

(ഡി) കേന്ദ്ര സർക്കാരിന്റെ സ്വകാര്യവൽക്കരണത്തിന് തടയിട്ടും കേന്ദ്ര ബാധ്യത തീർത്തും സമീപ കാലത്ത് ഏതെങ്കിലും വ്യവസായ സ്ഥാപനം ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

## "മെറ്റൽ ഇൻഡസ്ട്രീസ്

584 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിൽ സ്ഥിതി ചെയ്യുന്ന ""മെറ്റൽ ഇൻഡസ്ട്രീസ്"" എന്ന സ്ഥാപനം ആധുനികവത്കരിക്കുന്നതിനും കാലഘട്ടത്തിനനുസരിച്ച് പുതിയ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ പ്രസ്തുത സ്ഥാപനം നടത്തിയ ബിസിനസിന്റെ ലാഭം എത്രയാണെന്ന് വ്യക്തമാക്കുമോ ?

## മലബാർ സിമന്റ്സ്

585 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ സിമന്റ്സിലെ നോൺ മാനേജീരിയൽ വിഭാഗം ജീവനക്കാർക്ക് സിമന്റ് വേജ് ബോർഡ് നിശ്ചയിക്കുന്ന ശമ്പളത്തിന് പകരം സംസ്ഥാനത്തെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ശമ്പളവും ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## പാലക്കാട് ജില്ലയിൽ സംരംഭം തുടങ്ങുന്നതിന് നടപടി

586 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷമായി പ്രഖ്യാപിച്ച 2022-23 കാലയളവിൽ പാലക്കാട് ജില്ലയിൽ എത്ര സംരംഭങ്ങൾ തുടങ്ങുന്നതിനാണ് ലക്ഷ്യമിടുന്നത്;

(ബി) ലക്ഷ്യം കൈവരിക്കാനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വ്യവസായ സ്ഥാപനങ്ങൾ

587 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത നടപടികളുടെ ഭാഗമായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ എത്ര വ്യവസായങ്ങൾ പ്രവർത്തനം ആരംഭിച്ചെന്ന് വ്യക്തമാക്കുമോ;

(സി) സംരംഭക വർഷമായി പ്രഖ്യാപിച്ച 2022-23 കാലയളവിൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ എത്ര സംരംഭം തുടങ്ങുന്നതിനാണ് ലക്ഷ്യമിടുന്നത്; ഈ ലക്ഷ്യം കൈവരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## സംരംഭകർക്ക് കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിന് നടപടി

588 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കെ ബി ഗണേഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തരം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംരംഭകർക്ക് കൂടുതൽ

സൗകര്യങ്ങൾ നൽകുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കുന്നതിന് ഒരു പ്രത്യേക ഏക ജാലക സംവിധാനം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നല്കാമോ?

## വാണിജ്യമേഖലയുടെ വികസനം

589 **ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ എം മുകേഷ്**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ മേഖലയുടെ പ്രോത്സാഹനത്തിന് അനുരൂപമായി വാണിജ്യ മേഖലയുടെ വികസനം സാധ്യമാക്കുന്നതിന് വ്യാപാര മേഖലയ്ക്ക് നൽകുന്ന പ്രോത്സാഹനങ്ങൾ എന്തൊക്കെയാണ്; ഓൺലൈൻ വ്യാപാരം ചെറുകിട വ്യാപാരികൾക്ക് സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) കോവിഡും നോട്ടുനിരോധനവും പ്രളയവുമെല്ലാം പ്രതിസന്ധിയിലാക്കിയ ചെറുകിട വ്യാപാരികൾക്ക് വ്യാപാരം പുനരാരംഭിക്കുന്നതിനായി ധനസഹായം നൽകിയിരുന്നോ;

(സി) വികസന പദ്ധതികളുടെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന വ്യാപാര സ്ഥാപനങ്ങൾ പുനരാരംഭിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) വാണിജ്യ മിഷന്റെ പ്രവർത്തനം ഫലപ്രദമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ഉത്തരവാദിത്ത വ്യവസായം ഉത്തരവാദിത്ത നിക്ഷേപം

590 **ഡോ.കെ.ടി.ജലീൽ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക വികസനത്തിനായി ഉത്തരവാദിത്ത വ്യവസായം ഉത്തരവാദിത്ത നിക്ഷേപം എന്ന നയം രാജ്യത്ത് ആദ്യമായി സ്വീകരിക്കുക വഴി എന്തൊക്കെ കാര്യങ്ങളാണ് സർക്കാർ ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ;

(ബി) വ്യാവസായിക ഉല്പാദനത്തിന് ആവശ്യമായ ഊർജ്ജം , ജലലഭ്യത, മാലിന്യ സംസ്കരണം, അഗ്നി സുരക്ഷ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന പ്രത്യേക സംവിധാനങ്ങൾ ഒരുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## മീറ്റ് ദി ഇൻവെസ്റ്റർ പരിപാടി

591 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മീറ്റ് ദി ഇൻവെസ്റ്റർ എന്ന പരിപാടി സംഘടിപ്പിച്ചിരുന്നോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പരിപാടി നടത്തിയതിലൂടെ സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണ്; ടി പദ്ധതി വഴി എത്ര തുകയുടെ ഇൻവെസ്റ്റ്മെന്റ് ലഭിച്ചുവെന്നും ഏതെല്ലാം കമ്പനികളാണ് സംസ്ഥാനത്ത് ഇൻവെസ്റ്റ്മെന്റ് നടത്തുന്നതിന് താൽപര്യം പ്രകടിപ്പിച്ചതെന്നും വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് പുതിയ നിക്ഷേപകരെ കണ്ടെത്തുന്നതിനും അവർക്കുവേണ്ട സഹായങ്ങൾ ലഭ്യമാക്കുന്നതിനും അവരെ പ്രോൽസാഹിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ റിപ്പോർട്ട് പ്രകാരം നേരിട്ടുള്ള വിദേശ നിക്ഷേപം ലഭിച്ച സംസ്ഥാനങ്ങളിൽ കേരളം എത്രാം സ്ഥാനത്താണ്; എന്തു കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്; വെളിപ്പെടുത്തുമോ?

## നിലമ്പൂർ മണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റ്

592 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കാർഷിക നാളികേരാധിഷ്ഠിത വ്യവസായങ്ങൾക്കായി നിലമ്പൂർ താലൂക്കിലെ ചുങ്കത്തറ വില്ലേജിൽ പാലുണ്ട എന്ന സ്ഥലത്ത് ഫുഡ് പാർക്ക് സ്ഥാപിക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ പ്രസ്തുത വ്യവസായ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

## കായംകുളം മണ്ഡലത്തിലെ വ്യവസായ പദ്ധതികൾ

593 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം കായംകുളം മണ്ഡലത്തിൽ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, അതിനായി ചെലവഴിക്കപ്പെട്ട തുക എത്രയെന്നും വിശദമാക്കാമോ?

## പുതിയ സ്റ്റാർട്ടപ്പുകൾക്ക് സഹായം

594 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി സ്റ്റാർട്ടപ്പുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സംരംഭകർക്ക് പലപ്പോഴും പൊതുമേഖലാ ബാങ്കുകളുടെ സഹായം ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

## ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ

595 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) "ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ" എന്ന വ്യവസായ വകുപ്പിന്റെ നവീന പദ്ധതി പ്രകാരം സംരംഭകർക്ക് എന്തൊക്കെ സൗകര്യങ്ങളും ആനുകൂല്യങ്ങളും ലഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സംരംഭകരെ കണ്ടെത്താനും, പ്രോത്സാഹിപ്പിക്കുവാനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

596 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വ്യവസായ വാണിജ്യ വകുപ്പ് പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗക്കാർക്കായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രവാസികളുടെ പുനരധിവാസത്തിനായി വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

## സിഡ്കോ ടൂൾ റൂം-കം-ട്രെയിനിംഗ് സെന്റർ പുനരുദ്ധരിക്കുന്നതിന് നടപടി

597 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളവണ്ണയിലെ സിഡ്കോ ടൂൾ റൂം-കം-ട്രെയിനിംഗ് സെന്റർ പുനരുദ്ധരിക്കുന്നതിന് സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തുക ഉപയോഗപ്പെടുത്തി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## സിഡ്കോയുടെ വർക്കുകളുടെ അവസ്ഥ

598 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ സിഡ്കോയുടെ ഇപ്പോഴുള്ള വർക്കുകളുടെ സ്ഥിതി വിശദീകരിക്കാമോ;

(ബി) പ്രസ്തുത വർക്കുകളുടെ കരാറുകാർ ഏറ്റെടുക്കുന്നതിന് എന്തെങ്കിലും തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) എത്ര വർക്കുകൾ പൂർത്തീകരിക്കുവാനുണ്ട്; ഓരോന്നിന്റെയും വിശദ വിവരങ്ങൾ ലഭ്യമാക്കാമോ ?

## ജിയോ കോർപ്പറേഷന്റെ ഹബ്ബാക്കി മാറ്റുന്നതിന് നടപടി

599 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജിയോ കോർപ്പറേഷന്റെ ഹബ്ബാക്കി മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(ബി) ജിയോ ടെക്സ്റ്റയിൽസിന് ഉത്തരേന്ത്യയിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും വിദേശത്തും മാർക്കറ്റ് കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) കയർ വ്യവസായത്തിന്റെ പാരമ്പര്യത്തിനും ഗുണമേൻമയ്ക്കും ആലപ്പുഴയിൽ നിർമ്മിക്കുന്ന കയർ മ്യൂസിയം എന്തെല്ലാം സംഭാവനകൾ നൽകുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കാമോ?

## ചെറുകിട വ്യവസായങ്ങൾ പുനരുദ്ധീകരിക്കാൻ നടപടി

600 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം, കോവിഡ് തുടങ്ങിയ ദുരന്തങ്ങൾ മൂലം പ്രതിസന്ധി നേരിട്ട ചെറുകിട, കുടിൽ വ്യവസായങ്ങൾ പുനരുദ്ധീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

## കാവശ്ശേരി മോഡേൺ റൈസ് മിൽ

601 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കാവശ്ശേരി മോഡേൺ റൈസ് മില്ലിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) റൈസ് മില്ലിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## വ്യവസായ വകുപ്പിന് കീഴിൽ മിച്ചഭൂമി

602 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ വെറുതെ കിടക്കുന്ന ഭൂമി(മിച്ചഭൂമി) ഉണ്ടോ എന്ന് വിശദമാക്കുമോ;

(ബി) എം.എസ്.എം.ഇ.(മൈക്രോ സ്മാൾ & മീഡിയം എന്റർപ്രൈസസ്) കളെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിവരിക്കുമോ?

## ചെറുകിട ഉൽപ്പന്ന വിപണനം

603 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട സംരംഭകർക്ക് അവരുടെ ഉത്പന്നങ്ങൾ വില്പന നടത്തുന്നതിനും കയറ്റുമതി ചെയ്യുന്നതിനുമായി വാണിജ്യ രംഗത്ത് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ?

### <u>സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ</u>

604 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് എത്ര സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ (മൈക്രോ സ്മാൾ & മീഡിയം എന്റർപ്രൈസസ്) ആരംഭിച്ചിട്ടുണ്ടെന്നും പുതുതായി തുടങ്ങിയ എത്ര സംരംഭങ്ങൾ പൂട്ടിപ്പോയിട്ടുണ്ടെന്നുമുള്ളതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് എത്ര സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇ) പൂട്ടിപ്പോയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഇവ പൂട്ടിപ്പോകുന്നതിന് ഇടയാക്കിയ പ്രധാന സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

### <u>മുള വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി</u>

605 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുള വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിനും മൂല്യവർദ്ധനവ് , വരുമാന വർദ്ധനവ്, ദാരിദ്രനിർമ്മാർജ്ജനം എന്നിവ പ്രോത്സാഹിപ്പിക്കുക എന്നതും ലക്ഷ്യമാക്കി 2003-ൽ രൂപീകരിച്ച കേരള സ്റ്റേറ്റ് ബാംബൂ മിഷന്റെ സംഭാവന വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

(ബി) നാഷണൽ ബാംബൂ മിഷൻ നടപ്പിലാക്കി വരുന്ന ഏതെങ്കിലും പദ്ധതികളുടെ പ്രയോജനം സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

### <u>കരകൗശല വ്യവസായ മേഖലയുടെ വികസനം</u>

606 **ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. കെ.എം.സച്ചിൻദേവ്**
**ഡോ സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരകൗശല വ്യവസായ മേഖലയുടെ വികസനത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) സുരഭി (കേരള സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ്സ് ), കാഡ്കോ (കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ) തുടങ്ങിയ കരകൗശലമേഖലയിലെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; ഇവയുടെ സാങ്കേതിക

നവീകരണത്തിനും ആധുനികവൽക്കരണത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) കരകൗശല മേഖലയിൽ വൈവിധ്യമാർന്നതും മൂല്യവർദ്ധിതവുമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് സഹായകരമാകുന്ന പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴി

607 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## സ്വകാര്യ വ്യവസായ പാർക്കുകൾ

608 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ അംഗീകാരം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) സ്വകാര്യ വ്യവസായ പാർക്കുകൾ തുടങ്ങുന്നതിന് ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സ്വകാര്യ വ്യവസായ പാർക്കുകൾ തുടങ്ങുന്നവർക്ക് സഹായ ധനം മുൻകൂറായി നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ഡി) സ്വകാര്യ വ്യക്തികൾ വ്യവസായ പാർക്കുകൾ തുടങ്ങുമ്പോൾ ഭൂപരിഷ്കരണ നിയമത്തിൽ ഇളവുകൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## സ്വകാര്യ വ്യവസായ പാർക്കുകൾ

609 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വിശദമാക്കാമോ;

(ബി) സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ഏതെല്ലാം ജില്ലകളിൽ നിന്നാണ് ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷകളിന്മേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

## മണിമല നാളീകേര പാർക്കിന്റെ നിർമ്മാണം

610 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിമല നാളീകേര പാർക്കിന്റെ നിർമ്മാണത്തിനായി 2022 - ലെ ബജറ്റിൽ വകയിരുത്തിയ തുക വിനിയോഗിക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ടി പ്രവൃത്തി എന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

## <u>സ്വകാര്യ വ്യവസായ പാർക്കുകൾ</u>

611 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുന്നത് ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വിശദമാക്കുമോ;

(ബി) തിരുവമ്പാടി മണ്ഡലത്തിൽ ജബൽ ഗ്രീൻ പാർക്ക് വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് നൽകിയ അപേക്ഷയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

## <u>ചീമേനി വ്യവസായ പാർക്ക്</u>

612 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ സർക്കാർ പ്രഖ്യാപിച്ച ചീമേനി വ്യവസായ പാർക്ക് എപ്പോൾ യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ഇതിനാവശ്യമായ സ്ഥലം ലഭ്യമായിട്ടും പദ്ധതി ആരംഭിക്കാനുള്ള നടപടികൾ വൈകുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

## <u>പള്ളിപ്പുറം ഫുഡ് പാർക്കിന്റെ നിർമ്മാണ പുരോഗതി</u>

613 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം ഫുഡ് പാർക്കിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രസ്തുത ഫുഡ് പാർക്കിൽ എത്ര സംരംഭകർ സംരംഭം നടത്തുന്നതിനായി എത്തിച്ചേർന്നിട്ടുണ്ടെന്ന് വിശദമാക്കാമോ?

## <u>പാലക്കാട് - കണ്ണമ്പ്ര കിൻഫ്രാ വ്യവസായ പാർക്ക്</u>

614 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണമ്പ്ര കിൻഫ്രാ വ്യവസായ പാർക്കിന്റെ നിർമ്മാണ പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വ്യവസായ പാർക്കിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

## <u>കോതമംഗലം മണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ</u>

615 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി പുതുതായി എത്ര പദ്ധതികളാണ് കോതമംഗലം മണ്ഡലത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; അവയുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ടി പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംരംഭം ആരംഭിക്കുന്നതിന് മുന്നോടിയായുള്ള ലോൺ സബ്സിഡി മേളകൾ മണ്ഡലത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഏതെല്ലാം തരത്തിലുള്ള സംരംഭങ്ങൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) കോതമംഗലം മണ്ഡലത്തിൽ കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വടകര താലൂക്കിലെ വ്യവസായ വികസന ഓഫീസ് വഴിയുള്ള പ്രവർത്തനങ്ങൾ

616 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിലെ വ്യവസായ അഭിവൃദ്ധിക്കായി വ്യവസായ വികസന ഓഫീസ് മുഖേന എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത് എന്നറിയിക്കാമോ;

(ബി) വടകര താലൂക്കിൽ നിലവിൽ ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ മുഖേന എത്ര തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നുണ്ട്; വിശദാംശം നൽകാമോ?

## നിർമാണ സാമഗ്രികളുടെ വിലക്കയറ്റം

617 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമാണ സാമഗ്രികളായ സിമെൻറ്, കമ്പി, മറ്റ് അസംസ്കൃത വസ്തുക്കൾ എന്നിവയുടെ വില ക്രമാതീതമായി വർദ്ധിച്ചത് നിർമാണ മേഖലയുടെ സ്തംഭനത്തിന് കാരണമായി എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ നിർമാണ വസ്തുക്കളുടെ വിലക്കയറ്റം തടയുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് അറിയിക്കുമോ;

(സി) ഇതിനായി സിമെൻറ്, കമ്പി, മറ്റ് നിർമാണ വസ്തുക്കൾ എന്നിവയുടെ കമ്പിനികളുമായി ചർച്ചകൾ നടത്തിയിരുന്നോ; വ്യക്തമാക്കുമോ ;

(ഡി) സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കമ്പിനികൾ , കലവറ മുതലായവ മുഖേന നിശ്ചിത സ്ക്വയർ ഫീറ്റിൽ നിർമ്മിക്കുന്ന വീടുകൾക്ക് സബ്സിഡി നിരക്കിൽ നിർമാണ സാമഗ്രികൾ നൽകുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ പരിഗണനയിൽ ഉണ്ടോ; ഇല്ലെങ്കിൽ നിർമാണ വസ്തുക്കളുടെ വില കുതിച്ചുയരുന്ന സാഹചര്യത്തിൽ സാധാരണക്കാരുടെ "വീട് "എന്ന സ്വപ്നം യാഥാർഥ്യമാക്കാൻ

സർക്കാർ തലത്തിൽ ഇത്തരത്തിലൊരു പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ?

## വ്യവസായ സംരംഭങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ്

618 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ലൈസൻസ് നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെയും ഭാഗമായി വ്യവസായ സംരംഭങ്ങൾക്ക് 3 വർഷം വരെ പഞ്ചായത്ത് ലൈസൻസ് ആവശ്യമില്ലെന്നും തുടർന്നുള്ള 6 മാസത്തിനുള്ളിൽ ലഭ്യമാക്കിയാൽ മതിയെന്നുമുള്ള ഉത്തരവ് നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം കമേഴ്സ്യൽ ബിൽഡിംഗിലോ, ചട്ടപ്രകാരം അനുയോജ്യമല്ലാത്ത കെട്ടിടങ്ങളിലോ വ്യവസായം തുടങ്ങി മൂന്ന് വർഷത്തിന് ശേഷം പഞ്ചായത്ത് ലൈസൻസിന് അപേക്ഷിച്ചാൽ 2019-ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം ജി1 പ്രകാരം ലൈസൻസ് നൽകാനാവില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രയാസങ്ങൾ മുൻകൂട്ടിക്കണ്ട് തുടക്കത്തിൽ തന്നെ ആയത് പരിഹരിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

## 2022-23 സംരംഭക വർഷമായി ആചരിക്കുന്നത് സംബന്ധിച്ച്

619 **ശ്രീ വി ജോയി**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; ഇതുവഴി എത്രത്തോളം സംരംഭങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്യുന്നത്; വിശദാംശങ്ങൾ നൽകാമോ;

(ബി) നിക്ഷേപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംരംഭകത്വവുമായി ബന്ധപ്പെട്ട പരാതികൾക്ക് പരിഹാരം കാണുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം നൽകാമോ?

## ചെറുകിട വ്യവസായങ്ങളുടെ രജിസ്ട്രേഷൻ

620 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി രജിസ്റ്റർ ചെയ്യുന്ന സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ;

(ബി) നിലവിലെ സർക്കാരിന്റെ കാലയളവിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി എത്ര സംരംഭകർ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന്

വ്യക്തമാക്കാമോ?

## മലപ്പുറം ജില്ലയിലെ പുതിയ വ്യവസായ സംരംഭങ്ങൾ

621 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വ്യവസായ പുരോഗതിക്കായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിലെ വ്യവസായ മേഖലയിൽ നടത്തിയ മുതൽ മുടക്കുകൾ മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; ഇക്കാലയളവിൽ ഏതെല്ലാം പുതിയ സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) പുതിയ സംരംഭങ്ങളും വ്യവസായ പാർക്കുകളും ആരംഭിക്കാൻ സൗകര്യമുള്ളതും വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതുമായ ഭൂമി സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ; ഇവിടെ പുതിയ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

## ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി

622 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി മഞ്ചേശ്വരം മണ്ഡലത്തിൽ ആരംഭിക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം മഞ്ചേശ്വരം മണ്ഡലത്തിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ പുതിയ വ്യവസായ പദ്ധതികൾ

623 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ പുതിയ വ്യവസായ പദ്ധതികൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം പദ്ധതികളാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കാട്ടാക്കട നിയോജകമണ്ഡലത്തിൽ കോമൺ ഫെസിലിറ്റി സെന്റർ

624 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിൽ ഈറ ഉല്പന്നങ്ങളുടെ വിപണനത്തിനും സംസ്കരണത്തിനുമായി കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഏത് ഏജൻസിയുടെ നേതൃത്വത്തിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്;

തുടർനടപടികൾ വിശദമാക്കാമോ?

**<u>മങ്കട മണ്ഡലത്തിൽ എസ്. ഐ. എൽ. കെ., കെ. ഇ. എൽ. എന്നീ ഏജൻസികൾ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ</u>**

625 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ എസ്. ഐ. എൽ. കെ. (സ്റ്റീൽ ഇൻഡസ്ട്രിയിൽസ് കേരള ലിമിറ്റഡ് ) , കെ. ഇ. എൽ. (കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് )എന്നീ നിർവ്വഹണ ഏജൻസികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; അവയിൽ പൂർത്തിയായിട്ടുള്ള പ്രവൃത്തികൾ, അവശേഷിക്കുന്ന പ്രവൃത്തികൾ, ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ ഓരോ പ്രവൃത്തിയിലും നിലനിൽക്കുന്ന തടസ്സങ്ങൾ എന്താണെന്ന് അറിയിക്കുമോ; പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>നിലമ്പൂർ നിയോജക മണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ</u>**

626 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷത്തിൽ നിലമ്പൂർ നിയോജക മണ്ഡലത്തിലെ വിവിധ തദ്ദേശസ്ഥാപനങ്ങളിൽ എത്ര മൈക്രോ, സ്മാൾ, മീഡിയം എന്റർപ്രൈസുകളാണ് ആരംഭിച്ചതെന്ന് തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഒരു പഞ്ചായത്ത് ഒരു ഉല്പന്നം പദ്ധതിയുടെ ഭാഗമായി നിലമ്പൂർ നിയോജകമണ്ഡലത്തിലെ വിവിധ തദ്ദേശസ്ഥാപനങ്ങൾക്ക് നിശ്ചയിച്ച ഉല്പന്നങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ; ഈ മേഖലയിൽ അതാത് തദ്ദേശസ്ഥാപനങ്ങളിൽ എത്ര വീതം സംരംഭങ്ങൾ ഇതുവരെ ആരംഭിച്ചുവെന്ന് അറിയിക്കാമോ;

(സി) നിലമ്പൂർ നിയോജക മണ്ഡലത്തിലെ വിവിധ തദ്ദേശസ്ഥാപനങ്ങളിൽ സാധ്യതയുള്ള വ്യവസായ മേഖലകൾ ഏതെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?;

(ഡി) നിലമ്പൂർ നിയോജക മണ്ഡലത്തിലെ വിവിധ തദ്ദേശസ്ഥാപനങ്ങൾ, സൊസൈറ്റികൾ (പട്ടികജാതി പട്ടിക വർഗ്ഗ സൊസൈറ്റികൾ ഉൾപ്പെടെ) പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ ലഭ്യമായ വ്യവസായ ഭൂമിയുടെയോ വ്യവസായത്തിന് ഉപയുക്തമായ ഭൂമിയുടെയോ വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കാൻ നടപടി</u>**

627 **ശ്രീ. കെ.എം.സച്ചിൻദേവ്**
**ശ്രീ. എച്ച്. സലാം**
**ശ്രീ. ലിന്റോ ജോസഫ്**

**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിക്ഷേപം ആകർഷിക്കുന്നതിനായി കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയായി ഈ സർക്കാർ നടത്തിയ ബഹുമുഖ പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി തീർക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) കേന്ദ്ര വാണിജ്യ മന്ത്രാലയം പ്രസിദ്ധീകരിച്ച റാങ്കിംഗിൽ സംസ്ഥാനത്തിന് നില മെച്ചപ്പെടുത്താനായിട്ടുണ്ടോ;

(സി) സംരംഭക പ്രതികരണത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കൂടുതൽ സംരംഭക സൗഹൃദമാക്കുന്നതിന് സ്വീകരിച്ചനടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

## കെ-റെറ (K-RERA) എന്ന സ്ഥാപനം

628 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ- റെറ (RERA) എന്ന സ്ഥാപനത്തിൽനിന്ന് പൊതുജനങ്ങളുടെ പരാതികൾ യഥാസമയം തീർപ്പ് കൽപ്പിച്ച് കിട്ടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി പരാതികൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കെ -റേറയിലെ റിയൽ എസ്റ്റേറ്റ് ഏജന്റ് (വ്യക്തികൾ) സർട്ടിഫിക്കറ്റ് ഉള്ളവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ടി സ്ഥാപനത്തിൽ നിന്നും ലഭിക്കുന്നത്; വിശദമാക്കാമോ; ടി സർട്ടിഫിക്കറ്റുള്ള വ്യക്തി വസ്തു ഇടപാടിൽ ഇടനിലക്കാരനായി നിന്ന് വസ്തു കച്ചവടം നടത്തിയാൽ ഈ കെ-റെറ ഏജന്റിന് സർവ്വീസ് ചാർജ്ജ് ഇനത്തിൽ വസ്തു ഉടമസ്ഥൻ എത്ര ശതമാനം തുക നൽകണം; വസ്തു വാങ്ങുന്നയാൾ എത്ര ശതമാനം സർവ്വീസ് ചാർജ്ജ് കൊടുക്കണം; ഇതിനെ സംബന്ധിച്ച് എന്തെങ്കിലും വ്യക്തമായ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## വ്യവസായ സംരംഭങ്ങൾക്ക് അടിസ്ഥാന സൗകര്യം

629 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വ്യവസായ സംരംഭകനാകാൻ വ്യക്തികളെ സഹായിക്കുവാൻ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി സംരംഭകന് എന്തെല്ലാം സഹായങ്ങളാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

## കെ-റെറ (K-RERA) ലൈസൻസും നടപടിക്രമവും

630 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റെറ യിൽനിന്ന് വ്യക്തിഗത ലൈസൻസ് ലഭിക്കുവാൻ നിലവിലുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ; നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഒരു വ്യക്തി സ്വന്തമായി ബഹുനില കെട്ടിടം പണിയുമ്പോൾ കെ - റെറയുടെ അനുവാദം ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കപ്പെടേണ്ടത്; വിശദമാക്കാമോ?

## വ്യവസായ സംരംഭകത്വ വിദ്യാഭ്യാസം

631 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകത്വ വിദ്യാഭ്യാസം എന്ന ആശയം സ്കൂൾ തലത്തിൽ വച്ചുതന്നെ പരിചയപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്നുകൊണ്ട് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത്തരം ഒരു പദ്ധതിക്ക് രൂപം നൽകാൻ ആലോചിക്കുന്നുണ്ടോ?

## പ്രവർത്തനരഹിത വ്യവസായസ്ഥാപനങ്ങളുടെ ആസ്തികൾ

632 **ശ്രീ സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തനശോഷണം സംഭവിച്ചതോ പൂർണ്ണമായോ ഭാഗികമായോ പ്രവർത്തനരഹിതമായതോ ആയ വ്യവസായ സ്ഥാപനങ്ങളുടെ ആസ്തികൾ മറ്റ് വികസന പ്രവർത്തനങ്ങൾക്കായി വിട്ടുനൽകുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) ഭൂമി ഉൾപ്പെടെയുള്ള ഇത്തരം നിഷ്ക്രിയ ആസ്തികളുടെ കണക്കെടുപ്പ് നടത്തി ഫലപ്രദമായി വിനിയോഗിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ?

## കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം

633 **ഡോ. എം.കെ . മുനീർ**
**ശ്രീ .പി. കെ. ബഷീർ**
**ശ്രീ എൻ എ നെല്ലിക്കുന്ന്**
**ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സിമെന്റ്, സ്റ്റീൽ, കമ്പി, പി.വി.സി. തുടങ്ങിയ സാധനങ്ങളുടെ വിലക്കയറ്റം കെട്ടിട നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണ രംഗത്തെ പ്രതിസന്ധി തരണം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കുറഞ്ഞ ചെലവിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കാൻ പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## സംരംഭക വർഷം

634 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സംരംഭക വർഷമായി പ്രഖ്യാപിച്ചതിലൂടെ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## ജിയോളജി വകുപ്പിൽ നിന്നുള്ള ഖനനാനുമതി

635 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൃഹ നിർമ്മാണം, കെട്ടിട നിർമ്മാണം എന്നിവയോടനുബന്ധിച്ച് നടത്തുന്ന കിണർ, കുളം, സെപ്റ്റിക് ടാങ്ക് എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന മണ്ണും മറ്റു ധാതുക്കളും വാഹനങ്ങളിൽ കയറ്റി കൊണ്ടുപോകുന്നതിനുള്ള അനുവാദവും പാസും മറ്റ് ഓഫീസുകളിൽ നിന്നുള്ള അനുമതി കൂടാതെ സെൽഫ് ഡിക്ലറേഷന്റെ അടിസ്ഥാനത്തിൽ ജില്ലാ ജിയോളജിസ്റ്റിന്റെ ഓഫീസിൽ നിന്നും ലഭിക്കുന്ന തരത്തിൽ നടപടിക്രമം ലഘൂകരിക്കാൻ അടിയന്തര നടപടി സ്വീകരിയ്ക്കുമോ;

(ബി) ഏതെങ്കിലും ഒരു സ്ഥലത്ത് ജിയോളജി വകുപ്പിൽ നിന്ന് ഖനനാനുമതി ലഭിക്കുന്നതിന് ആ സ്ഥലത്തു നിന്നും മുൻകാലങ്ങളിൽ പല ആവശ്യങ്ങൾക്കായി നീക്കം ചെയ്ത ധാതുവിന്റെ റോയൽറ്റി തുക അടയ്ക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അതാത് കാലങ്ങളിൽ സർക്കാർ രൂപപ്പെടുത്തിയതും നിലവിലിരുന്നതുമായ നിയമപ്രകാരം റോയൽറ്റി അടച്ച് ഖനനാനുമതി നേടിയിരുന്ന ക്വാറികളുടെ അനുമതി പോലും പുതുക്കിയെടുക്കുന്ന സമയത്ത് അധിക ഖനനം ആരോപിച്ച് ഇപ്പോഴത്തെ നിരക്കിൽ റോയൽറ്റി തുകയും പിഴയും ജിയോളജി വകുപ്പ് വീണ്ടും ഈടാക്കുന്ന സമ്പ്രദായം ഒഴിവാക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

## മണ്ണും ചെളിയും മണലും നീക്കം ചെയ്യുന്ന പ്രവൃത്തിക്കു വേണ്ട അനുമതി

636 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിനായും കാർഷിക ആവശ്യത്തിനായും ഉപയോഗിക്കുന്ന കുളങ്ങളിലെയും കിണറുകളിലെയും മണ്ണും ചെളിയും മണലും നീക്കം ചെയ്യുന്നതിനും നീക്കം ചെയ്ത ചെളി പുറത്തു കൊണ്ടുപോകുന്നതിനും പ്രത്യേകം അനുമതി ആവശ്യമാണെന്ന ജിയോളജി വകുപ്പിന്റെ കർശന നിലപാട് മൂലം കർഷകരും ജനങ്ങളും അനുഭവിക്കുന്ന പ്രതിസന്ധി ഇല്ലാതാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) മൈനിങ്ങിന്റെ പരിധിയിൽപ്പെടാത്ത ഈ പ്രശ്നത്തിന് പരിഹാരം കാണാൻ മൈനിങ് ആന്റ് ജിയോളജി വകുപ്പ് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

## മണ്ണും മറ്റ് ധാതുക്കളും നീക്കം ചെയ്യുന്നതിനുള്ള പാസ്സ്

637 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ

വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ മുതലായ പ്രകൃതി ദുരന്തങ്ങളുടെ ഫലമായി അടിഞ്ഞു കൂടുന്ന മണ്ണ് ഉൾപ്പെടെയുള്ള ധാതുക്കളും, പ്രകൃതി ദുരന്തത്തിന് സാധ്യതയുള്ള സ്ഥലങ്ങളിൽ ഭീഷണിയായി നിൽക്കുന്ന മണ്ണും മറ്റു ധാതുക്കളും നീക്കം ചെയ്ത് വാഹനങ്ങളിൽ കയറ്റി കൊണ്ടുപോകുന്നതിനുള്ള അനുമതിയും പാസും ലഭിക്കുന്നതിന് നിലവിലുള്ള നടപടിക്രമം ലഘൂകരിച്ച്, വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെയും സ്ഥലമുടമയുടെ സെൽഫ് ഡിക്ലറേഷന്റെയും അടിസ്ഥാനത്തിൽ ജില്ലാ ജിയോളജിസ്റ്റിന്റെ ഓഫീസിൽ നിന്നും അനുമതി ലഭിക്കുന്ന തരത്തിലുള്ളതാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>ജിയോളജി വകുപ്പിന്റെ അനാസ്ഥയ്ക്ക് പരിഹാരം</u>**

638 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിങ്ങിനായുള്ള അനുമതിക്കായും മറ്റു സ്ഥലങ്ങളിൽ നിന്നും കൊണ്ടുവരുന്ന ധാതുക്കളുടെ വില്പനാനുമതിക്കായും ഗൃഹ/കെട്ടിട നിർമ്മാണങ്ങൾക്കായി മണ്ണു നീക്കം ചെയ്യുന്നതിനുള്ള അനുമതിക്കായും ജിയോളജി വകുപ്പിൽ അപേക്ഷ നൽകി നാളുകൾ ഏറെ കഴിഞ്ഞിട്ടും അനുമതി ലഭ്യമാകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സേവനങ്ങൾ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കെ ജിയോളജി വകുപ്പ് ഉദ്യോഗസ്ഥരുടെ ഇത്തരം കടുത്ത അനാസ്ഥയ്ക്ക് ഒരു ശാശ്വത പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ;

(ബി) പാലക്കാട് ജില്ലയിലെ കുളങ്ങളിൽ നിന്ന് മണ്ണും മണലും ചെളിയും നീക്കം ചെയ്ത് പുറത്തു കൊണ്ടുപോകുന്ന ആവശ്യത്തിലേയ്ക്കായി പൊതുജനങ്ങളിൽ നിന്നും ലക്ഷക്കണക്കിന് രൂപ ഈടാക്കിയിട്ടും ആയതിന് അനുമതി നൽകാത്ത ജിയോളജി വകുപ്പിന്റെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) കോടതിയിൽ നിന്ന് വ്യക്തമായ ഉത്തരവുകൾ ലഭിച്ചാലും, ഉദ്യോഗസ്ഥർക്കെതിരെ കോടതിയെ സമീപിച്ചെന്ന കാരണത്താൽ കോടതി ഉത്തരവ് നടപ്പിലാക്കാതിരിക്കുകയും കാലതാമസം കൂടാതെ നിയമാനുസൃതം അനുമതി നൽകാവുന്ന വിഷയങ്ങളിൽ പോലും നടപടി സ്വീകരിക്കുന്നതിന് കാലതാമസം വരുത്തുകയും ചെയ്യുന്ന പ്രശ്നങ്ങളിൽ ശാശ്വത പരിഹാരം കാണാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>മൈനിംഗ് & ജിയോളജി വകുപ്പിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന വില്പനശാലകൾ</u>**

639 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ മൈനിംഗ് & ജിയോളജി വകുപ്പിന്റെ ലൈസൻസോടു കൂടി പ്രവർത്തിക്കുന്ന മണൽ, ചല്ലി, ചുടുകല്ല് തുടങ്ങിയ നിർമ്മാണ സാമഗ്രികളുടെ ചില്ലറ വില്പന നടത്തുന്ന എത്ര വില്പനശാലകൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും അറിയിക്കാമോ;

(ബി) ലൈസൻസില്ലാതെ ഇത്തരം വില്പനശാലകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം വില്പനശാലകൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇത്തരം വില്പന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനു വേണ്ട ലൈസൻസ് ലഭിക്കുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## കൈത്തറി / ഖാദി വ്യവസായ മേഖലകളിൽ കൊവിഡ് വ്യാപനത്തെ തുടർന്നുണ്ടായ പ്രതിസന്ധി

640 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരുജ്ജീവനത്തിന്റെ പാതയിലായിരുന്ന കൈത്തറി/ ഖാദി വ്യവസായ മേഖലകളിൽ കൊവിഡ് വ്യാപനത്തെ തുടർന്നുണ്ടായ പ്രതിസന്ധി പരിഹരിക്കാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ;

(ബി) കോട്ടയം ടെക്സ്റ്റയിൽസ് മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) കൈത്തറി മേഖലയ്ക്ക് കൈത്താങ്ങായിരുന്ന സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി എല്ലാ വിദ്യാലയങ്ങളിലും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദീകരിക്കാമോ;

(ഡി) ഹാൻവീവിനും മറ്റു കൈത്തറി സൊസൈറ്റികൾക്കും റിബേറ്റ് ഇനത്തിൽ സർക്കാരിൽ നിന്നും ലഭിക്കേണ്ട തുക ലഭിക്കാത്ത സാഹചര്യം ഉണ്ടോ; എങ്കിൽ നാളിതുവരെ വിവിധ കൈത്തറി സ്ഥാപനങ്ങൾക്കായി സർക്കാർ നൽകാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് അറിയിക്കുമോ;

(ഇ) കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

## ഹാന്റെക്സിലെ തസ്തികകൾ

641 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാന്റെക്സിലെ എല്ലാ തസ്തികകളിലെയും നിയമനങ്ങൾ പി.എസ് .സി. മുഖാന്തിരമാണോ; അല്ലെങ്കിൽ പി.എസ് .സി. മുഖേനയും അല്ലാതെയും നിയമനം നടത്തുന്ന തസ്തികകളുടെ പേരുവിവരം വ്യക്തമാക്കാമോ;

(ബി) ഹാന്റെക്സിൽ സെയിൽസ് മെൻ, സെയിൽസ് വിമെൻ, ഡിപ്പോ മാനേജർ തസ്തികകളിൽ ഓരോന്നിലും എത്രപേർ ജോലി ചെയ്യുന്നു; ഈ തസ്തികകൾ ഹെഡ് ഓഫീസിൽ ഉണ്ടോ; ഉണ്ടെങ്കിൽ ഈ തസ്തികകളിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട്; അവർ എത്ര വർഷമായി അവിടെ തുടരുന്നു; പ്രസ്തുത തസ്തികകളുടെ നിയമന യോഗ്യത എന്താണെന്ന് വിശദമാക്കുമോ;

(സി) ഹാന്റെക്സിലെ എൽ. ഡി. ക്ലർക്ക് തസ്തിക നിയമനത്തിനുള്ള യോഗ്യത എന്താണ് ; എത്ര ജൂനിയർ സൂപ്രണ്ട് /സീനിയർ സൂപ്രണ്ട് തസ്തിക ഉണ്ട്;

എവിടെയൊക്കെയാണ് ഈ തസ്തികകളെന്ന് അറിയിക്കാമോ; പ്രസ്തുത തസ്തികകളിൽ നിലവിൽ എത്ര പേർ ഉണ്ട്; പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുണ്ട്; വിശദമാക്കുമോ;

(ഡി) ഹാന്റെക്സിന് എത്ര വില്പനശാലകൾ നിലവിലുണ്ട്; ഓഫീസുകളിലും വില്പനശാലകളിലും എത്രപേർ അധികചുമതല വഹിക്കുന്നുണ്ട്; അവർക്ക് സ്പെഷ്യൽ അലവൻസ് അല്ലെങ്കിൽ ചാർജ് അലവൻസ് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് കൈപ്പറ്റുന്നവരുടെ പേരും തസ്തികയും അലവൻസ് നിരക്കും അത് അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കാമോ;

(ഇ) ഹാന്റെക്സിൽ താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിൽ എത്ര പേർ ജോലി ചെയ്യുന്നു; അവരുടെ യോഗ്യതയും നിയമന മാനദണ്ഡവും എന്താണ്; ഓരോ തസ്തികയിലും അവരിൽ എത്രപേർ ഹെഡ് ഓഫീസിൽ ജോലി ചെയ്യുന്നു; അറിയിക്കാമോ;

(എഫ്) ഹാന്റക്സ് ആസ്ഥാനത്ത് ആകെ എത്ര സെക്ഷനുകളുണ്ട്; അത് ആരൊക്കെയാണ് കൈകാര്യം ചെയ്യുന്നതെന്ന് തസ്തികയും പേരും സഹിതം വ്യക്തമാക്കാമോ; അവരിൽ ദിവസവേതനക്കാർ ഉണ്ടോ; എങ്കിൽ ഓരോ സെക്ഷനിലെയും ദിവസവേതനക്കാരുടെ എണ്ണം അറിയിക്കാമോ?

## കുന്നത്തറ ടെക്സ്റ്റയിൽസ്

642 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു . ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ലിക്വിഡേറ്റ് ചെയ്യപ്പെട്ട കുന്നത്തറ ടെക്സ്റ്റയിൽസിന്റെ നിലവിലുള്ള ആസ്തി/ബാധ്യത കണക്കാക്കിയിട്ടുണ്ടോ;

(ബി) ഏതെല്ലാം സർക്കാർ സർക്കാരിതര സ്ഥാപനങ്ങളോടാണ് കുന്നത്തറ ടെക്സ്റ്റയിൽസിന് നിലവിൽ ബാധ്യതയുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(സി) നിലവിലുള്ള കോടതി വ്യവഹാരങ്ങൾ തീർപ്പാക്കുന്നതിനും പതിനൊന്ന് ഏക്കർ വരുന്ന കുന്നത്തറ ടെക്സ്റ്റയിൽസ് വക ഭൂമിയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനും സർക്കാർ മുൻകൈ എടുക്കുമോ; വിശദമാക്കുമോ?

## അളഗപ്പ ടെക്സ്റ്റയിൽസിന്റെ പ്രവർത്തനം

643 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെ തുടർന്ന് പ്രവർത്തനം നിലച്ച അളഗപ്പ ടെക്സ്റ്റയിൽസ് തുറന്ന പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) കമ്പനിയുടെ കൈവശമുള്ളതും നിലവിൽ ഉപയോഗിക്കാതെ കിടക്കുന്നതുമായ സ്ഥലം ഏറ്റെടുത്ത് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## കൈത്തറി വിപണനം

644 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി ഉൽപന്നങ്ങളുടെ വിപണി പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ഖാദി തുണിത്തരങ്ങളുടെ ഉല്പാദനവും വില്പനയും വർദ്ധിപ്പിക്കാൻ നടപടി

645 **ശ്രീ .പി. കെ. ബഷീർ**
**ശ്രീ . പി . ഉബൈദുള്ള**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ എ കെ എം അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവാരമുള്ള ഖാദി തുണിത്തരങ്ങൾ ഉല്പാദിപ്പിക്കുവാൻ കഴിയുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഖാദി വസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) വില്പ്പന വർദ്ധിപ്പിക്കുന്നതിന് ഖാദി വസ്തുക്കൾ ഓൺലൈൻ വഴി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, വിശദാംശം നൽകുമോ?

## കയർപിരി തൊഴിലാളികളുടെ വേതന വർദ്ധന

646 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഫാക്ടറി തൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ചതുപോലെ കയർപിരി തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## ആലപ്പുഴ ജില്ലയിൽ കയർ വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ

647 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിന് ശേഷം ആലപ്പുഴ ജില്ലയിൽ കയർ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെ;

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; വിശദമാക്കാമോ?

## കയർ തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

648 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കയർ തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി എന്തെങ്കിലും പാക്കേജുകൾ,സബ്സിഡി തുടങ്ങിയവ അനുവദിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കയർ/കൈത്തറി മേഖലകളുടെ പുനരുജ്ജീവനം

649 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി എന്നിവയുടെ പുനരുജ്ജീവനത്തിലൂടെ കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഇവയുടെ ഉല്പാദനം, വിപണനം എന്നീ മേഖലകളിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ?

## കയർ മേഖലയുടെ വികസനം

650 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായമായ കയർ മേഖലയുടെ സംരക്ഷണത്തിനും വികസനത്തിനുമായി എന്തൊക്കെ പദ്ധതികൾക്കാണ് രൂപം നല്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കശുവണ്ടി വ്യവസായ മേഖലയുടെ പുരോഗതി

651 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായ മേഖലയുടെ പുരോഗതിക്കായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) കശുവണ്ടി വ്യവസായ മേഖലയുടെ പുരോഗതിക്കായി ഈ സർക്കാർ നടപ്പിലാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(സി) കശുവണ്ടി തൊഴിലാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## വൈപ്പിനിലെ ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ

652 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഏതെല്ലാം സെന്ററുകളിലാണ് കെ.എസ്.ഇ.ബി. ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളതെന്നും ഇവയുടെ നിജസ്ഥിതി എന്തെന്നും വിശദമാക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിൽ കെ.എസ്.ഇ.ബി. കെട്ടിട നിർമ്മാണം

653 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള ഏതൊക്കെ

ഓഫീസുകളാണ് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഓഫീസുകൾക്കായി കെ.എസ്.ഇ.ബി. സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>വൈദ്യുതി ഉല്പാദന പ്രസരണ വിതരണ സംവിധാനങ്ങളുടെ നവീകരണം</u>

654 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദന പ്രസരണ വിതരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും നിലവിൽ കെ.എസ്.ഇ.ബി. നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുന്നതിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് വൈദ്യുതി വിതരണ മേഖലയിലെ പ്രസരണ നഷ്ടവും വൈദ്യുതി തടസ്സങ്ങളും കുറയ്ക്കുന്നതിനും ഇല്ലാതാക്കുന്നതിനും എ.ബി.സി. (Aerial Bunched Cable), കവേഡ് കണ്ടകടർ, യു.ജി. കേബിൾ തുടങ്ങിയ സംവിധാനങ്ങൾ ഈ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് മുൻഗണനാടിസ്ഥാനത്തിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതി ഏതെല്ലാം പ്രദേശങ്ങളിൽ എന്ത് മുൻഗണനയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## <u>സർക്കാർ ഓഫീസുകളിൽ റൂഫ് ടോപ്പ് സോളാർ പാനൽ സ്ഥാപിക്കൽ</u>

655 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ സർക്കാർ ഓഫീസുകളിൽ പുരപ്പുറ സോളാർ പാനൽ സ്ഥാപിക്കുന്നതിന് വൈദ്യുതി വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ ആരാണ് തുടർ നടപടികൾ സ്വീകരിക്കേണ്ടത്; എന്ത് നടപടിയാണ് നാളിതുവരെ സ്വീകരിച്ചത്; തുടർ നടപടികൾ എന്തൊക്കയാണെന്ന് വിശദമാക്കാമോ?

## <u>വൈദ്യുതി പ്രസരണ വിതരണ മേഖല</u>

656 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ വൈദ്യുതി പ്രസരണ വിതരണ മേഖലകളിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഇതുവഴി എത്ര സബ്സ്റ്റേഷനുകളും ട്രാൻസ്ഫോർമറുകളും ലൈനുകളും അധികമായി സ്ഥാപിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിലെ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ

657 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ പ്രഖ്യാപിച്ച ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വൈകാൻ ഇടയായ സാഹചര്യവും എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയ കരാറുകാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

658 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ വൈദ്യുതി വകുപ്പ് ഏതൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തികൾക്കും എത്ര തുക വീതമാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ?

## കേന്ദ്ര സർക്കാരിന്റെ വൈദ്യുതി ഭേദഗതി ബിൽ

659 **ശ്രീ. എം. എം. മണി**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർലമെന്റിൽ അവതരിപ്പിച്ച വൈദ്യുതി (ഭേദഗതി) ബില്ലിൽ പൊതുമേഖലാ വൈദ്യുതി ഉല്പാദന പ്രസരണ വിതരണ കമ്പനികളെ ഉന്മൂലനം ചെയ്യുന്നതിന് വഴിവയ്ക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തികൊണ്ടുള്ളതാണെന്നത് പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നോ;

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ തകർച്ചയ്ക്ക് വഴിവയ്ക്കുന്ന പ്രസ്തുത ബില്ലിലെ വ്യവസ്ഥകളോടുള്ള വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിക്കുമോ;

(സി) പൊതുമേഖലാ കമ്പനികളുടെ അടിസ്ഥാന സൗകര്യം ഉപയോഗപ്പെടുത്തി സ്വകാര്യ കമ്പനികൾക്ക് ലാഭമുണ്ടാക്കുന്ന മേൽ വ്യവസ്ഥകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിനെ ഏത് തരത്തിൽ ബാധിക്കാനിടയുണ്ടെന്ന് അറിയിക്കുമോ;

(ഡി) ചെറുകിട ഉപഭോക്താക്കൾക്കും കർഷകർക്കും സംസ്ഥാന സർക്കാർ സൗജന്യമായോ കുറഞ്ഞ നിരക്കിലോ വൈദ്യുതി നൽകുന്നത് നിലയ്ക്കുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമുണ്ടോയെന്ന് അറിയിക്കാമോ?

## കെ.എസ്.ഇ.ബി. വിതരണ ശൃംഖലയുടെ സ്വകാര്യവത്കരണം

660 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യുടെ വിതരണ ശൃംഖല അഖിലേന്ത്യാ അടിസ്ഥാനത്തിൽ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചതിൻ പ്രകാരം ഉപഭോക്താക്കൾക്ക് ഉയർന്ന തുക ബില്ലായി അടയ്ക്കേണ്ടി വരുമോ; ഇത് തരണം ചെയ്യാൻ എന്ത് നടപടി സ്വീകരിക്കുവാൻ കഴിയും; വിശദമാക്കാമോ?

**<u>കെ.എസ്.ഇ.ബി. -യെ മികവുറ്റതാക്കുന്നതിനുള്ള പദ്ധതികൾ</u>**

661 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. -യെ മികവുറ്റതാക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിന്റെ പ്രയോജനം ഏതൊക്കെ വിഭാഗത്തിലുള്ളവർക്ക് ലഭിക്കുമെന്നതിന്റെ വിശദാംശങ്ങൾ നൽകാമോ?

**<u>കെ.എസ്.ഇ.ബി. മീറ്റർ റീഡർമാരുടെ നിയമനം</u>**

662 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ മീറ്റർ റീഡർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്ററിൽ നിന്നും ഇതിനകം എത്രപേർക്ക് നിയമനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) അവശേഷിക്കുന്ന ഒഴിവുകൾ എത്ര; അവ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>കെ.എസ്.ഇ.ബി.യുടെ ഭൂമിയിൽ പ്രവർത്തിക്കുന്ന കുടുംബാരോഗ്യകേന്ദ്രം</u>**

663 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം കെ.എസ്.ഇ.ബി.യുടെ ഭൂമിയിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കുടുംബാരോഗ്യകേന്ദ്രം ആധുനിക രീതിയിൽ പുതുക്കിപ്പണിയുന്നതിനായി കെ.എസ്.ഇ.ബി.യുടെ ഭൂമി ഗ്രാമപഞ്ചായത്തിന് വിട്ടുകൊടുക്കുന്നതിനുള്ള തടസ്സം എന്താണെന്നറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലം സൗജന്യമായി വിട്ടുകൊടുക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

**<u>പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ</u>**

664 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നൽകേണ്ട അപേക്ഷയുടെ കൂടെ സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പുതിയ വീട് നിർമ്മിക്കുന്നവർക്ക് അതിന്റെ ആവശ്യത്തിലേയ്ക്കായി നിലവിൽ വീട്ടു നമ്പറുള്ള വീട്ടിലെ വൈദ്യുതി ഉപയോഗിക്കുന്നതിനുള്ള തടസ്സങ്ങൾ

എന്തൊക്കെയാണ്;

(സി) പഴയ വീട്ടിലെ വൈദ്യുതി ഉപയോഗിയ്ക്കുന്നതിന് എന്തെങ്കിലും നടപടി ക്രമങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ ആയവ എന്തെല്ലാം; വിശദമാക്കാമോ?

## വൈദ്യുതി ബോർഡിൽ വിരമിക്കുന്ന ജീവനക്കാർക്ക് പകരം നിയമനം

665 **ശ്രീ . എൻ . ഷംസുദ്ദീൻ**
**ശ്രീ . ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ നിന്നും വിരമിക്കുന്നവരുടെ ഒഴിവുകളിൽ സ്ഥിര നിയമനം നടത്തേണ്ടതില്ലെന്ന നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാരെ കരാർ വ്യവസ്ഥയിൽ കൺസൾട്ടന്റ് ആയി നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ബോർഡിന്റെ നിർണ്ണായക തസ്തികകളിൽ കരാർ നിയമനം നടത്തുന്നതിനെതിരെ ജീവനക്കാരുടെ സംഘടനകൾ ആശങ്ക അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

## കെ.എസ്.ഇ.ബി.-യുടെ പ്രവർത്തന ലാഭം

666 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. -ക്ക് 1466 കോടിയുടെ പ്രവർത്തനലാഭമുണ്ട് എന്ന് അവകാശപ്പെടുമ്പോൾ വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നതിനുള്ള കാരണം വിശദമാക്കാമോ;

(ബി) കെ.എസ്.ഇ.ബി. -ക്ക് വരുമാനമിച്ചമുണ്ടാകുന്ന അവസരങ്ങളിൽ ആതിന്റെ വിഹിതം ഉപഭോക്താക്കൾക്ക് കൈമാറണമെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ടോ; വിശദാംങ്ങൾ നൽകമോ;

(സി) 2021-22 സാമ്പത്തിക വർഷത്തിൽ വരുമാനമിച്ചമുണ്ടായ സാഹചര്യത്തിൽ അതിന്റെ നേട്ടം ഉപഭോക്താക്കൾക്ക് നല്കാതിരിക്കുന്നതിനുള്ള കാരണം വിശദമാക്കാമോ?

## പ്രകൃതിക്ഷോഭങ്ങൾ മൂലം കെ.എസ്.ഇ.ബി.-ക്കുണ്ടായ നഷ്ടം

667 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു വർഷത്തെ മൺസൂൺ കാലയളവിൽ ഇതുവരെ പ്രകൃതിക്ഷോഭങ്ങൾ മൂലം കെ.എസ്.ഇ.ബി. ക്കുണ്ടായ നഷ്ടം എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ദുരന്തം മുന്നിൽക്കണ്ട് കെ.എസ്.ഇ.ബി.യുടെ ഉടമസ്ഥതയിലുള്ള എത്ര ഡാമുകളിൽനിന്ന് എത്രയളവിലാണ് വെള്ളം ഒഴുക്കിക്കളഞ്ഞിട്ടുള്ളത് എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതുവഴി എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദനത്തിനുള്ള വെള്ളം നഷ്ടമായി; എത്ര രൂപയുടെ നഷ്ടമാണ് ഇതുമൂലം ഉണ്ടായതെന്ന് വ്യക്തമാക്കാമോ?

## ആര്യനാട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് വിപുലീകരണം

668 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആര്യനാട് ഗ്രാമപഞ്ചായത്തിലെ ചില വാർഡുകളിൽ താമസിക്കുന്ന കെ.എസ്.ഇ.ബി. ഉപഭോക്താക്കൾ വിവിധ ആവശ്യങ്ങൾക്കായി നിലവിൽ സമീപ ഗ്രാമപഞ്ചായത്തുകളിലുള്ള സബ് എഞ്ചിനീയർ ഓഫീസുകളിലാണ് പോകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളെയും ആര്യനാട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന് കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

## കെ.എസ്.ഇ.ബി. പെൻഷൻ ഫണ്ട്

669 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജിന്റെ 10 ശതമാനം ഡ്യൂട്ടി റവന്യുവിൽ നിന്നും ഈടാക്കിയാണ് കെ.എസ്.ഇ.ബി.യിൽ പെൻഷൻ നൽകുന്നത് എന്നത് വസ്തുതയാണോ;

(ബി) പെൻഷനെ സംബന്ധിച്ച് സ്ഥിരം സംവിധാനം എന്ന നിലയിൽ ബോർഡ് കമ്പനിയാകുന്ന സമയത്തുതന്നെ ത്രികക്ഷി കരാറിൽ വ്യവസ്ഥ ഉണ്ടായിരുന്നോ; വ്യക്തമാക്കുമോ;

(സി) പെൻഷൻ ഫണ്ട് ഇതുവരെ കാര്യക്ഷമമാക്കിയിട്ടില്ലാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) ബോർഡിന്റെ റവന്യൂവിൽ നിന്നും പെൻഷൻ വിതരണം ചെയ്യുന്നത് ജനങ്ങൾക്കുമേൽ അമിതഭാരമേൽപ്പിക്കും എന്നത് വസ്തുതയാണോ; വിശദമാക്കാമോ?

## വൈദ്യുതി ഭേദഗതി ബിൽ

670 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ വൈദ്യുതി ഭേദഗതി ബിൽ സംസ്ഥാനത്തിന് ബാധകമായ ഫെഡറൽ തത്വങ്ങളുടെ ലംഘനമാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതുതരത്തിലാണ് ഇത് സംസ്ഥാനത്തിന് പ്രതിലോമകരമാകുന്നതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ നിലവിൽ കാർഷിക മേഖലയ്ക്കും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കും നൽകുന്ന സൗജന്യങ്ങൾ ഈ ബിൽ നടപ്പിലായാൽ തടയപ്പെടുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

## ചെറുകിട ജലവൈദ്യുത നയം

671 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതിക്ക് കോട്ടം വരാത്തതും താരതമ്യേന ചെലവ് കുറഞ്ഞതുമായ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സാധ്യത കൂടുതലായി പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ചെറുകിട ജലവൈദ്യുത പദ്ധതികളിൽ സഹകരണ സ്ഥാപനങ്ങൾക്ക് പണം മുടക്കാൻ കഴിയുംവിധം ചെറുകിട ജലവൈദ്യുത നയം പരിഷ്കരിക്കണമെന്ന് എനർജി മാനേജ്മെൻറ് സെൻറർ ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മൂലധന നിക്ഷേപം നടത്തി ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ സഹകരണ ബാങ്കുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ഡി) ചെറുകിട ജലവൈദ്യുത പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പുതിയ സാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കുവാനും സ്വകാര്യ, ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായി കുറഞ്ഞ പലിശയിൽ വായ്പ, മൊറട്ടോറിയം എന്നിവ ഉൾപ്പെടുന്ന വായ്പാരീതി പരിഗണിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി

672 **ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ. ടി.സിദ്ദിഖ്**
**ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി നിലവിൽ വരുമ്പോൾ വൈദ്യുതി വിതരണം സ്വകാര്യ കമ്പനികൾക്ക് നൽകുന്നത് മൂലം സാധാരണ ഉപഭോക്താക്കൾക്ക് ഉണ്ടാകാവുന്ന പ്രതിസന്ധിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) സ്വകാര്യ സംരംഭകർ നഗര മേഖലകളിൽ കേന്ദ്രീകരിക്കപ്പെടുന്നതോടെ പൊതുമേഖലാ ബോർഡുകൾ ഗ്രാമീണ മേഖലകളിലുൾപ്പെടെയുള്ളവർക്ക് നൽകുന്ന ക്രോസ് സബ്സിഡിയെ ഇത് ബാധിച്ചേക്കുമെന്ന ആശങ്ക സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(സി) പുതിയ കണക്ഷനുകൾ ആര് നൽകുമെന്നതും പുതിയ വൈദ്യുതി വിതരണ ശൃംഖല ആര് നിർമ്മിക്കുമെന്നതും സംബന്ധിച്ച് പുതിയ ബില്ലിൽ വ്യക്തത ഇല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തിന് ദോഷകരമായി മാറുന്ന ഭേദഗതികൾ ഒഴിവാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വിശദമാക്കാമോ?

## കൽക്കരി ഇറക്കുമതി വ്യവസ്ഥ മൂലമുണ്ടാകുന്ന അധിക ബാധ്യത

673 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ ഒ . ആർ. കേളു**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ താപവൈദ്യുതോല്പാദന നിലയങ്ങൾ അവ ഉപയോഗിക്കുന്നതിന്റെ പത്ത് ശതമാനം കൽക്കരി ഇറക്കുമതി ചെയ്യണമെന്ന കേന്ദ്ര സർക്കാർ വ്യവസ്ഥ, സംസ്ഥാനം പുറത്ത് നിന്ന് വാങ്ങുന്ന വൈദ്യുതി വിലയിൽ ഗണ്യമായ വർദ്ധനയുണ്ടാക്കുമെന്ന വാർത്തയുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഇറക്കുമതി ചെയ്യുന്ന കൽക്കരി ഉപയോഗിച്ച് ഉല്പാദനം നടത്തുന്ന വൈദ്യുതി നിലയങ്ങൾക്കുണ്ടാകുന്ന അധിക ചെലവ് സംസ്ഥാനങ്ങൾ തന്നെ വഹിക്കണമെന്ന് കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവിട്ടിട്ടുണ്ടോ; ഇതുവഴി സംസ്ഥാനത്തിനുണ്ടാകുന്ന പ്രതിമാസ അധിക ബാധ്യത എത്രയാണെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തെ വൈദ്യുതി ആവശ്യകതയുടെ എഴുപത് ശതമാനത്തിലധികവും പുറമേ നിന്നു വാങ്ങുന്ന നിലവിലെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും വൈദ്യുതോല്പാദന വർദ്ധനവിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

## തിരൂരങ്ങാടി മണ്ഡലത്തിലെ വൈദ്യുത ചാർജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം

674 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നിർദ്ദിഷ്ട വൈദ്യുത ചാർജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇവയുടെ നിർമ്മാണ പുരോഗതി വിലയിരുത്താമോ?

## 2016 മുതൽ 2022 വരെ കെ.എസ്.ഇ.ബി. -യുടെ ലാഭം

675 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2022 വരെ കെ.എസ്.ഇ.ബി. -യുടെ ലാഭം വർഷം തിരിച്ച് ലഭ്യമാക്കാമോ?

## ഇലക്ട്രിക് പോസ്റ്റിൽ വാഹന ചാർജ്ജിംഗ്

676 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി എത്ര സ്ഥലത്ത് ഇലക്ട്രിക് പോസ്റ്റുകളിൽ സൗകര്യമേർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സംവിധാനം അവലോകനം ചെയ്ത് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി

സ്വീകരിക്കുമോ?

**ഇ-വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ**

677 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് പ്രസ്തുത സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ**

678 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്രയെണ്ണം നാളിതുവരെ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) അവശേഷിക്കുന്നവ അടിയന്തരമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**വൈദ്യുതി വിതരണ മേഖലയിലെ സ്വകാര്യവത്ക്കരണം**

679 **ശ്രീ എ. സി. മൊയ്തീൻ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ ഐ ബി സതീഷ്**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ മേഖലയിലെ സ്വകാര്യവത്ക്കരണം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ കൊണ്ടുവന്നിട്ടുള്ള നിയമഭേദഗതി നടപ്പിലാക്കിയാൽ ഗാർഹിക, കാർഷിക, ദുർബല വിഭാഗങ്ങളിലെ ഉപഭോക്താക്കൾക്ക് സംസ്ഥാനം നൽകി വരുന്ന സബ്സിഡി നഷ്ടപ്പെടുമെന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിയമ ഭേദഗതി നടപ്പിൽ വരുന്നതോടുകൂടി കെ.എസ്.ഇ.ബി. യുടെ വിതരണ ശൃംഖല സ്വകാര്യ കുത്തകകൾക്ക് യഥേഷ്ടം ഉപയോഗിച്ച് കൊള്ളലാഭം കൊയ്യുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുമെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കേന്ദ്രം കൊണ്ടുവന്നിട്ടുള്ള പ്രസ്തുത നിയമ ഭേദഗതി ജനങ്ങൾക്ക് കടുത്ത വെല്ലുവിളിയായി മാറുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ഈ വിഷയത്തിൽ എടുത്തിട്ടുള്ള നയസമീപനം വിശദമാക്കുമോ?

**കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്ക് വൈദ്യുതി വികസന പദ്ധതി**

680 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റികളുടെ വൈദ്യുതി വികസന പദ്ധതികളായി കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത ആക്സിലറേറ്റഡ് പവർ ഡവലപ്മെന്റ് ആന്റ് റിഫോംസ് പ്രോഗ്രാം , ഇന്റഗ്രേറ്റഡ് പവർ ഡവലപ്മെന്റ് സ്കീം എന്നീ പദ്ധതികളിൽ മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുനിസിപ്പാലിറ്റി ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് വിമാനത്താവളമടക്കം ഒട്ടേറെ സ്ഥാപനങ്ങൾ ഉൾകൊള്ളുന്ന കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്ക് റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീമിൽ ഒരു സ്പെഷ്യൽ പാക്കേജോ അല്ലെങ്കിൽ ബോർഡ് ബജറ്റിൽ പ്രത്യേക പാക്കേജോ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ?

## ഫിലമെന്റ് രഹിത കേരളം പദ്ധതി

681 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിലമെന്റ് രഹിത കേരളം പദ്ധതിയിലൂടെ എത്ര എൽ.ഇ.ഡി. ബൾബുകൾ ഉപഭോക്താക്കൾക്ക് നൽകിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) തെരുവ് വിളക്കുകൾ എൽ.ഇ.ഡി. യിലേക്ക് മാറ്റുന്ന പദ്ധതി പ്രകാരം എത്ര തെരുവ് വിളക്കുകൾ ഇതിലേക്ക് മാറ്റിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

682 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുത മേഖലയിൽ നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിലൂടെ കൈവരിച്ച ഭൗതിക നേട്ടം, പദ്ധതികൾക്ക് അനുവദിച്ച് കിട്ടിയ കേന്ദ്ര സഹായം എന്നിവ വ്യക്തമാക്കാമോ?

## ഗുരുവായൂർ നിയോജകമണ്ഡലത്തിലെ നിലാവ് പദ്ധതി

683 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലാവ് പദ്ധതി പ്രകാരം ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര തെരുവ് വിളക്കുകൾ സ്ഥാപിച്ചു എന്നതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

## വയനാട് – കാസർഗോഡ് 400 കെ.വി. പവർഹൈവേ പദ്ധതി

684 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) വയനാട് - കാസർഗോഡ് 400 കെ.വി. പവർഹൈവേ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി സ്ഥലം ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഏറ്റെടുക്കുന്ന സ്ഥലത്തിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡം തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശംങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് കിഫ്ബിയിൽ നിന്ന് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## <u>പുരപ്പുറ സൗരോർജ്ജപദ്ധതി</u>

685 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. അനെർട്ടുമായി ചേർന്ന് നടപ്പിലാക്കുന്ന പുരപ്പുറ സൗരോർജ്ജപദ്ധതി കേരളത്തിലെ എത്ര വീടുകളിൽ ഇതുവരെ നടപ്പാക്കിയിട്ടുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം ഉപഭോക്താവ് ചെലവാക്കേണ്ട തുകയും, നൽകുന്ന സബ്സിഡി തുകയും വ്യക്തമാക്കാമോ;

(സി) നടപ്പ് സാമ്പത്തിക വർഷം ഇനി എത്ര വീടുകളിൽ കൂടി ഇത് സ്ഥാപിക്കാൻ ലക്ഷ്യമിടുന്നുവെന്ന് വിശദമാക്കാമോ;

(ഡി) സർക്കാർ സ്ഥാപനങ്ങളിൽ ഇവ സ്ഥാപിക്കുന്നതിന് കൂടുതൽ സബ്സിഡി ഇളവുകൾ നൽകുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>ചെറുകിട ജലവൈദ്യുത പദ്ധതികൾ</u>

686 **ഡോ. എം.കെ . മുനീർ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് ഏറ്റെടുക്കുന്ന വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ എത്രയെണ്ണമാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും ശേഷിക്കുന്നവ ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

## <u>വൈപ്പിൻ നിലാവ് പദ്ധതി</u>

687 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലാവ് പദ്ധതി പ്രകാരം വൈപ്പിൻ നിയോജകമണ്ഡലത്തിൽ എത്ര ലൈറ്റുകൾ എവിടെയെല്ലാം സ്ഥാപിച്ചു എന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സ്ഥാപിക്കുന്ന ലൈറ്റുകൾക്ക് കേട്ടുപാടുകൾ സംഭവിക്കുമ്പോൾ മാറ്റിയിടേണ്ട ഉത്തരവാദിത്തം ആർക്കാണെന്ന് വ്യക്തമാക്കാമോ;

(സി) നിലാവ് പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ചാർജിംഗ് പോയിന്റ് സംവിധാനം</u>**

688 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ചാർജിംഗ് പോയിന്റ് സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ വൈദ്യുതവാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി എത്ര പോസ്റ്റുകളിൽ ചാർജിംഗ് പോയിന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും എവിടെയൊക്കെയാണ് ഇത് ഏർപ്പെടുത്തിയിട്ടുള്ളതെന്നും വിശദാംശം ലഭ്യമാക്കുമോ?

**<u>പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി</u>**

689 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതിയിലൂടെ ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി ചക്കിട്ടപാറ സബ്സ്റ്റേഷനിൽ എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഇ) നിലവിലുള്ള പ്രവൃത്തികൾക്ക് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

**<u>കുന്നത്തുനാട് മണ്ഡലത്തിലെ നിലാവ് പദ്ധതി</u>**

690 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലാവ് പദ്ധതി പ്രകാരം കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് പദ്ധതി നിർവ്വഹണം നടന്നുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നിലാവ് പദ്ധതി പ്രകാരം എത്ര തെരുവ് വിളക്കുകൾ സ്ഥാപിച്ചു എന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) നിലാവ് പദ്ധതിയുടെ രണ്ടാം ഘട്ടം കുന്നത്തുനാട് മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പദ്ധതികൾ

691 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ ആർ.ഡി.എസ്.എസ്. ൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ ദ്യുതി 2 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഇലക്ട്രിസിറ്റി എനർജി റീഡിങ്

692 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബിൽ രണ്ട് മാസം കൂടുമ്പോൾ എന്നത് അതാതു മാസം റീഡിങ് എടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക

693 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ കെ.എസ്.ഇ.ബി. ക്ക് നാളിതുവരെ എത്ര തുകയാണ് പിരിഞ്ഞുകിട്ടാനുള്ളത് എന്ന വിവരം ലഭ്യമാക്കാമോ;

(ബി) ഇതിൽ പൊതുമേഖല സ്ഥാപനങ്ങൾ ,സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ കുടിശ്ശിക വിവരങ്ങൾ പ്രത്യേകം ലഭ്യമാക്കാമോ;

(സി) പൊതുമേഖല സ്ഥാപനങ്ങളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും കുടിശ്ശികയിൽ നിയമ നടപടികളിൽ കുരുങ്ങിക്കിടക്കുന്ന തുക എത്രയാണെന്ന് പ്രത്യേകം ലഭ്യമാക്കാമോ?

## വോൾട്ടേജ് വ്യതിയാനവും വൈദ്യുതി തടസ്സവും പരിഹരിക്കുന്നതിന് നടപടി

694 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയഞ്ചേരി ഗ്രാമപഞ്ചായത്തിലെ കീരിയങ്ങാടി, പുറമേരി ഗ്രാമപഞ്ചായത്തിലെ പെരുമുണ്ടച്ചേരി എന്നീ സ്ഥലങ്ങളിലും പരിസരപ്രദേശങ്ങളിലും വോൾട്ടേജ് വ്യതിയാനവും വൈദ്യുതി തടസ്സവും ഇടയ്ക്കിടെ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കാമോ?

## മേലൂർ സെക്ഷനിലെ വൈദ്യുത വിതരണത്തിലെ തടസ്സങ്ങൾ പരിഹരിക്കൽ

695 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിലെ മേലൂർ സെക്ഷന് കീഴിലുള്ള പ്രദേശങ്ങളിൽ വൈദ്യുതി വിതരണത്തിൽ തുടർച്ചയായി തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) പ്രസ്തുത സെക്ഷന് കീഴിൽ ഡെഡിക്കേറ്റഡ് ഫീഡർ നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത സെക്ഷന് കീഴിൽ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## തിരൂരങ്ങാടി മണ്ഡലത്തിലെ കൊടിമരം ഡിവിഷനിലെ വോൾട്ടേജ് പ്രശ്നം

696 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലുള്ള വെന്നിയൂരിലെ കൊടിമരം ഡിവിഷനിലെ വോൾട്ടേജ് പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; വിശദമാക്കാമോ?

## മാവേലിക്കര യു.ജി വൈദ്യുതലൈൻ സ്ഥാപിക്കൽ

697 **ശ്രീ എം എസ് അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ പടനിലം ക്ഷേത്രം, ചുനക്കര മഹാദേവക്ഷേത്രം എന്നിവിടങ്ങളിൽ യു.ജി വൈദ്യുതലൈൻ സ്ഥാപിക്കാൻ 05/08/2022 ലെ സ.ഉ (സാധാ) നം. 5578/2022/ധന പ്രകാരം ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കോതമംഗലം - നെല്ലിക്കുഴി കെ. എസ്. ഇ. ബി കെട്ടിട വാടക

698 **ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ 2016 ൽ പ്രവർത്തനം ആരംഭിച്ച കെ. എസ്. ഇ. ബി സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ വാടക നാളിതുവരെയായി നെല്ലിക്കുഴി ഗ്രാമപഞ്ചായത്താണ് നൽകിവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസ് ഇപ്പോഴും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ വാടക കെ. എസ്. ഇ. ബി തന്നെ വഹിക്കണമെന്ന് ആവശ്യപ്പെട്ട് നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(ഇ) പ്രസ്തുത സെക്ഷൻ ഓഫീസ് നെല്ലിക്കുഴിയിൽ തന്നെ നിലനിർത്തുന്നതിനും ഓഫീസിന്റെ വാടക കെ. എസ്. ഇ. ബി തന്നെ വഹിക്കുന്ന കാര്യവും അനുഭാവപൂർവ്വം പരിഗണിക്കുമോ; വിശദമാക്കാമോ?

**<u>വള്ളിക്കുന്ന് മണ്ഡലത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കൽ</u>**

699 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽവന്ന ശേഷം വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഊർജ്ജ വകുപ്പ് മുഖേന നടത്തിയ പ്രധാന പദ്ധതികളും അവയുടെ നിലവിലെ പുരോഗതിയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടത് ഏതെല്ലാം സ്ഥലങ്ങളിലാണെന്നും പ്രസ്തുത സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടി ഏതുഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

**<u>കുന്നത്തുനാട് മണ്ഡലത്തിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കൽ</u>**

700 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ പ്രഖ്യാപിച്ച അഞ്ച് ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വൈകാനിടയായ കാരണം വ്യക്തമാക്കാമോ;

(സി) പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>കാസർഗോഡ് ജില്ലയിൽ വൈദ്യുതി മീറ്റർ, മെറ്റീരിയൽസ് ക്ഷാമം</u>**

701 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വൈദ്യുതി മീറ്റർ, മെറ്റീരിയൽസ് എന്നിവയുടെ ക്ഷാമംമൂലം വൈദ്യുതി കണക്ഷൻ നൽകാൻ കാലതാമസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

**<u>ആലത്തൂർ തളികക്കല്ല് കോളനിയിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടി</u>**

702 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ വണ്ടാഴി പഞ്ചായത്തിലുള്ള തളികക്കല്ല് കോളനിയിൽ 37

വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വീടുകളിൽ വൈദ്യുതി എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>കുറ്റ്യാടി മണ്ഡലത്തിലെ പുരപ്പുറ സൗരോർജ പദ്ധതി</u>**

703 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ എത്ര വീടുകളിൽ പുരപ്പുറ സൗരോർജ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

**<u>മണലൂർ മണ്ഡലത്തിലെ പുരപ്പുറ സൗരോർജ്ജ പദ്ധതി</u>**

704 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ കെ.എസ്.ഇ.ബി.യുടെ പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം ഇതുവരെ എത്ര സ്ഥലങ്ങളിൽ പ്ലാന്റുകൾ സ്ഥാപിച്ചുവെന്നും അതിലൂടെ എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുവെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നിന്ന് എത്ര യൂണിറ്റ് വൈദ്യുതി കെ.എസ്.ഇ.ബി. തിരികെ വാങ്ങുന്നുവെന്നും തിരികെ വാങ്ങുന്ന വൈദ്യുതിയ്ക്ക് ഒരു യൂണിറ്റിന് എത്ര രൂപയാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ;

(സി) പുരപ്പുറ സൗരോർജ്ജ പദ്ധതി സ്ഥാപിക്കുന്നതിനായി മണലൂർ മണ്ഡലത്തിൽ നിന്നും ലഭിച്ച എല്ലാ അപേക്ഷകളിന്മേലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

**<u>പുരപ്പുറ സൗരോർജ്ജ പദ്ധതി</u>**

705 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. നടപ്പിലാക്കുന്ന പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര സൗരോർജ്ജ പാനലുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പുരപ്പുറ സൗരോർജ്ജ പദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതിയിലേക്ക് കൂടുതൽ ഗാർഹിക ഉപഭോക്താക്കളെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

**<u>പുരപ്പുറ സൗരോർജ്ജ പദ്ധതി</u>**

706 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കെ ബി ഗണേഷ് കുമാർ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരപ്പുറ സൗരോർജ്ജ പദ്ധതി വ്യാപകമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ആകർഷകമാക്കുന്നതിന് സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പാരമ്പര്യേതര ഊർജ്ജോൽപ്പാദനം മുന്നേറ്റം നടത്തുന്നതിന് പര്യാപ്തമായ പുതിയ പദ്ധതികൾ നടപ്പാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## <u>കോങ്ങാട് ഗ്രീൻ എനർജി ഹബ്ബ്</u>

707 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ ഗ്രീൻ എനർജി ഹബ്ബ് പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി കാഞ്ഞിരപ്പുഴ ഡാം ടോപ്പ് റോഡിലൂടെയുള്ള സോളാർ കോറിഡോറിന്റെ നിർമ്മാണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## <u>പുരപ്പുറ സോളാർ പദ്ധതി</u>

708 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. -യുടെ പുരപ്പുറ സോളാർ പ്ലാന്റ് പദ്ധതിയിലൂടെ എത്ര കിലോവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ആയതിന്റെ ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ സോളാർ വൈദ്യുതി കൂടുതൽ ഉൽപാദിപ്പിക്കുന്നതിനായി പുതിയ പ്ലാന്റ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

## <u>തെരുവ് വിളക്കുകളുടെ അഭാവം മൂലം പതിവാകുന്ന വാഹന അപകടങ്ങൾ</u>

709 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്. 85 -ൽ കോതമംഗലം മുതൽ അടിമാലി വരെയുള്ള വനപ്രദേശങ്ങളിലൂടെ കടന്നു പോകുന്ന പാതയുടെ നേര്യമംഗലം-വാളറ ഭാഗങ്ങളിൽ തെരുവ് വിളക്കുകളുടെ അഭാവം മൂലം വാഹനാപകടങ്ങൾ പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ;

(ബി) പ്രസ്തുത ഭാഗങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് പരാതി

ലഭിച്ചിട്ടുണ്ടോ; ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പരാതി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## നിലാവ് പദ്ധതി

710 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം തദ്ദേശ സ്ഥാപനങ്ങളിലാണ് നിലാവ് പദ്ധതി നടപ്പാക്കിയതെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) തെരുവുവിളക്കുകൾക്ക് കേടുപാടുകൾ സംഭവിച്ചാൽ അറ്റകുറ്റപ്പണികൾ നടത്തുന്നതും മാറ്റി സ്ഥാപിക്കുന്നതും കെ.എസ്.ഇ.ബി. -യുടെ ഉത്തരവാദിത്ത മാണോയെന്ന് അറിയിക്കാമോ;

(സി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ചുങ്കത്തറ ഗ്രമാപഞ്ചായത്തിൽ ലഭിക്കേണ്ട 300 എൽ.ഇ.ഡി. തെരുവുവിളക്കുകൾ കെ.എസ്.ഇ.ബി. -യിൽ പണം അടച്ചിട്ടും ലഭിച്ചിട്ടില്ല എന്നതു സംബന്ധിച്ച് എം.എൽ.എ. മുഖാന്തിരം ചുങ്കത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തെരുവുവിളക്കുകൾ അടിയന്തരമായി ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കാമോ?

## കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ

711 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി. -യുടെ എത്ര സെക്ഷൻ ഓഫീസുകളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ചട്ടഞ്ചാൽ, കുറ്റിക്കോൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ നിലവിൽ പ്രവർത്തിക്കുന്നതിന് സമീപം സർക്കാർ ഭൂമി ലഭ്യമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവിടെ റവന്യൂഭൂമി പാട്ടത്തിന് ലഭ്യമാക്കി സെക്ഷൻ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

## ആര്യനാട് സബ് എഞ്ചിനീയർ ഓഫീസ് അനുവദിക്കാൻ നടപടി

712 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിലെ വിവിധ ആദിവാസി സെറ്റിൽമെന്റുകളിൽ അധിവസിക്കുന്ന ജനങ്ങൾ കെ.എസ്.ഇ.ബി.- യുമായി

ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്ക് കിലോമീറ്ററുകൾ സഞ്ചരിക്കേണ്ടി വരുന്ന അവസ്ഥ നിലവിലുള്ളതിനാൽ ഇവർക്ക് സൗകര്യപ്രദമായ രീതിയിൽ പറങ്ങോട് കേന്ദ്രീകരിച്ച് ഒരു സബ് എഞ്ചിനീയർ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വൈദ്യുതി സെക്ഷൻ ഓഫീസുകളുടെ പുനഃക്രമീകരണം

713 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കുമോ;

(ബി) നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ ബോർഡിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) മലപ്പുറം ജില്ലയിൽ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വള്ളുവമ്പ്രം, കിഴിശ്ശേരി, മഞ്ചേരി നോർത്ത് എന്നിവ വിഭജിച്ച് പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

## ഒറ്റശേഖരമംഗലത്തെ സബ്സ്റ്റേഷൻ നിർമ്മാണം

714 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കണം എന്ന് ആവശ്യപ്പെട്ട് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഒറ്റശേഖരമംഗലം ഗവ. സ്കൂളിന് സമീപം കണ്ടെത്തിയ ഭൂമി പ്രസ്തുത പദ്ധതിയ്ക്ക് അനുയോജ്യമാണോ; വിശദവിവരങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി വൈദ്യുതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്നും വെളിപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) സബ്സ്റ്റേഷന്റെ നിർമ്മാണം എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ സബ് സ്റേറഷൻ നിർമാണം

715 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ പുതിയ സബ് സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സബ് സ്റ്റേഷനുകൾ എവിടെയൊക്കെയാണെന്നും ആയതിനുള്ള നടപടികൾ ഏത് ഘട്ടത്തിൽ ആണെന്നും വിശദമാക്കാമോ?

**<u>മണിയൂർ ഗ്രാമ പഞ്ചായത്തിലെ കെ.എസ്. ഇ. ബി. സബ് സ്റ്റേഷൻ നിർമ്മാണം</u>**

716 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയൂർ ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത സബ് സ്റ്റേഷൻ നിർമ്മിക്കുന്നതുവഴി ഏതൊക്കെ പ്രദേശങ്ങൾക്കാണ് പ്രയോജനം ലഭിക്കുന്നതെന്ന് അറിയിക്കാമോ?

**<u>വൈദ്യുതി ബോർഡിലെ കരാർ നിയമനം</u>**

717 **ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ . പി . ഉബൈദുള്ള**
**ശ്രീ. അബ്ദുൽ ഹമീദ് പി**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ ഉയർന്ന തസ്തികകളിൽ ദിവസ വേതന അടിസ്ഥാനത്തിൽ കരാർ നിയമനം നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിയമനങ്ങളുടെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ഉന്നത തസ്തികകളിലെ കരാർ നിയമനങ്ങൾ സർക്കാർ നയത്തിന് അനുസൃതമാണോയെന്ന് വ്യക്തമാക്കുമോ?

**<u>വൈദ്യുതി വകുപ്പിൽ ജീവനക്കാരുടെ തസ്തികകൾ വെട്ടിക്കുറയ്ക്കുന്ന നടപടി</u>**

718 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിലെ ജീവനക്കാരുടെ തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളാണ് ഒഴിവാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾ</u>**

719 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ നിക്ഷേപകർക്ക് തങ്ങളുടെ നിക്ഷേപം യഥാസമയം തിരിച്ചുലഭിക്കുന്നതിന് പ്രത്യേകമായി എന്തെങ്കിലും പദ്ധതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ചില സഹകരണ ബാങ്കുകൾ കാട്ടുന്ന അനാസ്ഥമൂലം സഹകരണ മേഖലയ്ക്കെതിരെ ജനങ്ങളെ തിരിക്കാൻ നടത്തുന്ന ശ്രമങ്ങൾക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## സഹകരണ മേഖലയുടെ വിപണി ഇടപെടൽ

720 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണവിപണിയിൽ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ മുഖേന എന്തൊക്കെ ഇടപെടലുകളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; വിശദീകരിക്കാമോ;

(ബി) ഉത്സവകാലങ്ങളിൽ സഹകരണ സ്ഥാപനങ്ങൾ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി നടത്തുന്ന ഇടപെടലുകൾ വർഷം മുഴുവനും തുടരുന്നത് ഉചിതമായിരിക്കും എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) വർഷം മുഴുവനും ഇത്തരത്തിൽ ന്യായവിലയ്ക്ക് സാധനങ്ങൾ നൽകുന്ന വിധത്തിൽ കടകൾ തുടങ്ങുമോ?

## സഹകരണ ബാങ്ക് നിക്ഷേപത്തിന് ഗ്യാരന്റി

721 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്ക് തട്ടിപ്പുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ പരിഹരിക്കുന്നതിന് നിക്ഷേപകർക്ക് ഗ്യാരന്റി നൽകുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലാ ബാങ്ക് പിരിച്ചുവിട്ട് കേരള ബാങ്ക് രൂപീകരിച്ചതുമൂലമാണ് നിക്ഷേപകർക്ക് തങ്ങളുടെ നിക്ഷേപത്തിന് ഗ്യാരന്റി ലഭിക്കാത്ത അവസ്ഥയുണ്ടായത് എന്ന ആക്ഷേപം ഏതുരീതിയിൽ വിലയിരുത്തുന്നു എന്ന് വ്യക്തമാക്കാമോ;

(സി) എന്തു പ്രതിസന്ധി ഉണ്ടായാലും ജില്ലാ ബാങ്കുകൾക്ക് കൈകാര്യം ചെയ്യാൻ സാധിക്കുമായിരുന്ന സ്ഥിതിവിശേഷത്തിന് ബദലായി സ്വീകരിച്ചിരിക്കുന്ന വ്യവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ?

## സർഫാസി നിയമം - ഡിമാൻഡ് നോട്ടീസുകളും ജപ്തി നടപടികളും

722 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർഫാസി നിയമ പ്രകാരം, 2020 ജനുവരി മാസം മുതൽ നാളിതുവരെ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ, സഹകരണ ബാങ്കുകൾ എന്നിവ വായ്പാ കുടിശ്ശികയുമായി ബന്ധപ്പെട്ട് എത്ര ഡിമാന്റ് നോട്ടീസുകൾ നൽകിയിട്ടുണ്ട്; അറിയിക്കാമോ;

(ബി) പ്രസ്തുത ഡിമാന്റ് നോട്ടീസുകൾ അനുസരിച്ച് എത്ര കേസുകളിൽ ജപ്തി നടപടികൾ പൂർത്തിയാക്കി; എത്ര തുക ഇതിലൂടെ ഈടാക്കി; എത്ര തുകയുടെ വസ്തുവകകൾ അറ്റാച്ച് ചെയ്തു; വിവരങ്ങൾ നൽകാമോ?

## സഹകരണമേഖലയെ സംരക്ഷിക്കുന്നതിന് നടപടി

723 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ നിക്ഷേപങ്ങൾ സംരക്ഷിക്കാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സഹകരണമേഖലയെ സംരക്ഷിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

## സഹകരണ ബാങ്കുകൾ കർഷകർക്ക് അനുവദിച്ച പലിശ സബ്സിഡി

724 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ ബാങ്കുകൾ വഴി കർഷകർക്ക് നൽകിയ കാർഷിക വായ്പകൾക്ക് [കിസാൻ ക്രെഡിറ്റ് കാർഡ് (കെ.സി.സി)] ബാങ്കുകൾ നൽകിയ നാലു ശതമാനം പലിശ സബ്സിഡി ബാങ്കുകൾക്ക് സർക്കാർ നൽകാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷം വരെ; വിശദമാക്കുമോ;

(ബി) കുടിശ്ശികയുണ്ടെങ്കിൽ ആയത് ബാങ്കുകൾക്ക് അനുവദിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

## സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ തടയുവാൻ നടപടി

725 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പെട്ട ക്രമക്കേടുകളെ മറയാക്കിക്കൊണ്ട് സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ തകർക്കുക എന്ന ലക്ഷ്യത്തോടെ ഒരു വിഭാഗം അപവാദ പ്രചാരണങ്ങൾ നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിജസ്ഥിതി എന്താണെന്നും ഇവ ജനങ്ങളെ അറിയിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും വ്യക്തമാക്കാമോ;

(ബി) സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; സഹകരണ സ്ഥാപന രംഗത്ത് ഇത്തരം പ്രവണതകൾ ഇല്ലായ്മ ചെയ്യുന്നതിനായി പ്രത്യേകമായ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സഹകരണ ഓഡിറ്റിംഗിലും നിക്ഷേപ ഗ്യാരന്റി ബോർഡിന്റെ വ്യവസ്ഥകളിലും മാറ്റങ്ങൾ വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## സംസ്ഥാന പുരോഗതിയിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്ക്

726 **ശ്രീ. എം. എം. മണി**
**ശ്രീ കെ ആൻസലൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**

**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പുരോഗതിയിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്ക് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ചില ഒറ്റപ്പെട്ട സംഭവങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ നിർണ്ണായക സ്വാധീനമുള്ള സഹകരണ മേഖലയെ തകർക്കുന്നതിനായി ചില വിഭാഗം മാധ്യമങ്ങളെ കൂട്ടുപിടിച്ച് ചില കക്ഷികൾ നടത്തുന്നതായി പറയപ്പെടുന്ന നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജനസമൂഹത്തിന് സഹകരണ മേഖലയിലുള്ള വിശ്വാസം ഊട്ടിയുറപ്പിക്കുന്നതിനായി സർക്കാർ നടത്തിയ ഇടപെടൽ വിശദീകരിക്കുമോ;

(സി) സഹകരണ സ്ഥാപനങ്ങളെ നിയന്ത്രണത്തിലാക്കുന്നതിനുള്ളതായി പറയപ്പെടുന്ന നീക്കങ്ങളുടെ ഭാഗമായി കേന്ദ്ര സർക്കാർ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും വിവരശേഖരണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എന്തൊക്കെ വിവരങ്ങളാണ് കേന്ദ്രം ശേഖരിച്ചുവരുന്നത്; വിശദമാക്കുമോ?

## സഹകരണ ബാങ്കുകളിലെ തട്ടിപ്പുകൾക്കെതിരെ നടപടി

727 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ സി ആർ മഹേഷ്**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ പണം ദുരുപയോഗം ചെയ്യുന്ന ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടെയും സ്വത്തുക്കൾ കണ്ടുകെട്ടാൻ സഹകരണ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) സഹകരണ മേഖലയ്ക്ക് കരുവന്നൂർ ബാങ്ക് ക്രമക്കേട് പോലുള്ള സംഭവങ്ങൾ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) സഹകരണ ബാങ്കുകളിൽ അഴിമതി നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെയും ഭരണസമിതിക്കെതിരെയും രാഷ്ട്രീയത്തിനതീതമായി കർശന നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

## സംസ്ഥാന സഹകരണ നിയമം

728 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ നിയമത്തിലെ 14എഎ വകുപ്പ് സംഘങ്ങൾ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വകുപ്പ് 14എഎ പ്രകാരം സംഘങ്ങൾക്ക് അനുവദിച്ചുനൽകിയിട്ടുള്ള ഉപനിബന്ധനകൾ പലതും സഹകരണ നിയമത്തിനും ചട്ടത്തിനും രജിസ്ട്രാറുടെ

സർക്കുലറുകൾക്കും വിരുദ്ധമല്ലെന്ന് ഉറപ്പുവരുത്താറുണ്ടോ; വ്യക്തമാക്കാമോ?

## വിദ്യാ തരംഗിണി പദ്ധതി

729 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിന്ന് വിദ്യാ തരംഗിണി പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചു; എത്ര തുക വായ്പയായി അനുവദിച്ചു; വിശദാംശം ലഭ്യമാക്കുമോ?

## സഹകരണ മേഖലയിലെ ആശ്വാസ പദ്ധതികൾ

730 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സഹകരണ മേഖലയിലെ വിവിധ ആശ്വാസ പദ്ധതികൾ പ്രകാരം പൊതു ജനങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികളുടെ ആനുകൂല്യങ്ങൾ ഏതെല്ലാം വിഭാഗം ജനങ്ങൾക്ക് ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്കായി സഹകരണ വകുപ്പ് പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) സഹകരണ വകുപ്പിൽ നിന്നും എസ്.സി./എസ്.റ്റി. വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളുടെ വിശദാംശം അറിയിക്കാമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ കെയർ ഹോം പദ്ധതി

731 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതി പ്രകാരം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നാളിതുവരെ എത്ര വീടുകളാണ് നിർമ്മിച്ചു നൽകിയതെന്ന് വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) കെയർ ഹോം പദ്ധതി വഴി മണ്ഡലത്തിൽ എത്ര വീടുകളാണ് നിർമ്മിച്ചു നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കെയർ ഹോം പദ്ധതിയിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്ന മാനദണ്ഡം വിശദമാക്കാമോ?

## സഹകരണ സംഘങ്ങൾക്ക് നികുതി ഇളവ്

732 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾക്ക് നികുതി ഇളവ് ലഭിക്കുന്നത് സംബന്ധിച്ച് സുപ്രീം കോടതിയിൽ നിന്നും അനുകൂലമായ വിധി ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം

ലഭ്യമാക്കാമോ?

**<u>കരുവന്നൂർ സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് പണം തിരിച്ചുനൽകാൻ നടപടി</u>**

733 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ സി ആർ മഹേഷ്**
**ശ്രീ. സനീഷ്‌കുമാർ ജോസഫ്**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് പണം തിരിച്ചുനൽകാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കരുവന്നൂർ ബാങ്കിൽ ലക്ഷങ്ങളുടെ നിക്ഷേപം ഉണ്ടായിട്ടും ചികിത്സയ്ക്ക് പണം കിട്ടാതെ സ്ത്രീ മരിച്ചതായി പറയപ്പെടുന്ന സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) കരുവന്നൂർ സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് പണം തിരിച്ചുകൊടുക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പാർട്ടി അനുഭാവികൾക്ക് പണം തിരിച്ചുനൽകുന്നതിൽ മുൻഗണന നൽകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ എന്നും ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നും അറിയിക്കാമോ?

**<u>കരുവന്നൂർ സഹകരണ ബാങ്ക് ക്രമക്കേട്</u>**

734 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ . സണ്ണി ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ ബാങ്ക് ക്രമക്കേടിന് ഇരയായ നിക്ഷേപകർക്ക് ഒരു വർഷം പിന്നിടുമ്പോഴും പണം തിരിച്ചുകൊടുക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ക്രമക്കേട് നടത്തിയ ജീവനക്കാരുടെയും ഇടനിലക്കാരുടെയും ബാങ്ക് ഭരണസമിതിയംഗങ്ങളുടെയും സ്വത്തുക്കൾ കണ്ടുകെട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) തട്ടിപ്പ് കണ്ടെത്തുന്നതിലെ വീഴ്ചയുടെ പേരിൽ സസ്പെൻഡ് ചെയ്യപ്പെട്ട സഹകരണ ഉദ്യോഗസ്ഥരെ തിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ ഏത് അന്വേഷണത്തിന്റെ കണ്ടെത്തലിന്റെ ഭാഗമായാണ് ഇവരെ തിരിച്ചെടുത്തതെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ;

(ഡി) തിരിച്ചുകിട്ടാനുള്ള വായ്പകൾ തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

**<u>കണ്ടല സർവീസ് സഹകരണ ബാങ്ക് ക്രമക്കേട്</u>**

735 **ശ്രീ. അൻവർ സാദത്ത്**

**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ സി ആർ മഹേഷ്**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കണ്ടല സർവീസ് സഹകരണ ബാങ്ക് ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിലുള്ള സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാറുടെ (ജനറൽ) അന്വേഷണ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) 2022 ജനവരി 22-ന് അന്വേഷണ റിപ്പോർട്ട് സഹകരണ വകുപ്പിന് സമർപ്പിച്ചെങ്കിലും ഭരണ സമിതിക്കെതിരെ നടപടിയെടുത്തിട്ടില്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

## കരുവന്നൂർ സഹകരണ ബാങ്കിന് പുനരുദ്ധാരണ പാക്കേജ്

736 **ശ്രീ എം വിൻസെൻറ്**
**ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്കിനായി പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) കരുവന്നൂർ സഹകരണ ബാങ്കിന്റെ പേരിൽ ക്രമക്കേട് നടത്തിയ വ്യക്തികളുടെ സ്വത്തുക്കൾ കണ്ടുകെട്ടാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) സഹകരണ ബാങ്ക് ഉദ്യോഗസ്ഥർ ജോലിയിൽ മന:പൂർവം വീഴ്ച വരുത്തിയാൽ കർശന നടപടിയെടുക്കാൻ സഹകരണ നിയമത്തിൽ വ്യവസ്ഥകളുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നിയമഭേദഗതി വരുത്താൻ തയ്യാറാകുമോ?

## സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ

737 **ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീമതി കെ.കെ.രമ**
**ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നിലവിലുണ്ടോ; വിശദാംശം നൽകാമോ;

(ബി) സഹകരണ ബാങ്കുകൾക്കായി ഏകീകൃത സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിന് ഏതെങ്കിലും കമ്പനിയെ തിരഞ്ഞെടുത്തിരുന്നോ; എങ്കിൽ ഈ കരാർ ടെണ്ടർ വഴിയാണോ നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) കരുവന്നൂർ സഹകരണ ബാങ്കിൽ സോഫ്റ്റ്‌വെയറിലെ ന്യൂനതകൾ ഉപയോഗിച്ചാണ് ക്രമക്കേട് നടത്തിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സാഹചര്യത്തിൽ സഹകരണ ബാങ്കുകളുടെ വിശ്വാസ്യത വർദ്ധിപ്പിക്കാൻ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയാൻ നിയമഭേദഗതി**

738 **ശ്രീ എം വിൻസെൻറ്**

**ശ്രീ. ടി. ജെ. വിനോദ്**

**ശ്രീ. ടി.സിദ്ദിഖ്**

**ശ്രീമതി.ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്ക് ക്രമക്കേടിനെ തുടർന്ന് സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയാൻ നിയമഭേദഗതി ആലോചിക്കുന്നുണ്ടോ;

(ബി) വായ്പ്പ തട്ടിപ്പ്, സ്വർണപ്പണയ തട്ടിപ്പ് തുടങ്ങിയ ആരോപണങ്ങളിൽ കുറ്റക്കാരുടെ ആസ്തി മരവിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇതിനായി നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ;

(സി) ക്രിമിനൽ സ്വഭാവമുള്ള കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ പോലീസിനെ അറിയിക്കണമെന്ന് സഹകരണ നിയമത്തിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ കരുവന്നൂർ സഹകരണ ബാങ്കിൽ 2018-19 വർഷത്തിലെ ഓഡിറ്റിൽ ക്രമക്കേട് കണ്ടെത്തിയിട്ടും പോലീസിനെ അറിയിക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന സാഹചര്യം വിശദമാക്കാമോ?

**സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ**

739 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്കിൽ അനധികൃതമായി നിയമനങ്ങളും അവധി അനുവദിക്കലും ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏത് രീതിയിലാണ് ഇത്തരം ക്രമക്കേടുകൾ ഉണ്ടായതെന്നും ഇതുമൂലം ബാങ്കിനുണ്ടായിട്ടുള്ള നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) കരുവന്നൂർ ബാങ്ക് തട്ടിപ്പും ക്രമക്കേടും അന്വേഷിക്കാൻ ഉന്നതതല കമ്മിറ്റിയെ നിയമിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഈ കമ്മിറ്റിയുടെ ഘടന എപ്രകാരമാണെന്നും റിപ്പോർട്ട് ലഭ്യമായോയെന്നും വ്യക്തമാക്കാമോ;

(ഇ) ഇത്തരത്തിലുള്ള തട്ടിപ്പ് മറ്റ് സഹകരണ ബാങ്കുകളിൽ നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കാനും ഇതാവർത്തിക്കാതിരിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**സഹകരണ സംഘങ്ങളുടെ സംരക്ഷണം**

740 **ശ്രീ വി ജോയി**

**ശ്രീ. എ. പ്രഭാകരൻ**

**ശ്രീ. പി. ടി. എ. റഹീം**

**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നേരിട്ടും വിവിധ കേന്ദ്ര ഏജൻസികളെ ഉപയോഗപ്പെടുത്തികൊണ്ടും സഹകരണ മേഖലയെ ദുർബലപ്പെടുത്താനും സഹകരണ മേഖലയുടെയാകെ വിശ്വാസ്യതയ്ക്ക് ഭംഗം വരുത്താനും ശ്രമങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ സഹകരണ സംഘങ്ങളിൽ ക്രമക്കേടുകൾ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും പ്രവർത്തനം സുതാര്യമാക്കുന്നതിനും സർക്കാർ നടത്താനുദ്ദേശിക്കുന്ന ഇടപെടലുകളെ കുറിച്ച് അറിയിക്കാമോ;

(ബി) പ്രതിസന്ധിയിലാകുന്ന സഹകരണ സംഘങ്ങളുടെ രക്ഷയ്ക്ക് സംരക്ഷണ നിധി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സഹകരണ സംഘങ്ങളുടെയും ബാങ്കുകളുടെയും പ്രവർത്തനം സാങ്കേതിക വിദ്യാധിഷ്ഠിതമായി ആധുനികവൽക്കരിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

### <u>ആലത്തൂർ മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ</u>

741 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ ആലത്തൂർ നിയോജക മണ്ഡലത്തിന്റെ പരിധിക്കുള്ളിൽ രൂപീകരിക്കപ്പെട്ട വിവിധ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ വർഷം തിരിച്ച് അറിയിക്കാമോ;

(ബി) അവയിൽ ഓരോന്നിന്റെയും പ്രവർത്തനമേഖലയും പ്രവർത്തനപരിധിയും വിശദമാക്കാമോ?

### <u>പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സഹായം</u>

742 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിസന്ധിയിലാകുന്ന പ്രാഥമിക സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനായി ജില്ലാ ബാങ്കുകളിൽ നിന്നും വായ്പ ലഭ്യമാക്കുന്ന രീതി സംസ്ഥാനത്ത് മുൻപ് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതിക്ക് സർക്കാർ അനുമതിയോടെ ഇപ്രകാരം തീരുമാനമെടുക്കാൻ സാധിക്കുമായിരുന്നോ; വിശദമാക്കുമോ;

(ബി) കേരള ബാങ്ക് രൂപീകരണത്തിനുശേഷം മേൽപ്പറഞ്ഞ പ്രകാരം പ്രതിസന്ധിയിലാകുന്ന പ്രാഥമിക സഹകരണ സംഘങ്ങളെ സഹായിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള സഹായം നൽകുവാൻ കഴിഞ്ഞിട്ടുണ്ടോ; കേരള ബാങ്കിൽ നിന്നും ഇപ്രകാരം ഒരു സഹായം നൽകുന്നതിന് റിസർവ് ബാങ്കിന്റെ അനുമതി ആവശ്യമുണ്ടോ; വിശദാംശം നൽകുമോ;

(സി) കേരള ബാങ്ക് രൂപീകരണത്തോടെ സംസ്ഥാന സർക്കാരിന് സഹകരണ

മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ സ്വതന്ത്രമായി ഇടപെടാനുള്ള അവസരം നഷ്ടപ്പെട്ട കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) 2020-21 സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ കരുവന്നൂർ സഹകരണ ബാങ്കിൽ എത്ര കോടി രൂപയുടെ സ്ഥിരനിക്ഷേപം ഉണ്ടായിരുന്നു; 2021 ഏപ്രിൽ 1 മുതൽ നാളിതുവരെ എത്ര കോടി രൂപയുടെ സ്ഥിരനിക്ഷേപം പിൻവലിക്കപ്പെട്ടിട്ടുണ്ട്; സ്ഥിരനിക്ഷേപം പിൻവലിക്കുന്നതിനായി ഈ കാലയളവിൽ എത്ര സഹകാരികൾ അപേക്ഷ നൽകിയിട്ടുണ്ട്; ഇതിൽ എത്രപേർക്ക് പൂർണ്ണമായും നിക്ഷേപം മടക്കിനൽകാൻ കഴിഞ്ഞിട്ടുണ്ട്; എത്രപേർക്ക് നിക്ഷേപം ഇനിയും മടക്കി നൽകുവാനുണ്ട്; വ്യക്തമാക്കാമോ;

(ഇ) കരുവന്നൂർ ബാങ്കിൽ സ്ഥിരനിക്ഷേപം ഉണ്ടായിട്ടും ചികിത്സാ ചെലവിന് പണം ലഭിക്കാത്തതിനെ തുടർന്ന് മരണപ്പെട്ട ഫിലോമിനയുടെ കുടുംബം മേൽപ്പറഞ്ഞ കാലയളവിൽ സ്ഥിരനിക്ഷേപം പിൻവലിക്കുന്നതിന് ആവശ്യം ഉന്നയിച്ചിരുന്നോ; എത്ര തുകയാണ് ആവശ്യപ്പെട്ടത്; പ്രസ്തുത കുടുംബത്തിന് എത്ര തുക മടക്കി നൽകുവാൻ സാധിച്ചു; ഏതൊക്കെ തീയതികളിലാണ് ഇപ്രകാരം തുക നൽകിയതെന്ന് വ്യക്തമാക്കുമോ;

(എഫ്) കരുവന്നൂർ ബാങ്കിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിന് എത്ര തുക ആവശ്യമുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇത് ഏതുരീതിയിൽ കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>**അരുവിക്കര നിയോജകമണ്ഡലത്തിലെ സഹകരണ സംഘങ്ങൾ**</u>

743 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ളതും 1969-ലെ കേരള സഹകരണ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ അരുവിക്കര നിയോജകമണ്ഡലത്തിലെ വിവിധ സംഘങ്ങളുടെ പേര്, മേൽവിലാസം, ഏത് താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാറുടെ കീഴിലാണ് ഉൾപ്പെട്ടിരിക്കുന്നത് എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ/സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ/സംഘങ്ങൾ, അർബൻ ബാങ്കുകൾ/സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ, പലവക വിഭാഗത്തിൽപ്പെടുന്ന മറ്റ് സംഘങ്ങൾ എന്ന വിധത്തിൽ മേൽ വിവരങ്ങൾ തരംതിരിച്ച് ലഭ്യമാക്കുമോ?

<u>**മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തന നിയന്ത്രണം**</u>

744 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**മണലൂർ മേഖല ഇക്കോ ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

745 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മേഖല ഇക്കോ ടൂറിസം ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പൂവ്വത്തൂർ പി.ഒ. (ക്ലിപ്തം നം. ആർ. 1309) എന്ന സ്ഥാപനം സഹകരണ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങൾക്ക് സഹകരണ വകുപ്പ് മുഖേന എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ;

(സി) വിനോദ സഞ്ചാരത്തിന് മണലൂർ മണ്ഡലത്തിൽ ഈ സ്ഥാപനം വഴി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

**പുതിയ സഹകരണ സ്ഥാപനങ്ങൾ**

746 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി എത്ര സഹകരണ സ്ഥാപനങ്ങൾക്കാണ് അനുമതി നൽകിയതെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) കാസർകോട് ജില്ലയിൽ ഏതൊക്കെ പുതിയ സഹകരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയെന്നും അവയുടെ പ്രവർത്തന പരിധി ഏതാണെന്നും വിശദമാക്കാമോ?

**സഹകരണ സംഘങ്ങൾ ഫയൽ ചെയ്യുന്ന ആർബിട്രേഷൻ കേസുകൾ**

747 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ ഫയൽ ചെയ്യുന്ന ആർബിട്രേഷൻ കേസുകൾ ഹിയറിംഗ് നടത്തുന്ന സഹകരണ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് എന്തെല്ലാം അധികാരങ്ങളാണ് നിയമപരമായി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**സഹകരണ സംഘങ്ങൾക്ക് കോമൺ സോഫ്റ്റ് വെയർ സംവിധാനം**

748 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് കോമൺ സോഫ്റ്റ് വെയർ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**സഹകരണ ബാങ്ക് വായ്പകൾ**

749 **ശ്രീ സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ,

സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ ബാധ്യതയുള്ളവരിൽ രോഗികൾ, മരണം സംഭവിച്ചവർ എന്നിവരെ റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി സഹായം നൽകുന്നതിനുള്ള അപേക്ഷകളിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ അടിയന്തര നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും ഈ വിഭാഗത്തിൽ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്ന ആളുകൾ മരണപ്പെടുകയോ അപകടം സംഭവിക്കുകയോ വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത തരത്തിൽ ഗുരുതരരോഗം ബാധിക്കപ്പെടുകയോ ചെയ്താൽ അവരുടെ കുടുംബങ്ങളെ സഹായിക്കുന്ന തരത്തിൽ എന്തെല്ലാം ആശ്വാസ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) സഹകരണ വായ്പകൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## <u>ജപ്തി ഒഴിവാക്കാൻ നടപടി</u>

750 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കിൽ നിന്നും ലോൺ എടുത്തവർക്ക് കോവിഡ് കാലത്ത് ലോൺതുക തിരിച്ചടക്കാൻ സാധിക്കാത്തതിനാൽ ജപ്തി നടപടികൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ജപ്തി നടപടികൾ ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ ജപ്തി നടപടികൾ നേരിടുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വായ്പ തിരിച്ചടവിന് പലിശ ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

## <u>കോതമംഗലം മണ്ഡലത്തിലെ റിസ്ക് ഫണ്ട് ആനുകൂല്യം</u>

751 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്ന് റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രപേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടെന്നും അതിനായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ഇനിയും ആനുകൂല്യം ലഭ്യമാക്കുവാൻ എത്ര അപേക്ഷകൾ ബാക്കിയുണ്ടെന്ന്

വിശദമാക്കാമോ;

(ഡി) അർഹരായിട്ടുള്ള മുഴുവൻ അപേക്ഷകർക്കും റിസ്ക് ഫണ്ട് ആനുകൂല്യം വേഗത്തിൽ ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**സഹകരണ ബാങ്കുകളിലെ റിസ്ക് ഫണ്ട് ആനുകൂല്യം**

752 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കിയെന്ന് ബാങ്ക് തിരിച്ചുള്ള വിവരം അറിയിക്കുമോ;

(സി) പ്രസ്തുത ആനുകൂല്യം ഇതുവരെയും അനുവദിച്ചുകിട്ടാത്ത അപേക്ഷകളിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) അർഹരായ എല്ലാവർക്കും റിസ്ക് ഫണ്ട് ആനുകൂല്യം വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**അരൂർ മണ്ഡലത്തിലെ റിസ്ക് ഫണ്ട് വിതരണം**

753 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങൾ വഴി റിസ്ക് ഫണ്ടിന് അപേക്ഷിച്ചവരുടെ വിശദാംശം നല്കുമോ;

(ബി) പ്രസ്തുത ആനുകൂല്യം ഏത് വർഷം വരെ വിതരണം ചെയ്യുന്നു എന്ന് വിശദമാക്കാമോ;

(സി) റിസ്ക് ഫണ്ട് വിതരണം ചെയ്യുന്നതിന് നിലവിൽ കാലതാമസമുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

**സഹകരണ ജീവനക്കാർക്ക് ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് നടപടി**

754 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ അർബൻ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് ഇറങ്ങി 17 മാസങ്ങൾ കഴിഞ്ഞിട്ടും ജീവനക്കാർക്ക് ഹയർ ഗ്രേഡ് സ്കെയിലുകൾ ഇതുവരെയും അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) സഹകരണ ജീവനക്കാർക്ക് ഹയർ ഗ്രേഡ് സ്കെയിലുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**സഹകരണ ജീവനക്കാർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

755 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-

രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയിൽ സഹകരണ മേഖലയിലെ ജീവനക്കാരെ കൂടി ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ സംസ്ഥാനത്തെ സഹകരണ മേഖലയിലെ ജീവനക്കാർക്കായി മെഡിസെപ് മാതൃകയിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## സഹകരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി

756 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ രണ്ടാം നൂറ്ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി സഹകരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## അക്ഷര മ്യൂസിയം

757 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ അക്ഷര മ്യൂസിയം സ്ഥാപിക്കുന്നുണ്ടോ; അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) അക്ഷര മ്യൂസിയത്തിൽ പൊതുജനങ്ങൾക്ക് എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) അക്ഷര മ്യൂസിയത്തിന്റെ ഭാഗമായി ലെറ്റർ ടൂറിസം എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ടീം ആഡിറ്റ് സംവിധാനം

758 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ടീം ആഡിറ്റ് സംവിധാനം ഏതെല്ലാം ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ടീം ആഡിറ്റ് സമ്പൂർണ്ണമായി നടപ്പാക്കുക വഴി സഹകരണ ആഡിറ്റ് സംവിധാനം കൂടുതൽ കാര്യക്ഷമമാകുമെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ നേട്ടങ്ങൾ വിശദീകരിക്കാമോ;

(സി) ടീം ആഡിറ്റ് എല്ലാ ജില്ലകളിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കാൻ നടപടി

759 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

**<u>മലപ്പുറം ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റിനെതിരെയുള്ള പരാതി</u>**

760 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റിനെതിരെ സഹകരണ വകുപ്പിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പരാതിയുടെ അന്വേഷണ പുരോഗതി വിശദമാക്കാമോ; പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; അന്വേഷണത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ;

(സി) സഹകരണ മേഖലയിൽ പ്രസ്തുത വ്യക്തിക്കെതിരെ നിരവധി പരാതികളുള്ള സാഹചര്യത്തിൽ സഹകരണ വകുപ്പ് വിശദ അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>പൂഞ്ഞാർ മണ്ഡലത്തിലെ സുഭിക്ഷ കേരളം പദ്ധതി</u>**

761 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ സ്ഥാപനങ്ങൾ മുഖേന പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; വിശദവിവരം ലഭ്യമാക്കുമോ?

**<u>ചങ്ങനാശ്ശേരി മണ്ഡലത്തിലെ സഹകരണഅംഗ സമാശ്വാസ പദ്ധതി</u>**

762 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ മെമ്പർമാരുടെ ചികിത്സയ്ക്കായി നടപ്പിലാക്കുന്ന സഹകരണ അംഗ സമാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായത്തിനായി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര അപേക്ഷകളിൽ ധനസഹായം അനുവദിച്ചുവെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

**<u>നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച ഗ്രൗണ്ടുകൾ</u>**

763 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഇൻഡോർ/ടർഫ്/ഫുട്ബാൾ/ക്രിക്കറ്റ് ഗ്രൗണ്ടുകൾ

സ്ഥാപിച്ചിരുന്നോ; എങ്കിൽ അവ എവിടെയെല്ലാം പ്രവർത്തന സജ്ജമായി എന്നറിയിക്കാമോ;

(ബി) കർമ്മ പദ്ധതിയ്ക്ക് ശേഷം കൂടുതൽ സഹകരണ സ്ഥാപനങ്ങൾ താല്പര്യം പ്രകടിപ്പിച്ചാൽ ടർഫ് /ഗ്രൗണ്ട് സ്ഥാപിക്കുവാൻ അനുമതി നൽകുമോ; വിശദമാക്കാമോ?

## സഹകരണ വകുപ്പിലെ പെൻഷൻ പദ്ധതി

764 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 26-02-2021-ലെ സ.ഉ.(സാധാ) 176/2021 നമ്പർ ഉത്തരവ് പ്രകാരം സഹകരണ വകുപ്പിലെ പെൻഷൻ പദ്ധതി പരിഷ്കരിച്ചതു വഴി ഒരു മാസം എത്ര തുകയുടെ അധിക ബാധ്യതയാണ് പെൻഷൻ ബോർഡിന് ഉണ്ടായിട്ടുള്ളത്; ഈ അധിക ബാധ്യത എങ്ങനെ കണ്ടെത്തുന്നതിനാണ് ആലോചിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പെൻഷൻ പരിഷ്കരണത്തിന് നിയോഗിച്ച രണ്ടംഗ കമ്മിറ്റിക്കായി ആകെ എത്ര തുകയാണ് ചെലവായത്; ഈ ചെലവ് സർക്കാരാണോ പെൻഷൻ ബോർഡാണോ വഹിച്ചതെന്ന് വിശദമാക്കുമോ;

(സി) പെൻഷൻ ഫണ്ട് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

## ഓൺലൈൻ ഭൂമി രജിസ്ട്രേഷൻ നടപടികളിലെ തടസ്സം

765 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ ഇടയ്ക്കിടെ മുടങ്ങുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) രജിസ്ട്രേഷൻ നടപടികളിൽ മുടക്കം നേരിട്ടിട്ടും ശാശ്വത പരിഹാരനടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ;

(സി) അടിയന്തര സാഹചര്യങ്ങളിൽ ഓഫ് ലൈനായി രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ സർക്കാരിന്റെ ഓൺലൈൻ സർവറിൽ രേഖപ്പെടുത്താറുണ്ടോ; വിശദമാക്കാമോ?

## രജിസ്ട്രേഷൻ വകുപ്പ് ആധുനികവൽക്കരണം

766 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പ് ആധുനികവൽക്കരിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഡോക്യുമെന്റ് ഡിജിറ്റൈസേഷൻ പദ്ധതി നടപ്പിലാക്കിയതുവഴി എന്തൊക്കെ സഹായങ്ങളാണ് എളുപ്പമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

## സംഘടനകളുടെ റജിസ്ട്രേഷൻ നടപടിക്രമങ്ങൾ

767 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ-

രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം സംഘടനകൾ രജിസ്റ്റർ ചെയ്യുന്നതിന് പാലിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) രജിസ്റ്റർ ചെയ്ത സംഘടനകളുടെ പ്രവർത്തന പരിധിയിൽ സംഘടനയുടെ പേരിനോട് സമാനമായ പേരുപയോഗിച്ച് ഏതെങ്കിലും വ്യക്തികൾ പണപ്പിരിവോ, മറ്റു പ്രവർത്തനങ്ങളോ നടത്തിയാൽ എന്ത് നിയമ നടപടികളാണ് അവർക്കെതിരെ സ്വീകരിക്കാൻ വ്യവസ്ഥയുള്ളത്; ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## സ്പെഷ്യൽ മാരേജ് ആക്ട് പ്രകാരമുള്ള വിവാഹ രജിസ്ട്രേഷൻ

768 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ മാരേജ് ആക്ട് പ്രകാരം വിവാഹിതരാവുന്നവർ നൽകേണ്ട അപേക്ഷയുടെ വിശദവിവരം നൽകാമോ; അപേക്ഷയിൽ നിർബന്ധമായും പൂരിപ്പിക്കേണ്ട ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വിവാഹശേഷം രജിസ്ട്രാർ നല്കുന്ന വിവാഹ സർട്ടിഫിക്കറ്റ് ഓൺലൈൻ ആയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രിന്റിംഗ് കോപ്പി ആയിട്ടാണോ കയ്യെഴുത്ത് സർട്ടിഫിക്കറ്റാണോ നൽകുന്നത്; വിശദാംശം നൽകാമോ;

(സി) ഇപ്രകാരം ലഭിച്ച സർട്ടിഫിക്കറ്റിൽ തെറ്റുകൾ പറ്റിയിട്ടുണ്ടെങ്കിൽ തിരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ഡി) സർട്ടിഫിക്കറ്റിലെ തെറ്റ് തിരുത്താൻ കോടതി വഴി അല്ലാതെ മറ്റു മാർഗ്ഗങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള മാർഗ്ഗം വകുപ്പ് മുഖേന ആരംഭിക്കുമോയെന്ന് വ്യക്തമാക്കാമോ?

## മൂല്യനിർണ്ണയ സാക്ഷ്യപത്രം

769 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1959-ലെ കേരള സ്റ്റാമ്പ് ആക്ടിലെ 28ബി വകുപ്പ് പ്രകാരം മൂല്യനിർണ്ണയ സാക്ഷ്യപത്രം തയ്യാറാക്കുന്നതിനായി വിശദമായ മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വകുപ്പ് പ്രകാരം നിലവിൽ ഏതുനിരക്കിലാണ് മൂല്യനിർണ്ണയ സാക്ഷ്യപത്രം തയ്യാറാക്കുന്നതെന്ന് വ്യക്തമാക്കാമോ? ഏതുവകുപ്പാണ് നിരക്കുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത സാക്ഷ്യപത്രം തയ്യാറാക്കുന്നതിന് വിവിധ സബ് രജിസ്ട്രാർ ഓഫീസുകളിൽ വ്യത്യസ്ത മാനദണ്ഡങ്ങളും വ്യത്യസ്ത നിരക്കുകളും സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സാക്ഷ്യപത്രം തയ്യാറാക്കുന്നതിന് യോഗ്യതയുള്ള അധികാരികളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

## രജിസ്ട്രേഷൻ വകുപ്പിന്റെ സെർവർ തകരാറുകൾ പരിഹരിക്കാൻ നടപടി

770 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. അബ്ദുൽ ഹമീദ് പി**
**ശ്രീ. യു.എ.ലത്തീഫ്**
**ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ നടപടികൾ സെർവർ തകരാറുമൂലം തടസ്സപ്പെടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ;

(ബി) രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിന്റെ വേഗത കുറയാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

## ഓൺലൈൻ സേവനങ്ങളിലെ അപാകത

771 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ നിന്ന് ലഭിക്കേണ്ട സേവനങ്ങൾക്ക് ഓൺലൈൻ അപേക്ഷയോടൊപ്പം ഓൺലൈൻ പേയ്മെന്റും ചെയ്താൽ അപേക്ഷയിലെ വിവരങ്ങളിൽ എന്തെങ്കിലും അപാകത സംഭവിച്ചാൽ അപേക്ഷ നിരസിക്കുന്നതോടൊപ്പം പേയ്മെന്റ് തുകയും നഷ്ടപ്പെടുന്ന സ്ഥിതി നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ രജിസ്ട്രേഷൻ വകുപ്പിൽ നിന്ന് ലഭിക്കേണ്ട സേവനങ്ങൾക്ക് ഓൺലൈൻ അപേക്ഷയും പേയ്മെന്റും നടത്തിയ എത്ര അപേക്ഷകളാണ് ഓൺ ലൈൻ അപേക്ഷയിൽ നൽകിയ വിവരങ്ങളിലെ തെറ്റുകൾ കാരണം നിരസിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; നിരസിക്കപ്പെട്ട അപേക്ഷകളിലൂടെ മതിയായ സേവനം ഉപഭോക്താവിന് നൽകാതെ എത്ര രൂപ സർക്കാരിന് ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) രജിസ്ട്രേഷൻ വകുപ്പിൽ നൽകുന്ന ഓൺലൈൻ അപേക്ഷകളിൽ എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ ആയത് തിരുത്തി നൽകുന്നതിന് അപേക്ഷകന് അവസരം നൽകും വിധം സോഫ്റ്റ്വെയറിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) രജിസ്ട്രേഷൻ വകുപ്പിൽ നിന്ന് സേവനം ലഭ്യമാകാതെ ഇത്തരത്തിൽ പൊതുജനങ്ങളുടെ പണം നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താൻ ഈ വിഷയത്തിൽ പരിശോധന നടത്തി ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾ

772 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും ആധുനികവല്ക്കരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## സബ് രജിസ്ട്രാർ ട്രെയിനിംഗ് സെന്റർ

773 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്താട്ടുകുളത്ത് സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന സബ് രജിസ്ട്രാർ ട്രെയിനിംഗ് സെന്റർ നിലവിൽ എവിടേക്കാണ് മാറ്റി സ്ഥാപിച്ചത് എന്നറിയിക്കാമോ; പ്രസ്തുത സ്ഥലത്ത് അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ട്രെയിനിംഗ് സെന്റർ കൂത്താട്ടുകുളത്ത് നിന്നും മാറ്റി സ്ഥാപിക്കാൻ ഇടയായതിന്റെ കാരണം അറിയിക്കുമോ;

(സി) പ്രസ്തുത സെന്റർ മാറ്റുന്നതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ ഐ.ജി.യുടെ അഭിപ്രായം എന്തായിരുന്നുവെന്ന് അറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ ഐ.ജി. സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനം മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ ഐ.ജി. സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം

774 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിൽ സ്മാർട്ട് സബ് രജിസ്ട്രാർ ഓഫീസുകൾ

775 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകൾ സ്മാർട്ട് സബ് രജിസ്ട്രാർ ഓഫീസുകളാക്കി അക്രെഡിറ്റേഷൻ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## വാടക കുടിശ്ശിക അനുവദിക്കാൻ നടപടി

776 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ സബ് രജിസ്റ്റാർ ഓഫിസ് കെട്ടിടത്തിന്റെ വാടക നിർണ്ണയിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവ് പ്രകാരമുള്ള റെന്റ് സർട്ടിഫിക്കറ്റ് മലപ്പുറം ജില്ലാ രജിസ്റ്റാർ ഓഫിസിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലായെങ്കിൽ ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കെട്ടിടത്തിന്റെ വാടക കുടിശ്ശിക അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിടനിർമ്മാണം

777 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണത്തിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ആവശ്യമായ ഭൂമി പഞ്ചായത്ത് വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പിനോട് അഭിപ്രായം ആരായാൻ 25.06.2022-ന് രജിസ്ട്രേഷൻ വകുപ്പ് റവന്യൂ വകുപ്പിന് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത കത്തിന് ലഭിച്ച മറുപടി വ്യക്തമാക്കാമോ;

(ഡി) പഞ്ചായത്ത് വകുപ്പിൽ നിന്നും ഭൂമി ലഭ്യമാക്കുവാൻ റവന്യൂ വകുപ്പിനോട് അഭിപ്രായം ആരായാൻ റവന്യൂ വകുപ്പിന് കത്ത് നൽകേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കെട്ടിട നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാക്കാൻ പഞ്ചായത്ത് വകുപ്പിന് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**<u>രജിസ്ട്രേഷൻ വകുപ്പിലെ അഴിമതി തടയുന്നതിന് നടപടി</u>**

778 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പ് അഴിമതി വിമുക്തമാക്കുന്നതിനും സാങ്കേതികവൽക്കരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കുമോ?

**<u>കായംകുളം മൾട്ടിപ്ലക്സ് തിയേറ്റർ നിർമ്മാണ പുരോഗതി</u>**

779 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഡി.സി. വഴി നിർമ്മിക്കുന്ന കായംകുളം മൾട്ടിപ്ലക്സ് തിയേറ്റർ നിർമ്മാണത്തിന്റെ നിലവിലുള്ള പുരോഗതി എന്തൊക്കെയാണ്;

(ബി) തിയേറ്റർ എന്നേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

**<u>കാസർഗോഡ് ജില്ലയിൽ രാഷ്ട്രകവി മഞ്ചേശ്വരം ഗോവിന്ദപൈ സ്മാരകം</u>**

780 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ രാഷ്ട്രകവി മഞ്ചേശ്വരം ഗോവിന്ദപൈ സ്മാരകത്തിന് ധനസഹായം നൽകണമെന്ന ഹർജി പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ ബുദ്ധിമുട്ടിലായിരിക്കുന്ന സാഹചര്യത്തിൽ സാമ്പത്തിക സഹായം അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ;

(സി) ഈ സ്ഥാപനത്തിന് കർണ്ണാടക സർക്കാർ എത്ര തുകയാണ് നൽകിവരുന്നത്; വ്യക്തമാക്കാമോ;

(ഡി) ഈ സ്ഥാപനത്തിന്റെ ഭരണസമിതി പുനഃസംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

## ചികിത്സാ സഹായം നൽകുന്നതിന് നടപടി

781 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് ചികിത്സാ സഹായം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) കിടപ്പ് രോഗികളായ അംഗങ്ങൾക്ക് സമയബന്ധിതമായി രേഖകൾ സമർപ്പിക്കാൻ കഴിഞ്ഞില്ലെന്ന കാരണത്താൽ ചികിത്സാ സഹായം നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം വ്യക്തികൾക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് ആവശ്യമായ ഇളവുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പൂവച്ചൽ ഖാദർ സ്മാരക പാർക്ക്

782 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കവിയും മലയാള ചലച്ചിത്രഗാന രചയിതാവുമായിരുന്ന പൂവച്ചൽ ഖാദറിന്റെ ജന്മദേശമായ പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ മിനിനഗർ- നക്രാംചിറ കുളം ആധുനികരീതിയിൽ നവീകരിച്ച് ഇതിനോട് ചേർന്ന് പൂവച്ചൽ ഖാദർ സ്മാരക പാർക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## സർക്കാർ തലത്തിലുള്ള പ്രസാധക വിഭാഗത്തിന്റെ പ്രവർത്തനം വിപുലമാക്കാൻ നടപടി

783 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക മാധ്യമങ്ങളുടെ വരവോടെ പുതിയ തലമുറയിൽ വായനാശീലം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പുസ്തകങ്ങളുടെ നിലവിലുണ്ടായിട്ടുള്ള വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് സർക്കാർ തലത്തിലുള്ള പ്രസാധക വിഭാഗത്തിന്റെ പ്രവർത്തനം വിപുലമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## തലശ്ശേരി നിയോജകമണ്ഡലത്തിലെ തെയ്യം കലാ അക്കാദമി

784 **ശ്രീ. എ.എൻ.ഷംസീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ തലശ്ശേരി നിയോജക മണ്ഡലത്തിലെ തെയ്യം കലാ അക്കാദമിയുടെ അടിസ്ഥാന സൗകര്യ

വികസനത്തിന് അനുവദിച്ച ഫണ്ടിന് ഭരണാനുമതി ലഭ്യമാക്കുന്നതു സംബന്ധിച്ച് നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## പി. കൃഷ്ണപിള്ള സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണം

785 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ നൂറനാട് സ്ഥാപിക്കുന്ന പി.കൃഷ്ണപിള്ള സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കുമോ; വിശദമാക്കുമോ?

## ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം നവീകരണം

786 **ശ്രീമതി.ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജകമണ്ഡലത്തിലെ ഇടപ്പള്ളിയിലുള്ള ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സാംസ്കാരിക കേന്ദ്രം നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

## ചെറായിയിലെ പണ്ഡിറ്റ് കറുപ്പൻ സ്മാരക മന്ദിരം

787 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ലെ ബജറ്റിൽ 60 ലക്ഷം രൂപ അടങ്കൽ തുകയുടെ 20% വകയിരുത്തിയിട്ടുള്ള, വൈപ്പിൻ നിയോജകമണ്ഡലത്തിലെ ചെറായിയിലെ പണ്ഡിറ്റ് കറുപ്പൻ സ്മാരക മന്ദിരത്തിന് അധിക തുകയ്ക്കുള്ള ഭരണാനുമതി ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത ഭരണാനുമതി എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ തുളു അക്കാദമി

788 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തുളു അക്കാദമിക്ക് സാമ്പത്തിക സഹായം അനുവദിക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ 2020-21, 2021-22 വർഷങ്ങളിൽ എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ;

(സി) സാമ്പത്തിക ബുദ്ധിമുട്ടുമൂലം പ്രസ്തുത സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ പറ്റാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം

അറിയിക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ ഭരണസമിതി പുനഃസംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

**<u>സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിയമനം</u>**

789 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിൽ പ്ലാൻ ഫണ്ട് ലഭിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ് ;

(ബി) അവിടെ ജോലിചെയ്യുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

(സി) ഇവരിൽ ദിവസവേതനക്കാർ, സ്ഥിരജീവനക്കാർ, ഇവരുടെ നിയമനരീതി എന്നിവ വിശദീകരിക്കാമോ;

(ഡി) നിയമനങ്ങളിൽ നിലവിലുള്ള സംവരണം പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

അംഗീകരിച്ച തീയതി: 16-08-2022
എ എം ബഷീർ ,
സെക്രട്ടറി

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].